"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ


| | | |
|---|---|---|
| *Vol. XXXVII* | *2009 June* | *No. 6* |
| വാർഷിക വരിസംഖ്യ 120 രൂപ, | | ഒറ്റപ്രതി 10 രൂപ |

# ഉള്ളടക്കം


സർക്കുലർ ........................................................ 421

സർക്കുലർ ........................................................ 425

ഇടയലേഖനം ........................................................ 433

രൂപതാ കച്ചേരി വാർത്തകൾ ........................................ 438

സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി ............. 449

സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി ........... 452

രൂപതാദിനം 2009 റിപ്പോർട്ട് ................................... 455

വിദ്യാഭ്യാസ സഹായനിധി ........................................ 458

Education Aid Fund & Effect ........................................ 462

COLLECTIONS FOR THE YEAR 2008 - 2009 ........................ 464

മതബോധനരംഗം ........................................................ 473

ചെറുപുഷ്പമിഷൻലീഗ് ........................................ 478

കെ. സി. വൈ. എം. ................................................ 487

കുടുംബപ്രേഷിതത്വം ................................................ 491

സിയോൻ വാർത്തകൾ ................................................ 494

വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 496

ജയിൽ മിനിസ്ട്രി ................................................ 497

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 498

ക്രിസ്റ്റീൻ വാർത്തകൾ ................................................ 500

സാമൂഹ്യ സേവനരംഗം ................................................ 501

റേഡിയോ മാറ്റൊലി ................................................ 509

അറിയിപ്പുകൾ ........................................................ 511

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 513

ബിഷപ്സ് പ്രോഗ്രാം ................................................ 514

# നവവൈദികർക്ക് ആശംസകൾ



## Rev. Fr. Alex (Jerry) Onampally

| | | |
|---|---|---|
| Date of Birth | : | 08-04-1982 |
| Date of Ordination | : | 15-04-2009 |
| Ordained at | : | St. Joseph's Church, Machikolly |
| Appointment | : | Asst.Vicar, St.Joseph's Cathedral Mananthavady |
| Feast Day | : | July 17 |

---



## Rev. Fr. Sebastian (Vinod) Pakkanikuzhiyil

| | | |
|---|---|---|
| Date of Birth | : | 08-02-1975 |
| Date of Ordination | : | 18-04-2009 |
| Ordained at | : | Mount Carmel Church, Thalapuzha |
| Appointment | : | Asst.Vicar, Holy Cross Forane Church, Nadavayal |
| Feast Day | : | January 20 |



# സർക്കുലർ

***Circular Letter No. 09/2009***
***Prot. No. 8066/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ, പ്രിയപ്പെട്ട കുട്ടികളേ,

ദീർഘമായ മധ്യവേനൽ അവധിക്കുശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ സ്കൂളുകളിലേയ്ക്കും മറ്റ് പഠനസ്ഥലങ്ങളിലേയ്ക്കും എത്തിക്കഴിഞ്ഞല്ലോ. ഈ അവധിക്കാലം നിങ്ങൾ ഫലപ്രദമായി ചെലവഴിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. പുതിയ സ്കൂൾ വർഷത്തിൽ നിങ്ങൾക്ക് ധാരാളം ദൈവാനുഗ്രഹങ്ങളും പഠനത്തിൽ ഉന്നത വിജയവും ആശംസിക്കുന്നു. ഇത്തരുണത്തിൽ നിങ്ങളുടെ ചിന്തയ്ക്കായി ഏതാനും കാര്യങ്ങൾ കുറിക്കുകയാണ്.

വിദ്യാഭ്യാസത്തിനയക്കുമ്പോൾ നിങ്ങളുടെ മാതാപിതാക്കൾക്ക് നിങ്ങളെപ്പറ്റി വലിയ സ്വപ്നങ്ങളും പ്രതീക്ഷകളുമുണ്ട്. നന്നായി പഠിച്ച് മിടുക്കരായി നല്ലൊരു ജോലി സമ്പാദിച്ച് നിങ്ങൾ സുഖമായി ജീവിക്കുന്നതാണ് അവർ സ്വപ്നം കാണുന്നത്. അതോടൊപ്പം അവർക്ക് പ്രായമാകുമ്പോൾ നിങ്ങൾ അവർക്ക് താങ്ങും തണലും ആകും എന്നുമവർ പ്രതീക്ഷിക്കുന്നു.

നിങ്ങളെക്കുറിച്ച് സമൂഹത്തിനും ചില പ്രതീക്ഷകളുണ്ട്. ഫീസ് കൊടുത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും സ്വാശ്രയ കോളേജുകളിലും പഠിക്കുമ്പോൾ പോലും നിങ്ങളുടെ പഠനത്തിനായി പൊതുസമൂഹം ചെലവാക്കുന്ന പണത്തിന്റേയും ഊർജ്ജത്തിന്റേയും സമയത്തിന്റേയും മുഴുവൻ ഭാരം നിങ്ങളുടെ മാതാപിതാക്കൾ വഹിക്കുന്നില്ല എന്നതാണ് സത്യം. പൊതുസമൂഹത്തിന്റെ നികുതിപ്പണം കൊണ്ട് മാത്രം നടത്തപ്പെടുന്ന സർക്കാർ സ്കൂളുകളിലും ഭാഗികമായി നികുതിപ്പണം ലഭ്യമാകുന്ന സ്വകാര്യ മേഖലയിലുള്ള എയിഡഡ് സ്കൂളുകളിലും പഠിക്കുന്നവരുടെ കാര്യത്തിൽ ഭാരം ഒട്ടും തന്നെ നിങ്ങൾ വഹിക്കുന്നില്ല. സമൂഹം ഈ പണം സർക്കാർ എന്ന സംവിധാനത്തിലൂടെ

മാത്രമായും അല്ലെങ്കിൽ രൂപത പോലുള്ള സന്നദ്ധസംവിധാനങ്ങൾ വഴിയും വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്നത് ഈ സമൂഹത്തെ ഭാവിയിൽ നയിക്കേണ്ടവരായ നിങ്ങൾ അതിന് ശരിയാം വണ്ണം പ്രാപ്തരാകണം എന്ന ലക്ഷ്യത്തോടെയാണ്. അതായത് കേവലം ഒരു ജോലി സമ്പാദിച്ച് നിങ്ങളുടെ കാര്യം മാത്രം നോക്കാനുള്ള ഒരു പദ്ധതിയല്ലത്. നിങ്ങൾ പഠിച്ച് മിടുക്കരായി ഈ സമൂഹത്തിന് നന്മയുണ്ടാകത്തക്ക വിധം ഭാവിയിൽ പ്രവർത്തിക്കണം എന്നതാണ് സമൂഹത്തിന്റെ പ്രതീക്ഷ. നിങ്ങളുടെ സ്വന്തം ഉന്നതി അതിന്റെ ഒരു ഭാഗം മാത്രമാണ്.

മാതാപിതാക്കളോടും സമൂഹത്തോടുമുള്ള ഈ ഉത്തരവാദിത്വം മറക്കുന്നവരാണ് പഠനത്തിൽ ശ്രദ്ധിക്കാതെ കക്ഷി രാഷ്ട്രീയം തുടങ്ങിയ പഠനേതര മേഖലകളിലേയ്ക്ക് വിദ്യാഭ്യാസകാലത്ത് ശ്രദ്ധ തിരിക്കുന്നത്. യഥാർത്ഥ രാഷ്ട്രീയം വിദ്യാർത്ഥികൾക്കടക്കം എല്ലാവർക്കും ആവശ്യമാണ്. ആ രാഷ്ട്രീയമാകട്ടെ രാഷ്ട്രത്തിന്റെ നന്മയാണ്. അതിന് കക്ഷി രാഷ്ട്രീയത്തിൽ പ്രവർത്തിക്കണമെന്നില്ല. കക്ഷിരാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നവരിൽ ഏതാനും പേർ പിന്നീട് അധികാരത്തിൽ എത്തിയെന്ന് വരാം. അതൊരു ന്യൂനപക്ഷം മാത്രമാണ്. അവർ അങ്ങനെ വരുന്നതാകട്ടെ ശരിയായ മാർഗ്ഗത്തിലൂടെ ആയിരിക്കുകയുമില്ല. ശരിയല്ലാത്ത മാർഗ്ഗത്തിലൂടെ അധികാരത്തിൽ എത്തുന്നവരുടെ ലക്ഷ്യം രാഷ്ട്രസേവനം ആയിരിക്കുകയില്ല എന്നത് വ്യക്തമാണല്ലോ. തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നവരിൽ പല തരത്തിലുള്ള കുറ്റവാളികൾ പോലും ഉണ്ടെന്ന് നാം പത്രങ്ങളിൽ വായിക്കുന്നുണ്ട്. കുറ്റവാളികളുടെ ലക്ഷ്യം ജനസേവനമല്ലല്ലോ. അതിനാൽ നല്ല രാഷ്ട്രീയ പ്രവർത്തകരാകാൻ ആഗ്രഹിക്കുന്നവർ പോലും ഇന്ന് ചെയ്യേണ്ടത് നന്നായി പഠിക്കുകയാണ്.

കക്ഷി രാഷ്ട്രീയത്തെപ്പറ്റി മുകളിൽ പറഞ്ഞുവല്ലോ. പാർട്ടികൾ അണികളെ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിങ്ങളേയും അവരുടെ പാർട്ടികളുടെ വിദ്യാർത്ഥി വിഭാഗത്തിൽ അംഗങ്ങളാക്കാൻ എല്ലാ അടവുകളും പ്രയോഗിക്കും. പണവും സ്ഥാനമാനങ്ങളും അക്രമം പ്രവർത്തിക്കാനുള്ള സാഹചര്യങ്ങളും എല്ലാം അവർ ചെയ്തു തരും. അവയുടെ ആകർഷണത്തിൽ പെട്ടുപോകാതിരിക്കാൻ നിങ്ങൾ സദാ ജാഗരൂകരായിരിക്കണം. കാരണം ഒരിക്കൽ ആ വലയിൽ വീണു കഴിഞ്ഞാൽ നിങ്ങൾക്ക് മോചനമുണ്ടാകുകയില്ല. അതുകൊണ്ട് രാഷ്ട്രീയം പഠിച്ച് വിലയിരുത്താൻ പ്രാപ്തിയായി കഴിഞ്ഞേ രാഷ്ട്രീയത്തിൽ താൽപ്പര്യമുള്ളവർ പോലും അതിലേയ്ക്ക് ഇറങ്ങിത്തിരിക്കാവൂ! രാജ്യ

സ്നേഹികളും ജനസേവനത്തിൽ താൽപ്പര്യമുള്ളവരുമായ ഉയർന്ന ചിന്തയും ധാർമ്മിക ബോധവുമുള്ള രാഷ്ട്രീയ നേതാക്കളെയാണ് രാഷ്ട്രത്തിന് ആവശ്യം. അല്ലാതെ ചെറുപ്പം മുതൽ രാഷ്ട്രീയത്തിന്റെ വൈകൃതങ്ങളിലൂടെ വളർന്നുവന്ന് നേതാക്കന്മാരായി മാറുന്നവരെയല്ല നമുക്കാവശ്യം എന്ന് കുട്ടികൾ മനസ്സിലാക്കണം.

നല്ല ഭാവിക്കായി നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ വിദ്യാഭ്യാസകാലത്ത് ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്നാമതായി പഠനത്തിലാണ് നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. പഠിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുന്നവർക്ക് അത് പിന്നീടൊരിക്കലും കിട്ടുകയില്ല. മാത്രമല്ല ചെറുപ്പകാലത്ത് പഠിക്കേണ്ട കാര്യങ്ങൾ പിന്നീട് പഠിക്കാനും സാധിക്കുകയില്ല.

അദ്ധ്യാപകരുമായി നല്ല ബന്ധം പുലർത്തുകയും അവരെ ബഹുമാനിക്കുകയും ചെയ്യുക എന്നതാണ് രണ്ടാമത്തെ കാര്യം. അവരുടെ അനുഗ്രഹം നിങ്ങളുടെ ഭാവിയ്ക്ക് അത്യന്താപേഷിതമാണ്. മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ ഇന്ന് അദ്ധ്യാപകർ വിദ്യാർത്ഥികളെ ശാരീരികമായി ശിക്ഷിക്കാറില്ല. മാതാപിതാക്കൾ തന്നെയും അത് ഇഷ്ടപ്പെടുന്നില്ല എന്നതാണ് വസ്തുത. ചെറിയ ശിക്ഷകൾ നിങ്ങൾക്ക് കിട്ടേണ്ടതായ ശിക്ഷണത്തിന്റെ ഭാഗമാണ് എന്ന് മനസിലാക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ നിങ്ങൾക്കും മാതാപിതാക്കൾക്കും ആശങ്ക ഉണ്ടാകുകയില്ല. ശിക്ഷണത്തിന്റെ അഭാവം നിങ്ങളുടെ ഭാവിസ്വഭാവത്തിൽ വികലതകൾ ഉണ്ടാക്കും എന്നും ഓർക്കേണ്ടതാണ്. വികലമായ സ്വഭാവത്തിന്റെ ഉടമകൾ സമൂഹത്തിനും ദോഷമേ ചെയ്യുകയുള്ളു. നിങ്ങളുടെ ഭാവി കുടുംബജീവിതത്തെയും അത് ദോഷകരമായി ബാധിയ്ക്കും. അതിനാൽ അധ്യാപകർ ശിക്ഷിയ്ക്കുമ്പോൾ അവർക്കെതിരെ നിങ്ങൾ മാതാപിതാക്കളോട് ചെന്ന് പരാതിപ്പെടുന്നതും മാതാപിതാക്കളോടൊത്ത് അധ്യാപകർക്കെതിരെ കുറ്റാരോപണം നടത്തുന്നതും ആശാസ്യമായ പ്രവണതയല്ല.

കേവലം അക്ഷരജ്ഞാനം മാത്രമല്ല വിദ്യാഭ്യാസം എന്ന് പറയുന്നത്. അക്ഷരജ്ഞാനത്തോടൊപ്പം ധാർമ്മികമായ മൂല്യങ്ങളും ഉൾക്കൊണ്ട വ്യക്തികളെയാണ് വിദ്യാസമ്പന്നർ എന്ന് വിളിക്കുന്നത്. തീവ്രവാദ സംഘടനകളിലും മറ്റും പ്രവർത്തിക്കുകയും മറ്റുള്ളവരെ ബോംബ് വച്ചും മറ്റും കൊല്ലുകയും ചെയ്യുന്നവർ അക്ഷരജ്ഞാനമുള്ളവരെങ്കിലും വിദ്യാസമ്പന്നർ എന്ന് വിളിയ്ക്കപ്പെടാൻ യോഗ്യരല്ല. അതുപോലെ ധാരാളം ഡിഗ്രികളും മറ്റും കരസ്ഥമാക്കുകയും ഉന്നത

ജോലികൾ നേടുകയും ചെയ്തവർ പോലും സ്വന്തം മാതാപിതാക്കളെ ഉപേക്ഷിക്കുന്ന പ്രവണത കാണുന്നുണ്ട്. ആ മനുഷ്യരും വിദ്യാസമ്പന്നർ അല്ല എന്നു വേണം പറയാൻ. ധാരാളം സ്വത്തുണ്ടെങ്കിലും അതിൽ നിന്ന് ഒരംശം പോലും മറ്റുള്ളവരുമായി പങ്കു വയ്ക്കാൻ തയ്യാറല്ലാത്തവരും വിദ്യാസമ്പന്നരല്ല. കാരണം ഇക്കൂട്ടരൊന്നും മാനുഷികമായ ധാർമ്മികഗുണങ്ങൾ ആർജ്ജിച്ചിട്ടില്ല. നിങ്ങളുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അക്ഷരജ്ഞാനം നേടുന്നതോടൊപ്പം മാനുഷികമായ ധാർമ്മികഗുണങ്ങൾ ആർജ്ജിക്കുക കൂടിയാണ്.

ഒരു പക്ഷേ അവർ പറയാത്തതും അത്രയധികം ചിന്തിക്കാത്തതുമായ ഒരു കാര്യം നിങ്ങളെ ഓർമ്മപ്പെടുത്താൻ ഞാനും ആഗ്രഹിക്കുന്നു. നിങ്ങൾക്ക് നിങ്ങളുടെ ചുറ്റുമുള്ള സമൂഹത്തോടുള്ള കടപ്പാടിനെപ്പറ്റിയാണത്. നിങ്ങൾ പണം കൊടുത്തിട്ടായിരിക്കാം പഠിക്കുന്നത്. പഠിപ്പിക്കുന്നവർ ശമ്പളവും പറ്റുന്നുണ്ട്. എങ്കിലും നമ്മൾ കടയിൽ ചെന്ന് വിലകൊടുത്ത് ഒരു സാധനം വാങ്ങുമ്പോഴുണ്ടാകുന്ന മനോഭാവമല്ല വിദ്യാഭ്യാസത്തിൽ നിങ്ങൾക്കുണ്ടായിരിക്കേണ്ടത്. കാരണം നിങ്ങളെ നിങ്ങളാക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും ആണവർ. നിങ്ങൾക്ക് ആ സ്ഥാപനങ്ങളോടും അദ്ധ്യാപകരോടും സ്കൂൾ നടത്തുന്നവരോടും എന്നും നന്ദി ഉണ്ടായിരിക്കണം. ആ നന്ദി എങ്ങനെയാണ് പ്രാവർത്തികമാക്കുക? അതിന് പ്രധാനമായി നിങ്ങൾ ചെയ്യേണ്ടത് നിങ്ങളുടെ അദ്ധ്യാപകരെ ദൈവതുല്യം ബഹുമാനിക്കുക എന്നതാണ്. അധ്യാപകരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നവർക്ക് ദൈവകൃപ കൂടുതലായി ഉണ്ടാകും എന്നത് നിസ്സംശയമാണ്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ. മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 മെയ് മാസം 6-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2009 ജൂൺ മാസം 7-ാം തീയതി കുട്ടികളുടെ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

## ബൈബിൾ ഞായർ – 2009

"ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ"
(കൊളോ 3:16)

### കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവായ യേശുവിൽ പ്രിയപ്പെട്ടവരേ,

ഈ വർഷത്തെ ബൈബിൾ ഞായർ ജൂൺ 21-ാം തീയതി നാം ആഘോഷിക്കുകയാണ്. അതിന് ഒരുക്കമായി ജൂൺ 15 മുതൽ 20 വരെ തീയതികളിൽ ബൈബിൾ വാരമായും ആചരിക്കുന്നു.

ഈ വർഷത്തെ ബൈബിൾ ഞായറിന്റെയും ബൈബിൾ വാരത്തിന്റെയും മുഖ്യവിഷയമായി സ്വീകരിച്ചിരിക്കുന്നത് 'പുരോഹിതർ ദൈവവചന വ്യാഖ്യാനശുശ്രൂഷയ്ക്ക്' എന്നതാണ്. ജ്ഞാനസ്നാനം വഴി ക്രൈസ്തവനും തിരുപ്പട്ടംവഴി പുരോഹിതനും തങ്ങൾക്ക് ലഭിച്ച സവിശേഷാധികാരത്താൽ ദൈവവചനത്തിന്റെ വ്യാഖ്യാതാക്കൾ ആകേണ്ടവരാണ്.

ഈ വിഷയം സ്വീകരിക്കുന്നതിനു പ്രേരിപ്പിച്ച പശ്ചാത്തലത്തിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കട്ടെ. 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ സാർവ്വത്രികസഭ പൗരോഹിത്യ വർഷമായി ആചരിക്കുകയാണ്. പുരോഹിതരുടെ മധ്യസ്ഥനായ ആർസിലെ വി. ജോൺ മരിയ വിയാനിയുടെ 150-ാം ചരമവാർഷികം പ്രമാണിച്ചാണ് ബെനഡിക്ട് 16-ാമൻ മാർപാപ്പ സാർവ്വത്രികസഭ പൗരോഹിത്യവർഷമായി ആചരിക്കണമെന്ന് പ്രഖ്യാപിച്ചത്. ഈ പശ്ചാത്തലത്തിൽ പൗരോഹിത്യ ശുശ്രൂഷയ്ക്ക് നിയുക്തരായവരുടെ പ്രഥമപ്രധാനദൗത്യമായ ദൈവവചനവ്യാഖ്യാന - പ്രഘോഷണ ചുമതലയെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കുമല്ലോ. ആഗോളസഭ പൗരോഹിത്യവർഷത്തിന്റെ ചിന്താവിഷയമായി എടുത്തിരിക്കുന്നത് 'ക്രിസ്തുവിന്റെ വിശ്വസ്തതയും പുരോഹിതരുടെ വിശ്വസ്തതയും' എന്നതാണ്. പുരോഹിതർ വളരെ

വിശ്വസ്തതയോടെ നിർവഹിക്കേണ്ട ഒരു ദൗത്യമാണ് നാമിവിടെ വിചിന്തനം ചെയ്യുന്നത്.

കൂടാതെ, ഏറ്റവും വലിയ വചനപ്രഘോഷകനായ വി. പൗലോസിന്റെ 2000–ാം ജന്മദിനം സമുചിതമായി അനുസ്മരിക്കുവാൻ ബെനഡിക്ട് 16–ാമൻ മാർപാപ്പ പ്രഖ്യാപിച്ച പൗലോസിന്റെ വർഷം ജൂൺ മാസം 27–ാം തീയതി അവസാനിക്കുകയുമാണല്ലോ. വചനത്തിന്റെ ശക്തിയും മാധുര്യവും മനസ്സിലാക്കി സുവിശേഷ പ്രഘോഷണത്തിനായി ജീവിതം സമർപ്പിച്ച പൗലോസിന്റെ മാതൃകയോടു ചേർത്ത് വിചിന്തനം നടത്തുന്നത് സന്ദർഭോചിതം തന്നെ.

പ്രേഷിത തീക്ഷ്ണതയാൽ ജ്വലിച്ച പൗലോസിന്റെ സുവിശേഷ പ്രസംഗങ്ങളുടെയെല്ലാം കേന്ദ്രാശയം ക്രിസ്തുവും ക്രിസ്തുവിലൂടെയുള്ള മനുഷ്യരക്ഷയുമാണ്. ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ സഭാപീഢകനായിരുന്ന പൗലോസ്, ക്രമാനുഗതമായി യേശുക്രിസ്തുവിനെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം ആർജ്ജിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ സഭാസമൂഹങ്ങളെ കെട്ടിപ്പടുത്തു. നസ്രത്തിലെ യേശു ഉത്ഥിതനായ ക്രിസ്തുവാണെന്ന് പൗലോസ് മനസ്സിലാക്കിയത് ഡമാസ്ക്കസിലേക്കുള്ള യാത്രയിലുണ്ടായ മാനസാന്തരാനുഭവത്തിൽ നിന്നാണ്. അനന്തരം അറേബ്യയിലും ജറൂസലേമിലും താർസൂസിലും യേശുവിനെക്കുറിച്ചുള്ള പഠനത്തിൽ അദ്ദേഹം ചെലവഴിച്ചു. ഈ സന്ദർഭത്തിലാണ് അദ്ദേഹം പത്രോസിനെയും മറ്റ് അപ്പസ്തോലൻമാരെയും കണ്ടുമുട്ടുന്നത്. പഴയ നിയമത്തിൽ പ്രവചിക്കപ്പെട്ട മിശിഹായെ യേശുവിൽ കണ്ടുമുട്ടിയ പൗലോസ്, റോമിൽ A.D. 68–ൽ രക്തസാക്ഷിത്വം വരിക്കുന്നതുവരെ ക്രിസ്തുവിന്റെ അപ്പസ്തോലനെന്ന നിലയിൽ തീക്ഷണതയോടെ പ്രവർത്തിച്ചു. അന്ത്യഘട്ടമെത്തിയപ്പോൾ യേശു ഇന്നലെയും ഇന്നും എന്നും ജീവിക്കുന്ന ആദിയും അന്തവുമായ ക്രിസ്തുവാണെന്ന് പൗലോസ് പൂർണ്ണമായും അനുഭവിച്ചറിഞ്ഞു. ക്രൂശിതനായ യേശുവിനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നും പ്രസംഗിക്കേണ്ടതില്ലെന്നും പൗലോസ് തീരുമാനിച്ചു. (1കൊറി 1:23, 2:2).

പൗലോസിന്റെ ദൈവശാസ്ത്രമനുസരിച്ച് സഭയെക്കുറിച്ചുള്ള ജ്ഞാനമില്ലാതെ ദൈവപുത്രനായ ക്രിസ്തുവിനെ അറിയുക സാധ്യമല്ല. സഭ അദ്ദേഹത്തിന് ആത്മീയ വ്യക്തിത്വമുള്ള വിശ്വാസികളുടെ സമൂഹമാണ്. മറ്റു സംഘങ്ങളിൽനിന്നും സമ്മേളനങ്ങളിൽനിന്നും സഭയെ വ്യതിരിക്തമാക്കുന്ന ഘടകം അതിന്റെ ക്രിസ്ത്വാനുകരണമാണ്. അനുകരണത്തിലൂടെ ആത്മീയ നന്മകളിലുള്ള ഭാഗഭാഗിത്വം

തുടരുന്നു. സഭയിൽ രൂപപ്പെട്ട ബൈബിളിന്റെ സംരക്ഷകയും വ്യാഖ്യാതാവും സഭ തന്നെയാണ്. വി. ഗ്രന്ഥം ആധികാരികമായി വ്യാഖ്യാനിക്കാനുള്ള അധികാരം സഭയുടെ പ്രബോധനാധികാരത്തി (Magisterium) നാണ്.

ക്രിസ്തുവിന്റെ തുടർച്ചയായ സഭയിൽ ക്രിസ്തുവിന്റെ ദൗത്യം നിർവഹിക്കുവാൻ അപ്പസ്തോലൻമാരും അജപാലകരും, മൂപ്പന്മാരും, ഡീക്കന്മാരുമെല്ലാം ആദിമസഭാകാലഘട്ടത്തിൽ തന്നെ നിയോഗിക്കപ്പെടുന്നുണ്ട്. 'ഞങ്ങൾ ദൈവവചനശുശ്രൂഷയിൽ ഉപേക്ഷകാണിച്ച് ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല' (അപ്പ 6:2) എന്ന് വിധിയെഴുതിയ അപ്പസ്തോലന്മാരെയാണ് ആദിമസഭയിൽ നാം കാണുക.

ദൈവവചനശുശ്രൂഷ ആദിമസഭയിലെന്നപോലെ ഇന്നും പുരോഹിതരുടെ ദൗത്യനിർവഹണത്തിന്റെ അവിഭാജ്യഘടകമാണ്. ക്രൈസ്തവസന്ദേശം സ്വീകരിക്കാൻ ക്ഷണിക്കപ്പെടുന്നവർക്ക് ശരിയായ രീതിയിൽ വി.ഗ്രന്ഥം വ്യാഖ്യാനിച്ചുകൊടുക്കുക പൗരോഹിത്യ ധർമ്മാനുഷ്ഠാനത്തിന്റെ ഭാഗമാണ്. ജറൂസലേമിൽ ആരാധിക്കാൻ പോയിട്ടു തിരിച്ചു വരികയായിരുന്ന എത്യോപ്യാക്കാരൻ ഏശയ്യായുടെ പ്രവചനം വായിക്കുന്നതുകേട്ട്, അവന്റെ രഥത്തെ സമീപിച്ച പീലിപ്പോസ് ചോദിച്ചു: 'വായിക്കുന്നത് നിനക്ക് മനസ്സിലാകുന്നുണ്ടോ?' 'ആരെങ്കിലും വ്യാഖ്യാനിച്ചുതരാതെ എങ്ങനെയാണു ഞാൻ മനസ്സിലാക്കുക' എന്ന എത്യോപ്യാക്കാരന്റെ മറുപടി വി.ഗ്രന്ഥം വായിക്കുന്ന ഓരോ സാധാരണക്കാരന്റെയും മനോവികാരമാണ്.

പൗരോഹിത്യ ശുശ്രൂഷയുടെ ദൗത്യശ്രേണിയിലെ പ്രഥമസ്ഥാനം ദൈവവചന പ്രഘോഷണത്തിനായിരിക്കണം. വി. പൗലോസ് എഴുതുന്നു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കൊറി 9:16). ദൈവവചനം ഒഴിവാക്കിയുള്ള സഭാജീവിതമില്ല. ഇന്ന് എല്ലാ ക്രൈസ്തവ ഭവനങ്ങളിലും സ്വന്തമായൊരു ബൈബിൾ ഉണ്ടെന്നുതന്നെ പറയാം. മാത്രവുമല്ല, ദൈവവചനത്തിനായി ദാഹിക്കുന്ന ദൈവജനമാണ് നമുക്കു ചുറ്റുമുള്ളത്. വിശ്വാസത്തിനു വിരുദ്ധമായി നൽകുന്ന ദുർവ്യാഖ്യാനം കേൾക്കാൻവരെ തയ്യാറാവുന്നതാണ് ദൈവവചനത്തിനായുള്ള ഈ ദാഹം. വി. ലിഖിതങ്ങളെ സമീപിക്കുന്നതിന് നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട ഇച്ഛാശക്തിയും സങ്കേതങ്ങളും നഷ്ടപ്പെട്ട ഒരവസ്ഥയും ഇന്നുണ്ട്. സ്വന്തമായ ഭാഷയിൽ ദൈവവചനം വായിച്ചു കേട്ടാലും അതിന്റെ ശരിയായ അർത്ഥവും സന്ദേശവും ഉൾക്കൊള്ളുന്നതിന് അത് വ്യാഖ്യാനിച്ചു നൽകേണ്ടതാണ്. അപ്പോൾ പരിശുദ്ധാരൂപി ഉദ്ദേശിക്കുന്ന സന്ദേശം വചനം കേൾക്കുന്നവർക്ക് ഹൃദ്വിസ്ഥമാകും.

വി. ഗ്രന്ഥവ്യാഖ്യാനത്തിന് രണ്ടാം വത്തിക്കാൻ കൗൺസിലും കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥവും നമുക്ക് മാർഗ്ഗരേഖ കൾ നൽകുന്നുണ്ട്. ചരിത്രപരമായ വസ്തുത ക്രൈസ്തവവിശ്വാസ ത്തിന്റെ അടിസ്ഥാനപരമായ മാനമാണ്. രക്ഷാകരചരിത്രം ഒരു കെട്ടു കഥയല്ല, യഥാർത്ഥ ചരിത്രമാണ്. യോഹ 1:14–ലെ "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു" എന്ന വചനത്തിലൂടെ രൂപീകൃതമായ ക്രൈസ്തവതത്വത്തിന്റെ ഫലമാണ് ഈ ആവശ്യം. ദൈവം നസ്ര ത്തിലെ യേശുവിൽ മനുഷ്യനായി എന്നത് ചരിത്രപരമായ ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ഈ ചരിത്രത്തിന് മറ്റൊരു മാനമുണ്ട്. അത് ദൈവിക ഇടപെടലാണ്. അതുകൊണ്ട് ഒരേ സമയം മാനുഷികവും ദൈവികവുമായ വചനത്തിന്റെ ശരിയായ വ്യാഖ്യാനത്തിന് രണ്ടാമതൊരു വ്യാഖ്യാനതലം കൂടിയുണ്ടെന്ന് *ദൈവാവിഷ്കരണം* എന്ന വത്തിക്കാൻ കൗൺസിൽ ഡിക്രി പറയുന്നു.

എഴുതപ്പെട്ട വചനം പുരോഹിതർ, എഴുതപ്പെട്ട അരൂപിയാലാ വണം വ്യാഖ്യാനിക്കേണ്ടത്. ഇത് വ്യാഖ്യാനത്തിനുള്ള അടിസ്ഥാനപ രമായ പ്രമാണമാണ്. സഭയിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കു ന്നതും വിശുദ്ധരെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതും വി. ഗ്രന്ഥരചയിതാ ക്കളെ പ്രചോദിപ്പിച്ചതുമായ അതേ ആത്മാവു തന്നെയാണ് വി. ഗ്രന്ഥം വ്യാഖ്യാനിക്കുന്ന പുരോഹിതരുടെ ഹൃദയത്തോടും സംസാരിക്കുന്നത്. അതുകൊണ്ട് ബൈബിളിന്റെ ദൈവികവും പരിശുദ്ധാത്മപരവുമായ മാനങ്ങൾ ശരിക്കും കണക്കിലെടുത്തുള്ള വ്യാഖ്യാനത്തിന് മൂന്ന് അടി സ്ഥാന ഘടകങ്ങൾ ഉണ്ടാവണം.

1. വി. ഗ്രന്ഥത്തിന്റെ ആകമാനമുള്ള സമ്പൂർണ്ണതയും യോജിപ്പും കണ ക്കിലെടുത്താണ് ഓരോ ഭാഗവും വ്യാഖ്യാനിക്കേണ്ടത്. ഈ രീതിയെ യാണ് ഇക്കാലത്ത് കാനോനിക്കൽ വ്യാഖ്യാനം എന്നു വിളിക്കുന്നത്.
2. സഭയുടെ ജീവിക്കുന്ന പാരമ്പര്യം കണക്കിലെടുക്കണം.
3. വിശ്വാസവുമായുള്ള പൊരുത്തം പരിഗണിക്കണം.

വ്യാഖ്യാനങ്ങളുടെ ഈ മൂന്നു ഘടകങ്ങൾ പ്രകടമാക്കുന്ന വ്യാഖ്യാനത്തെ മാത്രമാണ് പുസ്തകത്തിനുചേർന്ന വ്യാഖ്യാനമെന്നു വിളിക്കാനാവുന്നത്.

ബൈബിൾ വ്യാഖ്യാനത്തിൽ ഈ മൂന്നു തലങ്ങളുടെ അസാ ന്നിധ്യം സൃഷ്ടിക്കുന്ന ന്യൂനതകൾ വളരെ പ്രത്യാഘാതങ്ങൾ സൃഷ്ടി ക്കുന്നുണ്ട്. പലപ്പോഴും പ്രാരംഭതലത്തിൽ നിന്നുകൊണ്ടു മാത്രം വ്യാഖ്യാനിക്കുമ്പോൾ ബൈബിൾ വെറും ചരിത്രപുസ്തകമായി വായി

ക്കപ്പെടുന്നു. ഇവിടെ ബൈബിൾ ഭൂതകാലചരിത്രമായിമാത്രം നില നിൽക്കുന്നു. എന്നാൽ ബൈബിളിനെ കേവലം ചരിത്രം വിവരിക്കുന്ന ഒന്നായിമാത്രം കരുതാതെ, അതിൽനിന്ന് രക്ഷാകരവും ധാർമ്മികവുമായ സന്ദേശങ്ങൾകൂടി ഉൾക്കൊള്ളുന്ന ജീവൽഗ്രന്ഥമായി കാണാൻ സാധിക്കണം.

മറ്റൊരു പ്രശ്നം ചരിത്രസംഭവങ്ങളെല്ലാം വെറും മാനുഷികം മാത്രമായി കണക്കാക്കപ്പെടുന്നു എന്നതാണ്. വിശ്വാസപരമായ വ്യാഖ്യാനം അപ്രത്യക്ഷമാകുന്നു. മാനവചരിത്രത്തിൽ ദൈവീകത പ്രത്യക്ഷപ്പെടുന്നില്ല. അല്ലെങ്കിൽ ദൈവിക ഘടകങ്ങളുടെ ചരിത്രപരത നിഷേധിക്കുന്ന വ്യാഖ്യാനമായി ഇതു പരിണമിക്കുന്നു. ഉദാഹരണമായി ചിലർ ക്രിസ്തു വി. കുർബാന സ്ഥാപിച്ചതിനെ നിഷേധിക്കുന്നു. വിശ്വാസത്തിന്റെ വ്യാഖ്യാനം ഇല്ലാതാകുന്നതിന്റെ ഫലമാണിത്. ഇത് ചരിത്രത്തിലെ ദൈവത്തിന്റെ ഇടപെടലും സാന്നിധ്യവും നിഷേധിക്കുന്ന ദൈവദൂഷണപരമായ ദാർശനിക വ്യാഖ്യാനങ്ങൾക്ക് ഇടനൽകുന്നു. അതുകൊണ്ട് സഭയുടെ ജീവിതത്തിനും ദൗത്യത്തിനും വിശ്വാസത്തിന്റെ ഭാവിക്കും വ്യാഖ്യാനം വി. ഗ്രന്ഥപരമായ വ്യാഖ്യാനമാകണം. അത് സുവിശേഷപ്രസംഗങ്ങളുടെ അടിത്തറയാകണം.

പുരോഹിതരുടെ സുവിശേഷപ്രസംഗങ്ങളും വ്യാഖ്യാനങ്ങളും ഈ മൂന്നു ഘടകങ്ങൾ ഉൾക്കൊള്ളുന്നതാകണം. മിക്ക വിശ്വാസികൾക്കും ദൈവവചനവുമായുള്ള ഏക സമ്പർക്കബിന്ദു ഞായറാഴ്ച ദിവ്യബലിമധ്യേയുള്ള സുവിശേഷപ്രസംഗമാണ്. ദൈവവചനത്തിന്റെ വ്യാഖ്യാനം പുരോഹിതർ എത്രമാത്രം വിശ്വസ്തതയോടെയും ഗൗരവബോധത്തോടെയും നിർവ്വഹിക്കണമെന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു. വി. ലിഖിതങ്ങളെക്കുറിച്ചുള്ള ജ്ഞാനം വിശ്വാസത്താൽ നയിക്കപ്പെടണം. 'വിശ്വാസം കേൾവിയിൽനിന്നും കേൾവി ക്രിസ്തുവിനെപ്പറ്റിയുള്ള പ്രസംഗത്തിൽനിന്നുമാണ്' (റോമ 10:17). ഏതൊരു ബൈബിൾ ഭാഗവും വായിക്കപ്പെടുന്നത് വി. ലിഖിതത്തിന്റെ ആന്തരിക ഐക്യത്തിന്റെ പശ്ചാത്തലത്തിൽ ആയിരിക്കണം. കേവല വിജ്ഞാനത്തിൽ ബൈബിൾ വായന അവസാനിക്കരുത്. അത് മാനസാന്തരത്തിനും മനഃസാക്ഷി രൂപവത്ക്കരണത്തിനുമുള്ള ഒരു വിളിയാണ്.

വ്യാഖ്യാനത്തിന്റെ ഈ മൂന്നു ഘടകങ്ങളോടൊപ്പം നാലാമതൊരു ഘടകംകൂടി ചേർക്കാനാഗ്രഹിക്കുന്നു. വി. ഗ്രന്ഥവ്യാഖ്യാനം നമ്മെ പ്രാർത്ഥനയിലേക്കും പ്രവൃത്തിയിലേക്കും നയിക്കണം. വി. അഗസ്തീനോസിന്റെ വാക്കുകളനുസരിച്ച് 'ഏതൊരുവൻ വി. ഗ്രന്ഥങ്ങളോ

അവയുടെ ഏതെങ്കിലും ഭാഗമോ മനസ്സിലാക്കുന്നുവെന്ന് ചിന്തിക്കുകയും എന്നാൽ ദൈവത്തോടും സഹോദരനോടുമുള്ള ബഹുമുഖ സ്നേഹത്തെ പടുത്തുയർത്തുന്നതിലേയ്ക്ക് നയിക്കാതെ അതിനെ വ്യാഖ്യാനിക്കുകയും ചെയ്താൽ അവയെ അവൻ മനസ്സിലാക്കേണ്ട വിധം ഗ്രഹിക്കുന്നില്ല.' ദൈവവചനം വെറുതെ വായിക്കാനോ സംസാരിക്കാനോ മാത്രമുള്ളതല്ല. മറിച്ച് പ്രവർത്തിക്കാനുള്ള ക്ഷണവും (ലൂക്ക 8:21) അടങ്ങിയതാണ്. വചനവായന നവജീവിതം സ്വീകരിക്കാൻ വിശ്വാസികളെ പ്രാപ്തമാക്കണം. പ്രായോഗിക തീരുമാനമെടുക്കാൻ കരുത്തുള്ളവരാക്കണം. ശ്രവിക്കപ്പെട്ട വചനം ഹൃദയത്തിലെത്തുകയും മാനസാന്തരം ഉളവാക്കുകയും ജീവിതത്തിന്റെ നിയമമായിത്തീരുകയും ചെയ്തില്ലെങ്കിൽ അത് സ്വീകരിക്കപ്പെട്ടിട്ടില്ല. എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും എന്നാണ് യേശു അരുളിചെയ്യുന്നത്. കൂടാതെ വി. ഗ്രന്ഥത്തിലൂടെ നമ്മോടു സംസാരിക്കുന്ന ക്രിസ്തുവിനുള്ള പ്രത്യുത്തരമായി അത് നമ്മെ പ്രാർത്ഥനയിലേയ്ക്കും നയിക്കണം.

ബൈബിൾ വായിക്കുന്നതിനും അത് ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും വിവിധ രീതികൾ കേരള സഭ സംവിധാനം ചെയ്തിട്ടുണ്ട്. പി.ഒ.സി. കേന്ദ്രമായി പ്രവർത്തിക്കുന്ന കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഓഫീസുമായോ രൂപതാ ബൈബിൾ അപ്പസ്തോലേറ്റുമായോ ബന്ധപ്പെട്ട് ഈ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കമ്പ്യൂട്ടറും ഇന്റർനെറ്റും നമ്മുടെ കാലഘട്ടത്തിൽ ആശയവിനിമയ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ദൈവം ഉദ്ദേശിക്കുന്ന രീതിയിൽ ദൈവവചനം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കണമെങ്കിൽ ഈ പുതിയ വാർത്താവിനിമയ സാങ്കേതികവിദ്യയിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ അവഗണിക്കാൻ നമുക്ക് കഴിയുകയില്ല. ദൈവവചനത്തിന് ഇത് തുറക്കുന്ന സാധ്യതകൾ അനന്തമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് ദൈവവചനം മലയാളത്തിൽ വായിക്കുന്നത് എളുപ്പത്തിൽ ലഭ്യമാക്കാൻ www.pocbible.com എന്ന പേരിൽ ഒരു വെബ്സൈറ്റ് ഉണ്ടെന്ന കാര്യം അറിയിക്കട്ടെ. ദൈവവചനം വീട്ടിലിരുന്ന് പഠിക്കുന്നതിന് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ വർഷങ്ങളായി നടക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ബെനഡിക്ട് 16-ാമൻ മാർപാപ്പാ വി. ഗ്രന്ഥപഠനത്തിന് ഊന്നൽ നൽകി അവ

തരിപ്പിക്കുന്ന ഫലപ്രദമായ ഒരു രീതിയാണ് ദിവ്യവായനയെന്ന് തർജ്ജമ ചെയ്യാവുന്ന Lectio Divina. വി. ഗ്രന്ഥത്തിന്റെ വായനയിലേക്കും, വ്യാഖ്യാനത്തിലേയ്ക്കും സന്ദേശങ്ങൾ പ്രവർത്തിപഥത്തിലേയ്ക്കും പ്രാർത്ഥനയിലേയ്ക്കും നയിക്കുന്ന 'ദിവ്യവായന'യെ പരിചയപ്പെടുത്തുന്ന, ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച 'ദൈവവചനവും ദിവ്യവായനയും' എന്ന പുസ്തകത്തിലേക്കും നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്.

ബൈബിൾ വാരത്തിൽ നമ്മുടെ ദേവാലയങ്ങളിലും കുടുംബങ്ങളിലും ഉപയോഗിക്കേണ്ട വായനകളും വിചിന്തനങ്ങളും പ്രാർത്ഥനകളുമടങ്ങിയ ലഘുലേഖ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് കേന്ദ്രങ്ങളിൽനിന്ന് അവ ലഭ്യമാണ്. ബൈബിൾ വാരത്തിലെ എല്ലാ ദിവസവും ദേവാലയങ്ങളിൽ ദിവ്യബലിയർപ്പണത്തിനുശേഷം വിശ്വാസികൾ ചേർന്നും കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനയിൽ കുടുംബാംഗങ്ങളൊന്നിച്ചും ബൈബിൾ വായിക്കാനും പ്രാർത്ഥിക്കാനും അവ ഉപയോഗിക്കണം. ബൈബിൾ ഞായറിനോടനുബന്ധിച്ച് ബൈബിൾ ശുശ്രൂഷ, പ്രഭാഷണങ്ങൾ, റാലി, ക്ലാസുകൾ, കലാസാഹിത്യമത്സരങ്ങൾ, പ്രദർശനങ്ങൾ, വീടുകളിൽ ബൈബിൾ പ്രതിഷ്ഠകൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റിനുംവേണ്ടി ബൈബിൾ ഞായറാഴ്ച ഓരോ ഇടവകയിലും നടത്തുന്ന പിരിവ് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരളസഭയിലെ അൽമായ പങ്കാളിത്തത്തോടെയുള്ള ബൈബിൾ പ്രഘോഷണ പ്രചരണ വേദിയായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ കഴിയുന്നിടത്തോളം പേർ അംഗത്വമെടുക്കണം. 'ഓരോ ഭവനത്തിനും ഒരു ബൈബിൾ' എന്ന പദ്ധതിപ്രകാരം കേരള കാത്തലിക് ബൈബിൾ സൊസൈറ്റി 22 ലക്ഷം രൂപ കഴിഞ്ഞ ദൈവവചന വർഷത്തിൽ ബൈബിൾ സബ്സിഡി നൽകുവാനായി ചെലവഴിച്ചു. 3,85000 പേർ പങ്കെടുത്ത ലോഗോസ് ക്വിസ്, ബൈബിൾ വിതരണം, ബൈബിൾ പഠനപുസ്തകങ്ങളുടെ പ്രസിദ്ധീകരണം തുടങ്ങിയവയ്ക്കും നേതൃത്വം നൽകുന്ന കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയ്ക്കും തുടർന്നും കൂടുതൽ സജീവത്വത്തോടുകൂടി പ്രവർത്തിക്കുന്നതിന് നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും സംഭാവനകളും നൽകണമെന്ന്

അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകളും കേരളകാത്തലിക് ബൈബിൾ സൊസൈറ്റി അംഗത്വഫീസും 'സെക്രട്ടറി, കേരളകാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി. പാലാരിവട്ടം - 682025' എന്ന വിലാസത്തിലാണ് അയയ്ക്കേണ്ടത്. കഴിഞ്ഞ സാമ്പത്തികവർഷം ഏറ്റവും കൂടുതൽ തുക ബൈബിൾ സൊസൈറ്റിക്കായി സംഘടിപ്പിച്ചു നൽകി ബിഷപ്പ് മാർ ജോസഫ് പള്ളിയ്ക്കാപറമ്പിൽ അവാർഡിന് അർഹമായത് മാവേലിക്കര രൂപതയാണെന്ന കാര്യവും അറിയിക്കട്ടെ.

ഈ വർഷത്തെ ബൈബിൾ ഞായർ ആചരണം കേരളസഭയ്ക്ക് ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായ പുരോഹിതരിലൂടെ ദൈവവചനത്തിന്റെ വിവിധ മാനങ്ങൾ കണ്ടെത്തുന്നതിനുമുള്ള അവസരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. 'ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ' (കൊളോ 3:16) യെന്ന് ആശംസിച്ചുകൊണ്ട്,

സ്നേഹത്തോടെ,

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ അംഗങ്ങൾ:**
**ബിഷപ്പ് ഗീവർഗീസ് മാർ ദിവന്ന്യാസിയോസ്**
**ബിഷപ്പ് മാർ ജോസഫ് പൊരുന്നേടം**

---

**NB:- ഈ സർക്കുലർ ജൂൺ 14-ാം തീയതി (14-6-2009) ഞായറാഴ്ച ദിവ്യബലി മദ്ധ്യേ കേരളത്തിലെ എല്ലാ കത്തോലിക്കാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കണമെന്ന് താൽപര്യപ്പെടുന്നു.**

# ഇടയലേഖനം

**Prot. No. 417/2009**

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ

## കർദ്ദിനാൾ വർക്കി വിതയത്തിൽ

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ദുക്റാന തിരുനാൾ ലോകമെങ്ങുമുള്ള സീറോ-മലബാർ സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയ ഒരു ദിവസമാണല്ലോ. ഭാരതപ്പസ്തോലനും വിശ്വാസത്തിൽ നമ്മുടെ പിതാവുമായ മാർത്തോമാശ്ലീഹ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന തന്റെ വിശ്വാസ പ്രഘോഷണത്തിന് സ്വന്തം ജീവൻ കൊണ്ട് സാക്ഷ്യം നൽകിയ ദിനമാണത്. ഈ തിരുനാൾ ആചരിക്കുന്ന ഓരോ വ്യക്തിക്കും ഇത് വിശ്വാസത്തിലുള്ള ഒരു പുനർജീവിതത്തിന്റെ തുടക്കമായിരിക്കണം. തോമാശ്ലീഹായിൽ നിന്ന് ലഭിച്ച തങ്ങളുടെ ക്രൈസ്തവവിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് കേരളത്തിലും കേരളത്തിനു പുറത്ത് ഭാരതത്തിലും വിദേശത്തുമായി ജീവിക്കുന്ന എല്ലാ സീറോ-മലബാർ സഭാംഗങ്ങൾക്കും ദുക്റാന തിരുനാളിന്റെ ആശംസകൾ നേരുന്നു.

ജനിച്ച നാടും വീടും വിട്ട് കേരളത്തിന് പുറത്ത് ഇന്ത്യയിലും വിദേശത്തുമായി തങ്ങളുടെ കുടുംബങ്ങളുടെ ക്ഷേമത്തിനു വേണ്ടി കഷ്ടപ്പെട്ട് പണിയെടുക്കുന്നതോടൊപ്പം തങ്ങൾക്ക് ലഭിച്ച വിശ്വാസ പാരമ്പര്യം അവിടുത്തെ പരിമിതമായ സാഹചര്യങ്ങളിൽ കാത്തുസൂക്ഷിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്ന സീറോ-മലബാർ സഭാംഗങ്ങളായ പ്രവാസി മലയാളികളെ ഞാൻ ഈ അവസ

രത്തിൽ പ്രത്യേകം അനുസ്മരിക്കുകയാണ്. വിശ്വാസജീവിതത്തിനുവേണ്ടിയുള്ള അവരുടെ ആത്മാർപ്പണത്തിന്റെയും ത്യാഗോജ്ജ്വലമായ പ്രയത്നങ്ങളുടെയും ഉത്തമോദാഹരണമാണ് ഖത്തറിലെ ദോഹയിൽ മെയ് 22 ന് ഞാൻ കൂദാശ ചെയ്ത ഗൾഫ് റീജിയനിലെ ആദ്യത്തെ സീറോ-മലബാർ ദേവാലയം. തീർച്ചയായും വളരെ അഭിമാനിക്കത്തക്ക ഒരു നേട്ടം തന്നെയാണിത്. ഈ വിജയത്തിനു പുറകിൽ പ്രവർത്തിച്ച എല്ലാ വ്യക്തികളെയും ഞാൻ അഭിനന്ദിക്കുകയാണ്. മറ്റു സ്ഥലങ്ങളിലുള്ള പ്രവാസി സമൂഹങ്ങൾക്കും ഇത് വലിയ പ്രചോദനവും മാതൃകയും ആയിത്തീരട്ടെ.

ഈ അവസരത്തിൽ നമ്മുടെ വിശ്വാസത്തിന്റെ പൂജ്യത കാത്തുസൂക്ഷിക്കുവാൻ നാം എത്രമാത്രം ശ്രദ്ധാലുക്കളായിരിക്കണം എന്ന വസ്തുതയിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിയതമായ സഭാഭരണ സംവിധാനങ്ങളില്ലാത്ത സാഹചര്യങ്ങളിൽ പ്രത്യേകിച്ചും നമ്മുടെ രീതിയിലുള്ള അജപാലന സൗകര്യങ്ങളോ വിശ്വാസപരിശീലനപദ്ധതികളോ ഇല്ലാത്ത അവസ്ഥയിൽ പൈതൃകമായി നമുക്കു ലഭിച്ചിട്ടുള്ള കത്തോലിക്കാവിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു പോകുവാനുള്ള സാധ്യത വളരെ ശക്തമാണ്. കത്തോലിക്കാ വിശ്വാസത്തിന് കടകവിരുദ്ധമായ പഠനങ്ങൾ പ്രചരിപ്പിക്കുന്ന പല സെക്ടുകളും ഇന്ന് രൂപം കൊണ്ടിട്ടുണ്ട്. ധാരാളം പേർ അവരുടെ ആകർഷണ വലയത്തിൽപ്പെട്ട് തിരുവചനം തെറ്റായി വ്യാഖ്യാനിക്കുവാനും കൂദാശാജീവിതത്തിൽ നിന്നും വിട്ടുനിൽക്കുവാനും കത്തോലിക്കാ കൂട്ടായ്മയിൽ നിന്നു തന്നെ അകന്നു പോകുന്നതിനും ഇടയാകുന്നുണ്ട് എന്ന കാര്യം ഖേദപൂർവ്വം അനുസ്മരിക്കട്ടെ. പുതുതായി രൂപംകൊണ്ടിട്ടുള്ള സെക്ടുകളെക്കുറിച്ച് കേരള കത്തോലിക്കാ മെത്രാന്മാർ കഴിഞ്ഞ മാർച്ച് മാസത്തിൽ പുറത്തിറക്കിയ സംയുക്ത ഇടയലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

“അടുത്ത കാലത്തു സഭയിലെ ചില അത്മായ പ്രഘോഷകർ സ്വന്തം സുവിശേഷ ധ്യാനടീമുകളും പ്രാർത്ഥനാഗ്രൂപ്പുകളും സ്ഥാപിക്കുകയും ക്രമേണ സഭാപ്രബോധനങ്ങളിൽ നിന്നും നിയന്ത്രണത്തിൽ നിന്നും അകന്ന് സ്വന്തം നിലയിൽ സെക്ടുകളായി മാറുകയും ചെയ്തിട്ടുണ്ട്. അവർ നടത്തുന്ന ബൈബിൾ വ്യാഖ്യാനങ്ങൾ പലതും സഭയുടെ വിശുദ്ധ പാരമ്പര്യത്തിനോ പ്രബോധനങ്ങൾക്കോ സാമാന്യബുദ്ധിക്കോ നിരക്കാത്തവയാണ്”. കേരളത്തിൽ അടുത്തകാലത്ത് ആരം

ഭിച്ചതും സഭയുടെ അംഗീകാരവും അനുവാദവുമില്ലാതെ നടത്തപ്പെടുന്നതുമായ ചില സുവിശേഷപ്രസ്ഥാനങ്ങളും പ്രാർത്ഥനാലയങ്ങളും അവ സഭയുടെ അംഗീകാരമുള്ളതാണെന്ന തെറ്റിദ്ധാരണ പരത്തി പ്രവർത്തിക്കുന്നതായി ഇടയലേഖനം ചൂണ്ടികാണിക്കുന്നു. ഇരിങ്ങാലക്കുട രൂപതാതിർത്തിയിൽ മുരിയാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന എമ്പറർ എമ്മാനുവൽ ട്രസ്റ്റ്, മാളയിലെ അമ്മ, കാഞ്ഞിരപ്പള്ളിയിലെ അപ്പർ റൂം, എറണാകുളത്തെ കോർണർ സ്റ്റോൺ, സ്പിരിറ്റ് ഇൻ ജീസസ്, ആത്മാഭിഷേകം തുടങ്ങിയ പ്രസ്ഥാനങ്ങളും സ്വർഗ്ഗീയ വിരുന്നുപോലെയുള്ള സഭാഗ്രൂപ്പുകളും ഇതിൽ പെടുന്നു. സഭയുടെ അംഗീകാരമില്ലാത്ത പ്രാർത്ഥനാഗ്രൂപ്പുകളിലും ധ്യാനങ്ങളിലും വിശ്വാസികൾ സംബന്ധിക്കരുതെന്ന് ഇടയലേഖനം മുന്നറിയിപ്പ് നൽകുന്നു.

2008 ആഗസ്റ്റിൽ കൂടിയ സീറോ-മലബാർ ബിഷപ്സ് സിനഡും സ്പിരിറ്റ് ഇൻ ജീസസ്, എമ്പറർ എമ്മാനുവേൽ, അപ്പർ റൂം തുടങ്ങിയ പ്രസ്ഥാനങ്ങൾക്കെതിരെ നടപടി എടുക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. മുകളിൽ പറഞ്ഞ സെക്ടുകളും പ്രസ്ഥാനങ്ങളും വിവിധ രൂപതകളിൽ നിരോധിക്കപ്പെട്ടിട്ടുള്ളതാകകൊണ്ടും ഇവരുടെ പ്രവർത്തനങ്ങളുടെ ദൂഷ്യവശങ്ങൾ ഒരു രൂപതയിൽ മാത്രം കേന്ദ്രീകരിച്ചിട്ടുള്ളതല്ലാത്തതുകൊണ്ടും ഇവക്കെതിരെയുള്ള നിരോധനം സഭയിൽ മുഴുവനുമായി വിപുലപ്പെടുത്തണമെന്ന് പെർമനന്റ് സിനഡ് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രസ്ഥാനങ്ങൾ നമ്മുടെ സഭ മുഴുവനിലും നിരോധിക്കപ്പെട്ടിരിക്കുകയാണെന്ന് ഇതിനാൽ ഞാൻ നിങ്ങളെ അറിയിക്കുകയാണ്. അതിനാൽ ഇത്തരം പ്രസ്ഥാനങ്ങളിൽ പങ്കെടുക്കുകയോ അവരുമായി സഹകരിക്കുകയോ ചെയ്യരുതെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും ഗ്രൂപ്പുകളെയോ പ്രസ്ഥാനങ്ങളെയോ ധ്യാനപരിപാടികൾക്കും പ്രാർത്ഥനാസമ്മേളനങ്ങൾക്കും ക്ഷണിക്കുമ്പോൾ അവർ കത്തോലിക്കാ സഭാധികാരികളിൽ നിന്നും അംഗീകാരം ലഭിച്ചവരാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ടെന്നുകൂടി ഓർമ്മിപ്പിക്കട്ടെ.

സഭ വിശ്വാസികളുടെ കൂട്ടായ്മയാണ്. സഭയിലെ ഓരോ വ്യക്തിയും സഭയുടെ ദൗത്യത്തിൽ അവരുടെതായ തലങ്ങളിൽ നിന്നുകൊണ്ട് പങ്കുകാരാകേണ്ടതുണ്ട്. മെത്രാൻമാരും പുരോഹിതരും സന്യസ്തരും അത്മായരും തങ്ങളുടെ തനതായ ഉത്തരവാദിത്വ നിർവ്വഹണത്തിലൂടെ തങ്ങളുടെ വിശ്വാസത്തെ പരിപോഷിപ്പിക്കുന്നതിനും അതിന് സാക്ഷ്യം വഹിക്കുന്നതിനും ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരി

ക്കുന്നു. ഒരുപക്ഷേ ഈ ദൗത്യ നിർവ്വഹണത്തിൽ അത്മായരുടെ പങ്ക് അടുത്തകാലംവരെയും വേണ്ടത്ര പ്രാധാന്യത്തോടെ വീക്ഷിക്കപ്പെട്ടിരുന്നില്ല എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ് കഴിഞ്ഞ സിനഡിൽ ഒരു അത്മായ കമ്മീഷന് രൂപം കൊടുത്തിട്ടുള്ളത്. കമ്മീഷൻ വിവിധങ്ങളായ പരിപാടികളിലൂടെ സഭാപ്രവർത്തനങ്ങളിൽ അത്മായരുടെ ശരിയായ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുള്ള പരിപാടികളുമായി ഇതിനകം തന്നെ വളരെയധികം മുന്നോട്ട് പോയിട്ടുണ്ട്. അടുത്ത ഓഗസ്റ്റ് 13 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ ഇതിന്റെ ഭാഗമായി ഒരു International Laity Assembly വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല അതു കഴിഞ്ഞുവരുന്ന മെത്രാൻ സമിതിയുടെ സമ്മേളനത്തോടനുബന്ധിച്ച് വൈദിക-സന്യസ്ത-അത്മായ പ്രതിനിധികളുമായി ഒരു interaction ഒരുക്കുവാൻ പെർമനന്റ് സിനഡ് ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി സഭയുടെ ദൗത്യനിർവ്വഹണത്തിൽ സഭയിലെ എല്ലാ വിഭാഗങ്ങളുടെയും സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അജപാലനരംഗത്ത്, പ്രത്യേകിച്ച് പ്രവാസികളായ സീറോ-മലബാർ സഭാംഗങ്ങൾക്ക് തങ്ങളുടെ വിശ്വാസപാരമ്പര്യമനുസരിച്ചുള്ള അജപാലന ശുശ്രൂഷ നൽകുവാനുള്ള എല്ലാ പരിശ്രമങ്ങളും നമ്മൾ ചെയ്തുവരുന്നുണ്ട്. പ്രതീക്ഷിച്ച വിജയങ്ങൾ കൈവരിക്കാനായിട്ടില്ലെങ്കിലും നമുക്ക് പ്രത്യാശനഷ്ടപ്പെടാതെ നമ്മുടെ പരിശ്രമം തുടരാം. അതേസമയം ഈ ദൗത്യനിർവ്വഹണത്തിനായി നിരവധി വൈദികരെ നമുക്ക് ആവശ്യമുണ്ടെന്ന കാര്യം നമ്മൾ ഓർക്കേണ്ടതുണ്ട്. പൗരോഹിത്യത്തിലേയ്ക്കുള്ള ദൈവവിളികൾ ഉയർന്നുവരേണ്ടതു നാമോരോരുത്തരുടെയും കുടുംബങ്ങളിൽ നിന്നുതന്നെയാണ്. പരിശുദ്ധ പിതാവ് 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെയുള്ള വർഷത്തെ പുരോഹിതർക്കായുള്ള വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ ഭവനങ്ങളിൽ നിന്ന് ദൈവവിളികൾ - പൗരോഹിത്യത്തിലേക്കും സന്യാസാന്തസ്സിലേയ്ക്കുമുള്ള ദൈവവിളികൾ പരിപോഷിപ്പിക്കേണ്ടത് നമ്മുടെ വലിയൊരു ഉത്തരവാദിത്വമാണ്. പുരോഹിതർക്കായുള്ള വർഷാചരണം അതിന് ശക്തമായ ഒരു പ്രചോദനമായിരിക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

ആളുകൊണ്ട് മാത്രമല്ല അർത്ഥം കൊണ്ടും നാം നമ്മുടെ സഭയുടെ

ദൗത്യനിർവ്വഹണത്തിൽ പങ്കുചേരേണ്ടതുണ്ട്. മുൻ വർഷങ്ങളിലേതു പോലെ ഈ വർഷവും തുടർന്നുള്ള വർഷങ്ങളിലും സഭാദിനത്തോട നുബന്ധിച്ച് ഒരാൾക്ക് ഒരു രൂപ നിരക്കിൽ എല്ലാ സീറോ- മലബാർ സഭാംഗങ്ങളും സാമ്പത്തിക സഹായം നല്കണമെന്ന സിനഡ് തീരു മാനം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഞാൻ ഇതിനായി അഭ്യർത്ഥിക്കുന്നു.

ദുക്റാന തിരുനാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ മാർത്തോമായിൽ നിന്ന് നമുക്ക് ലഭിച്ച വിശ്വാസപാരമ്പര്യം കാത്തു സൂക്ഷിക്കാനും പരിപാലിക്കുവാനും അതിന് സാക്ഷ്യം വഹിക്കുവാനും സ്വദേശത്തും വിദേശത്തുമുള്ള എല്ലാ സീറോ- മലബാർ ക്രൈസ്ത വർക്കും വലിയ ഉത്തരവാദിത്വമുണ്ട് എന്ന് നാം ഓർക്കണം. ഈ വിശ്വാസ ജീവിതത്തിന്റെ മകുടോദാഹരണമാണ് സീറോ-മലബാർ സഭ യുടെ അരുമസന്താനവും അഭിമാനപാത്രവുമായ ഭാരതത്തിലെ ആദ്യത്തെ വനിത വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട വി.അൽഫോൻസ. ഈ വിശ്വാസത്തിൽ നിന്ന് നമ്മെ വഴി തെറ്റിക്കാനും സഭാ കൂട്ടായ്മ യിൽ നിന്ന് നമ്മെ അടർത്തിയെടുക്കാനും പരിശ്രമിക്കുന്ന ശക്തി കളെയും പ്രസ്ഥാനങ്ങളെയും നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. അവയ്ക്കെതിരെ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. നാം ഏതു തലത്തിലാണെങ്കിലും സഭാ കൂട്ടായ്മയിൽ നമ്മുടെ സ്ഥാനം അന്യമാ ണെന്നു മനസ്സിലാക്കി ഈ കൂട്ടായ്മയെ ശക്തിപ്പെടുത്താൻ നമുക്ക് പരിശ്രമിക്കാം. ദുക്റാനതിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമ ത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോ ലീത്തൻ കാര്യാലയത്തിൽ നിന്ന് 2009-ാം ആണ്ട് മേയ് മാസം 25-ാം തീയതി നൽകപ്പെട്ടത്.

**വർക്കി കാർഡിനൽ വിതയത്തിൽ**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

**N.B:- ഈ ഇടയലേഖനം ജൂൺ 28-ാം തിയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജന ങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

# രൂപതാകച്ചേരി വാർത്തകൾ

## സ്നേഹസ്മരണ

നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കേണ്ട പരേതരായ നമ്മുടെ ഏതാനും സഹോദര വൈദികരുടെ പേരും ചരമ ദിനവും ചുവടെ ചേർക്കുന്നു.

1. ഫാ. മാത്യു കൊല്ലിത്താനം - ജൂൺ 3
2. ഫാ. തോമസ് കാട്ടൂർ - ജൂൺ 8
3. ഫാ. അബ്രാഹം മൂക്കനോലിൽ - ജൂലൈ 16

## മതബോധന ഞായർ - ജൂൺ 14

നമ്മുടെ ദൈവവിശ്വാസം ചോദ്യം ചെയ്യപ്പെടുകയും, വിശ്വാസ സത്യങ്ങളിൽ വെള്ളം ചേർത്ത് അവയുടെ മൂല്യം നഷ്ടപ്പെടുത്താൻ ശ്രമിക്കുകയുമൊക്കെ ചെയ്യുന്ന ഇന്നത്തെ കാലഘട്ടത്തിൽ വളർന്നു വരുന്ന തലമുറയ്ക്കുവേണ്ടി ചെയ്യാവുന്ന ഏറ്റവും വലിയ നന്മയാണ് അവരെ ദൈവവിശ്വാസത്തിൽ ഉറപ്പിക്കുകയും വളർത്തുകയും ചെയ്യുക എന്നത്. നമ്മുടെ കുഞ്ഞുങ്ങളെ ദൈവോന്മുഖരായി വളർത്താനുള്ള പരിശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും പ്രത്യേകം അനുമോദിക്കട്ടെ. നമ്മുടെ രൂപതാ മതബോധന കേന്ദ്രം ഇക്കാര്യത്തിൽ അഭിമാനകരമായ നേതൃത്വം നൽകുന്നതിൽ ഏറ്റവും സന്തോഷമുള്ളവരാണ് നാമെല്ലാവരും. അതിനാൽ രൂപതാ മതബോധന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ എല്ലാവിധത്തിലും ആത്മാർത്ഥമായി നമ്മുടെ സഹകരണം വാഗ്ദാനം ചെയ്യാം. പ്രാർത്ഥനയും സഹായങ്ങളും ഏറെ ആവശ്യമുള്ള ഈ പ്രവർത്തനത്തിന് സാമ്പത്തിക സഹായവും കൂടിയേ തീരൂ! നമ്മുടെ മക്കൾക്കുവേണ്ടിയുള്ള മതബോധന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടു കൊണ്ടുപോകാൻ നമ്മുടെ സഹായ

മല്ലാതെ മറ്റ് സഹായമൊന്നുമില്ല. അതിനാൽ ജൂൺ 14-ാം തീയതി ഞായറാഴ്ച പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് എല്ലാവരുടെയും സഹകരണം ഉറപ്പുവരുത്തി കിട്ടുന്ന തുക ബിഷപ്സ് ഹൗസിൽ എത്തിച്ചു തരണമെന്ന് എല്ലാ ബഹു. വികാരിയച്ചന്മാരോടും സ്നേഹ പൂർവ്വം അഭ്യർത്ഥിക്കുന്നു.

## ബൈബിൾ ഞായർ - ജൂൺ 21

നമ്മൾ ഓരോരുത്തരോടും സംസാരിക്കുകയും, നമ്മെ വഴി നടത്തുകയും ചെയ്യുന്ന ദൈവത്തിന്റെ സാന്നിദ്ധ്യാനുഭവമാണല്ലോ നമുക്ക് ദൈവവചനം. ജൂൺ 15-ാം തീയതി മുതൽ 20-വരെ ബൈബിൾ വാരമായി ആചരിക്കേണ്ടതാണ്. ദൈവവചനത്തോട് കൂടുതൽ ആഭിമുഖ്യവും വചനത്തിൽ ആഴപ്പെടുന്ന അനുഭവവും ലഭ്യമാക്കാൻ ഉപകരിക്കുന്ന പരിപാടികൾ മുൻകൂട്ടി പ്ലാൻ ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുമല്ലോ. ബൈബിൾ ഞായർ ഉചിതമായി ആചരിക്കുകയും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരികയും ചെയ്യണമെന്ന് ഉത്തരവാദിത്വപ്പെട്ട ഏവരോടും അഭ്യർത്ഥിക്കുന്നു.

## പത്രോസിന്റെ കാശ് പിരിവ് - ജൂൺ 28

വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ജൂൺ 29-ാം തീയതിയാണല്ലോ. അതിന്റെ തലേ ദിവസം ഞായറാഴ്ച (ജൂൺ 28) വി. പത്രോസിന്റെ കാശ് എന്നറിയപ്പെടുന്ന പ്രത്യേക സ്തോത്രക്കാഴ്ച പിരിച്ചെടുത്ത് റോമിലേയ്ക്ക് അയച്ചു കൊടുക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ എല്ലാ ഇടവകകളുടെയും സഹകരണമുണ്ടാകണേ.

## സീറോ മലബാർ സഭാദിനം - ജൂലൈ 3

നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ ഓർമ്മ ആചരിക്കുന്ന ജൂലൈ 3-ാം തീയതി നമ്മൾ കടമുള്ള ദിവസമായും സീറോ മലബാർ സഭാദിനമായും ആചരിക്കുന്നു. ആ ദിവസം വിശ്വാസത്തിന്റെ ഒരു വലിയ ആഘോഷദിനമായി ആചരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അന്ന് പ്രത്യേകമായ സ്തോത്രക്കാഴ്ച സ്വീകരിച്ച് സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തന

ഫണ്ടിലേയ്ക്ക് നൽകുന്നതിനായി രൂപത കേന്ദ്രത്തിൽ എത്തിച്ചു തരണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**വൈദികരുടെ വർഷം - 2009**

2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ വൈദികരുടെ വർഷമായി പരി. പിതാവ് ബെനഡിക്ട് 16-ാമൻ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. വൈദികരുടെ വർഷത്തിൽ വൈദികർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ നമ്മുടെ ദൈവജനത്തോട് പ്രത്യേകം ആഹ്വാനം ചെയ്യണമെന്ന് എല്ലാ വൈദികരെയും ഓർമ്മിപ്പിക്കുന്നു.

**ഡെന്നീസച്ചന് അനുമോദനങ്ങൾ**

നമ്മുടെ രൂപതാ പാസ്റ്ററൽ സെന്ററിന്റെ പുതിയ ഡയറക്ടറായി ചാർജ്ജെടുത്തിരിക്കുന്ന ബഹു. ഡെന്നീസ് കഴുതാടിയച്ചൻ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ ബിബ്ലിക്കൽ തിയോളജിയിൽ പ്രശസ്തമായവിധം ഡോക്ടറേറ്റ് നേടിയാണ് തിരിച്ചെത്തിയിരിക്കുന്നത്. അച്ചന്റെ ഈ വലിയ നേട്ടത്തിൽ അച്ചനെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും, ഏൽപിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിറവേറ്റാൻ നല്ല ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**നന്ദി**

വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും രൂപതാ സേവനത്തിനായി കടന്നു വന്ന് തിരിച്ചുപോയ ഏതാനും വൈദികരെ ഏറെ നന്ദിയോടെ സ്മരിക്കാം.

1. ഫാ. ജോസഫ് ഊന്നുകല്ലേൽ TOR. കഴിഞ്ഞ ജനുവരി മാസം മുതൽ മെയ് മാസം പകുതിവരെ മീനങ്ങാടി ഇടവകയുടെ വികാരിയായി സേവനം ചെയ്തു.

2. ഫാ. ജോസഫ് ചക്കാനിക്കുന്നേൽ വി.സി. കരണി ഇടവകയുടെ വികാരിയായി കഴിഞ്ഞ 3 വർഷക്കാലം സേവനം ചെയ്ത ജോസഫച്ചൻ അങ്കമാലി പ്രൊവിൻഷ്യൽ പ്രൊക്കുറേറ്ററായി നിയമിക്കപ്പെട്ടിരിക്കുന്നു.

3. ഫാ. തോമസ് കളപ്പുരയ്ക്കൽ MST. കഴിഞ്ഞ ജനുവരി മാസം മുതൽ പാൽചുരം ഇടവകയുടെ വികാരിയായി സേവനമനുഷ്ഠിച്ചശേഷം തിരിച്ചുപോകുന്നു.

4. ഫാ. ജെയ്സൺ മുറിഞ്ഞകല്ലേൽ. വി. ജോൺ ദി ബാപ്റ്റിസ്റ്റ്

സഭാംഗമായ ജെയ്സനച്ചൻ കഴിഞ്ഞ ഒരു വർഷക്കാലം ബത്തേരി അസംപ്ഷൻ ഫൊറോന പള്ളിയിൽ അസ്തേന്തിയായി സേവനമനുഷ്ഠിച്ചശേഷം, സഭയുടെ മൈനർ സെമിനാരി റെക്ടറായി സേവനമനുഷ്ഠിക്കാൻ നിയമിതനായിരിക്കുകയാണ്.

ഈ ബഹു. വൈദികരുടെ ആത്മാർത്ഥമായ സേവനങ്ങൾക്ക് രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ.

## ചൈനയ്ക്കുവേണ്ടി ഒരു പ്രാർത്ഥനാദിനം

കമ്മ്യൂണിസ്റ്റു റഷ്യക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്ന സഭയുടെ പാരമ്പര്യം അനുസ്മരിപ്പിക്കുന്ന ഒരാഹ്വാനമാണ് പരി. പിതാവ് ബനഡിക്ട് 16-ാമൻ 2007 മെയ് 27-ാം തീയതി നൽകിയിരിക്കുന്നത്. അതിന്റെ വെളിച്ചത്തിൽ ഈ വർഷം മെയ് 24-ാം തീയതി ചൈനയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനാദിനമായി ആചരിക്കാൻ അപ്പസ്തോലിക് നുൺഷ്യോ ആർച്ച് ബിഷപ്പ് പെദ്രോ ലോപ്പസ് ക്വിന്താന ആഹ്വാനം ചെയ്തിരുന്നു. എന്നാൽ ഇക്കാര്യം വൈകിമാത്രം അറിയാൻ കഴിഞ്ഞതിനാൽ ജൂൺ മാസത്തിലെ സൗകര്യപ്രദമായ ഒരുദിവസം ചൈനയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാദിനമായി എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ക്രമീകരിക്കണമെന്ന് പ്രത്യേകം അനുസ്മരിപ്പിക്കുന്നു. ചൈനയിലെ ക്രിസ്ത്യാനികളോടുള്ള ഐക്യദാർഢ്യത്തിന്റെയും കൂട്ടായ്മയുടെയും ഒരു ദിനമായും മാർപ്പാപ്പയോടുള്ള വിധേയത്വത്തിൽ ആഗോള കത്തോലിക്കാ സമൂഹം ഒറ്റക്കെട്ടായി മുന്നേറുന്നതിനുള്ള പ്രാർത്ഥനാദിനമായും ആ ദിവസം നമുക്കാചരിക്കാം.

## TRANSFER & APPOINTMENTS

| No. | | Priest | Assignment |
|---|---|---|---|
| 1. | Rev. Fr. | Cherukaramuttam Peter | Retired |
| 2. | ,, | Chettiassery Joseph | Asst. Director Community Radio Station & Priest-in-Charge, Koolivayal |
| 3. | ,, | Chozhenparambil John | Vicar, Chulliode |
| 4. | ,, | Edayakondatt Paul | Vicar, Prasanthagiri & Eparchial Judge |
| 5. | ,, | Elavumkal Johny | Sabbatical Study |
| 6. | ,, | Elayidath Mani | Study |
| 7. | ,, | Kachirayil Thomas | Rector MMC, Vocation Promoter & Priest-in-Charge for PG Students |

| | | | |
|---|---|---|---|
| 8. | ,, | Kakkattikalayil Sebastian | Vicar, Moolepadam, Christeen & Jesus Youth-Manimooly-Nilambur Region |
| 9. | ,, | Kalappura Vincent | Vicar, Kavummannam |
| 10. | ,, | Kallupura Johny | Vicar, Kayyunny & Principal, Sacred Heart Matriculation School, Kayyunny |
| 11. | ,, | Kappiarumalayil John | Vicar, Machikolly |
| 12. | ,, | Kavumkal Joseph | Study |
| 13. | ,, | Kazhuthadiyil Mathew | Director, Pastoral Centre, Family Apostolate & Bible Apostolate |
| 14. | ,, | Korandiyarkunnel Paul | Vicar, Kommayad |
| 15. | ,, | Kottackal Steephen | Vicar, S.Bathery & Moolankavu |
| 16. | ,, | Kulathinal James | Vicar, Thonichal |
| 17. | ,, | Kuttikkattukunnel Thomas | Vicar, Town Church Mananthavady & Director, KCBC Madya Virudha Samithi |
| 18. | ,, | Madappallikunnel Mathew | Vicar, Deepthigiri & Judicial Vicar |
| 19. | ,, | Madathil Abraham | Vicar, Padamala & Notary, Eparchial Tribunal |
| 20. | ,, | Madathinakam Leopold | Retired |
| 21. | ,, | Mampallil George | Vicar, Kallody |
| 22. | ,, | Mangalathil Thomas | Vicar, Ruby Nagar |
| 23. | ,, | Mannoor Thomas | Vicar, Kolavayal |
| 24. | ,, | Mavara Stanislaus | Newman's College Principal, Mary Matha College Bursar & Vicar, Bavali |
| 25. | ,, | Moloparambil Jose | Vicar, Kabanigiri |
| 26. | ,, | Moolayil Thomas | Chaplain, Ootty |
| 27. | ,, | Moonnanal Justin | Librarian, Mary Matha College |
| 28. | ,, | Moothedam Mathew | Vicar, Palchuram |
| 29. | ,, | Moothedam Thomas | Vicar, Chokkad |
| 30. | ,, | Mulavelikunnel Jacob | Vicar, Yavanarkulam |
| 31. | ,, | Mundackamattam Jose | Vicar, Kaniambetta |
| 32. | ,, | Myladoor George | Vicar, Cathedral |
| 33. | ,, | Nechikkatt Joseph | Sabbatical Leave |
| 34. | ,, | Paruvummel Joseph | Chancellor, Secretary & Priest-in-Charge, Kurumbalakotta |

| | | | |
|---|---|---|---|
| 35. | ,, | Perumattikunnel Thomas | Director, Regional Pastoral Centre Manimooly, Director, Manimooly-Nilambur Region Renewal Ministry & Vicar, Marutha |
| 36. | ,, | Pinakkatt Joseph | Vicar, Valavayal |
| 37. | ,, | Ponthotty Thomas | Vicar, Nedumpala |
| 38. | ,, | Pulpayil Joshy | Vicar, Vilambukandam |
| 39. | ,, | Puthenpura Augustine | Vicar, Sisumala |
| 40. | ,, | Thayyil Jose | Sabbatical Leave |
| 41. | ,, | Thekkeppera Mathew | Belthangady |
| 42. | ,, | Thondiparambil Sebastian | Manager, Woodlands Estate- Kartikulam |
| 43. | ,, | Thuruthel Biju | Vicar, Vallikett, Manimooly-Nilambur Region social Service Director & Manimooly-Nilambur Regional Secretary |
| 44. | ,, | Unnippally Sebastian | Vicar, Vazhavatta |
| 45. | ,, | Vadakkemulanjanal Michael | Vicar, Jude's Mount |
| 46. | ,, | Vadakkel Emmanuel | Vicar, Kuttimoola |
| 47. | ,, | Anachalil Sebastian O.Praem | Pro-Vicar, Varkatte |
| 48. | ,, | Chakkumoottil Jojo T.O.R. | Vicar, Meenangady |
| 49. | ,, | Kachappilly Binu O.Praem | Pro-Vicar, Chettikudy |
| 50. | ,, | Kadumbathanam Sunil O.Praem | Vicar, Sangameswarappet & Balehonnur, Aldoor |
| 51. | ,, | Kizhakkarakatt Vigil O.Praem | Pro-Vicar, Shettikoppa & Muthinakoppa |
| 52. | ,, | Kizhakkeparambil Jollychan | Pro-Vicar, Puthiyidom |
| 53. | ,, | Poovathummoottil Thomas VC | Pro- Vicar, Karani |
| 54. | ,, | Puthukulangara Chacko CMI | Vicar, Gundalpett |

**ASSISTANTS**

| | | | |
|---|---|---|---|
| 1. | Rev. Fr. | Aikkarathazhath Sebin | Animator & Procurator, Mount Mary College & Asst. Vocation Promoter |
| 2. | ,, | Changanamthundathil Jojo | Thariode |
| 3. | ,, | Kakkonal Thomas | Chungakunnu |
| 4. | ,, | Kallumkatharayil Augustine | Bathery |
| 5. | ,, | Karuthedath Mathew | Kayyunny |
| 6. | ,, | Kizhakkanputhupally John | Hinkel, Mysore |
| 7. | ,, | Kudakkachira Jojo | Study |

| | | | |
|---|---|---|---|
| 8. | ,, | Muthanikattu Justin | Manimooly |
| 9. | ,, | Muttathukunnel Joseph | Chundakkara |
| 10. | ,, | Onampally Jerry | Cathedral |
| 11. | ,, | Pakkanikuzhiyil Vinod | Nadavayal |
| 12. | ,, | Poovathinkal Peter | Kottiyoor |
| 13. | ,, | Puthenpura Joseph | Nilambur |
| 14. | ,, | Vadayaparambil Sony | Kallody & Assistant Director, Jesus Youth |
| 15. | ,, | Vathelil Jijo | Mullenkolly |
| 16. | ,, | Vattakkatt Paul | Study |

## അനുമോദനങ്ങൾ

ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങളായി നിയമിതരായിരിക്കുന്ന അഡ്വ. ഡോ. തോമസ് ജോസഫ് തേരകം അച്ചനും, ശ്രീമതി ഗ്ലോറി ജോർജിനും ഹാർദ്ദവമായ അനുമോദനങ്ങളും വിജയാശംസകളും.

"സാമൂഹ്യമായി നിഷേധിക്കപ്പെടുന്ന വയനാട്ടിലെ ആദിവാസികളുടെ നിയമാവകാശങ്ങൾ' എന്ന വിഷയത്തിൽ കർണാടക ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടിക്കൊണ്ട് റവ.ഫാ. അഡ്വ. തോമസ് ജോസഫ് തേരകം വീണ്ടും നമ്മുടെ അനുമോദനങ്ങൾക്ക് അർഹനായിരിക്കുകയാണ്.

## പുതിയ ഫോൺനമ്പറുകൾ

മൂലേപ്പാടം പള്ളി – 04931 – 206877
ബോയ്സ് ടൗൺ, ഡയറക്ടർ – 04935 – 319400
ഫാ. ബാബു (സെബാസ്റ്റ്യൻ) കക്കാട്ടിക്കാലായിൽ – 09961212892
ചോക്കാട് പള്ളി – 04931 – 212999
ഫാ. ഷാജി മൂത്തേടം – 9495235976

## പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനറൽ / പ്രൊവിൻഷ്യൽ ടീം അംഗങ്ങൾക്ക് വിജയാശംസകൾ

### 1) Congregation of the Sisters of Charity of St. Vincent De Paul

Superior General : Sr. Primosa
General Councillors : 1. Sr. Ancita, 2. Sr. Roselind
3. Sr. Ancilla, 4. Sr. Rose Maria

## 2) Society of Kristu Dasis (SKD)

| | | |
|---|---|---|
| Sister General | : | Sr. Christeena SKD |
| General Councillors | : | 1. Sr. Lissy SKD, 2. Sr. Linsa SKD |
| | | 3. Sr. Ancy SKD, 4. Sr. Anice SKD |
| General Procurator | : | Sr. Molly SKD |
| General Secretary | : | Sr. Pushpa SKD |

## 3) MSMI Christu Jyoti Provincialate

| | | |
|---|---|---|
| Provincial Superior | : | Sr. Lilly Jose |
| Provincial Councillors | : | 1. Sr. Benigna, 2. Sr. Tomcy |
| | | 3. Sr. Cicily Karukayil, 4. Sr. Prasanthi |
| Finance Officer | : | Sr. Ajaya |
| Internal Auditor | : | Sr. Elizabeth Jose |

# LIVING TOGETHER PROGRAMME & PRIESTS' CONFERENCE

1-ാം ബാച്ചിന്റെ Living Together Programme 2009 ജൂലൈ 27-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 7-മണിക്ക് ആരംഭിച്ച് 28-ാം തീയതി ചൊവ്വാഴ്ച 4 മണിക്ക് അവസാനിക്കുന്നു. 2-ാം ബാച്ചിന്റെ Living Together Programme ജൂലൈ 29-ാം തീയതി ബുധനാഴ്ച വൈകുന്നേരം ആരംഭിച്ച് 30-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. ഇതിനിടയിൽ 29-ാം തീയതി ബുധനാഴ്ച രാവിലെ 10.30 മുതൽ 4 മണിവരെ Priests' Conference ഉം ഉണ്ടായിരിക്കും. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ താഴെ കൊടുക്കുന്നു.

### First Batch - Living Together (2009 July 27 - 28)

| Sl No. | House Name | Rev. Frs. Name | Sl No. | House Name | Rev. Frs. Name |
|---|---|---|---|---|---|
| 1 | Alukka | George | 10 | Elavunkal | Johny |
| 2 | Athickal | Mathew | 11 | Kalappura | Vincent |
| 3 | Chakkittukudy | Jose | 12 | Kalappura | Jose |
| 4 | Chempalayil | Augustine | 13 | Kaniamattam | Joseph |
| 5 | Cherukaramuttam | Peter | 14 | Kattarath | Mathew |
| 6 | Chettaniyil | Thomas | 15 | Keelath | Augustine |
| 7 | Chittoor | Joseph | 16 | Keezheth | Sebastian |
| 8 | Chozhenparambil | John | 17 | Kizhakkumpuram | George |
| 9 | Elavanappara | Sebastian | 18 | Kochuparackal | Mathew |

| | | |
|---|---|---|
| 19 | Koipuram | Sebastian |
| 20 | Kollarthottam | Mathew |
| 21 | Korandiyarkunnel | Paul |
| 22 | Kottackal | Stephen |
| 23 | Kottaram | Jose |
| 24 | Kulathinal | James |
| 25 | Kulirany | Jose |
| 26 | Kumbakeel | Kuriakose |
| 27 | Kumbukal | James |
| 28 | Kunnath | Kuriakose |
| 29 | Kunnath | Johny |
| 30 | Kunnathett | James |
| 31 | Kuthukallunkal | Francis |
| 32 | Kuttikattukunnel | Thomas |
| 33 | Kuttimakkal | James |
| 34 | Madapallikunnel | Mathew |
| 35 | Madathinakam | Leopold |
| 36 | Mampallil | George |
| 37 | Manakkattumattam | Paul |
| 38 | Manakkunnel | Thomas |
| 39 | Manchuvally | Joseph |
| 40 | Manikuttiyil | Kurian |
| 41 | Mankottil | James |
| 42 | Mannoor | Thomas |
| 43 | Mattam | Gervasis |
| 44 | Mecheril | Joseph |
| 45 | Memana | George |
| 46 | Memana | Joseph |
| 47 | Moloparambil | Jose |
| 48 | Moolayil | George |
| 49 | Mulavelikunnel | Jacob |
| 50 | Mundackal | Jose |
| 51 | Mundackamattam | Jose |
| 52 | Mundolickal | Paul |
| 53 | Muthirakalayil | Joseph |
| 54 | Muthukattil | Shantidas |
| 55 | Myladoor | George |
| 56 | Nanthikatt | Joseph |
| 57 | Narikuzhy | Jacob |
| 58 | Nechikatt | Joseph |
| 59 | Nedumpallil | Jacob |
| 60 | Nellickal | Abraham |
| 61 | Nellikunnel | Francis |
| 62 | Nilackappillil | Augustine |
| 63 | Ottaplackal | Thomas |
| 64 | Padinjarayil | George |
| 65 | Paikkatt | Mathew |
| 66 | Palackey | Sebastian |
| 67 | Palakatt | Augustine |
| 68 | Pallichankudiyil | Mathai |
| 69 | Parambil | Kuriakose |
| 70 | Parunthanolil | Thomas |
| 71 | Peedikappara | James |
| 72 | Perumattikunnel | Mathew |
| 73 | Pinakkattu | Joseph |
| 74 | Ponthottiyil | Thomas |
| 75 | Pudussery | Vincent |
| 76 | Punakkatt | Chandy |
| 77 | Puthenpura | John |
| 78 | Puthenpura | Augustine |
| 79 | Puthukulathil | John |
| 80 | Thamarasseril | Vincent |
| 81 | Thayyil | Jose |
| 82 | Thekkanady | Jose |
| 83 | Therakam | Thomas |
| 84 | Therakam | George |
| 85 | Thondiparambil | Joseph |
| 86 | Thuruthel | Joseph |
| 87 | Thykunnumpuram | Thomas |
| 88 | Unnippally | Sebastian |
| 89 | Vadayaparambil | Jose |
| 90 | Valloppilly | Joseph |
| 91 | Vazhachalil | Thomas |
| 92 | Vazhakkala | Chacko |
| 93 | Vazhayil | Kurian |

## Second Batch - Living Together (2009 July 29 - 30)

| Sl No. | House Name | Rev. Frs. Name |
|---|---|---|
| 1 | Aikkarathazhath | Sebin |
| 2 | Ambalathinkal | Sebastian |
| 3 | Chakiath | Xavier |
| 4 | Chakkittakudiyil | James |
| 5 | Changanamthundathil | George |
| 6 | Chelackapallil | Thomas |
| 7 | Chembakkara | James |
| 8 | Chettiyassery | Joseph |
| 9 | Choorapuzhayil | John |
| 10 | Edayakondattu | Paul |
| 11 | Elayidathu | Mani |
| 12 | Elemkunnel | Sebastian |
| 13 | Kachirayil | Thomas |
| 14 | Kakkattikalayil | Sebastian |
| 15 | Kakkonal | Manoj |
| 16 | Kalappura | Alex |
| 17 | Kallunkatharayil | Augustine |
| 18 | Kallupura | Johny |
| 19 | Kappiarumalayil | Jose |
| 20 | Kappiarumalayil | John |
| 21 | Karuthedath | Mathew |
| 22 | Kattuthuruthiyil | Thomas |
| 23 | Kazhuthadiyil | Mathew |
| 24 | Kizhakkanputhupally | John |
| 25 | Kocharackal | Jose |
| 26 | Kochuparackal | Kurian |
| 27 | Kokkandathil | John |
| 28 | Koottala | Paul |
| 29 | Korattiparambil | Vincent |
| 30 | Kottayil | Joseph |
| 31 | Koyikattil | Thomas |
| 32 | Kudackachira | Joseph |
| 33 | Kuzhikandathil | Joseph |
| 34 | Madathil | Abraham |
| 35 | Malayil | Mathew |
| 36 | Mampallil | Anto |
| 37 | Mangalathil | Thomas |
| 38 | Maplassery | Lukose |
| 39 | Mavara | Stanislaus |
| 40 | Meppurath | Chacko |
| 41 | Moolayil | Thomas |
| 42 | Moonnanal | Justin |
| 43 | Moothedath | Mathew |
| 44 | Moothedath | Thomas |
| 45 | Mukkattukavunkal | Thomas |
| 46 | Mulakudiyankal | Varghese |
| 47 | Munjanattu | Mathew |
| 48 | Muthanikkattu | Justin |
| 49 | Muttathukunnel | Joseph |
| 50 | Nadukunnel | Abraham |
| 51 | Nedumkallel | Joseph |
| 52 | Onampally | Jerry |
| 53 | Ousepparampil | Joseph |
| 54 | Padinjarayil | Mathew |
| 55 | Painumkal | Kuriakose |
| 56 | Painumkal | George |
| 57 | Pakkanikuzhiyil | Vinod |
| 58 | Palath | Joseph |
| 59 | Parayil | Sebastian |
| 60 | Pariyappanal | Thomas |
| 61 | Paruvummel | Joseph |
| 62 | Perumattikunnel | Thomas |
| 63 | Perumattikunnel | John |
| 64 | Plassanal | Thomas |

| | | | | | |
|---|---|---|---|---|---|
| 65 | Poovathinkal | Peter | 80 | Thuruthel | Thomas |
| 66 | Pudussery | Martin | 81 | Urumbil | Joseph |
| 67 | Pulinthanam | Jose | 82 | Vadakkancheril | Mathew |
| 68 | Pullamkunnel | Joy | 83 | Vadakkel | Emmanuel |
| 69 | Pulpayil | Joseph | 84 | Vadakkemulanjanal | Michael |
| 70 | Punchayil | Lucka | 85 | Vadayaparambil | Sony |
| 71 | Puthanapra | Kurian | 86 | Valakodiyil | Dominic |
| 72 | Puthenpurackal | Mathew | 87 | Vathelil | Jijo |
| 73 | Puthenpurayil | Manuel | 88 | Vattakkatt | Paul |
| 74 | Puthenpurayil | Joseph | 89 | Vattukunnel | Issac |
| 75 | Puthukulangara | Thomas | 90 | Vazhakatt | Joseph |
| 76 | Thanniyil | Augustine | 91 | Vazhakkalayil | Jose |
| 77 | Thondiparambil | Sebastian | 92 | Vazhappilly | Paul |
| 78 | Thumbiyamkuzhy | Prince | 93 | Veliyath | Joseph |
| 79 | Thuruthel | Kuriakose | | | |

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 8018/2009***

## സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ ഇടയൻ മാർ ജോസ് പൊരുന്നേടം, സുൽത്താൻ ബത്തേരി അസംപ്ഷൻ ഫൊറോന ഇടവകയുടെ കീഴിലുള്ള മൂലങ്കാവ് സെന്റ് ജൂഡ് കുരിശുപള്ളിയെ ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

1973– ൽ ബഹു. പ്ലാത്തോട്ടത്തിൽ ജോസഫ് അച്ചൻ ബത്തേരി പള്ളിയുടെ വികാരിയായിരിക്കുന്നകാലത്ത് മൂലങ്കാവ് ടൗണിൽ 2 സെന്റ് സ്ഥലം വാങ്ങി അവിടെ വി. സെബസ്ത്യാനോസിന്റെ നാമത്തിൽ ഒരു കൊച്ചു കപ്പേള സ്ഥാപിച്ചു. 2002 – ൽ ബഹു. തോമസ് തൈക്കുന്നുംപുറത്തച്ചൻ വികാരിയായിരുന്ന കാലത്ത് കപ്പേള വലുതാക്കി പണിയുകയും എല്ലാ വെള്ളിയാഴ്ചകളിലും വി. കുർബാനയും വി. യൂദാതദേവൂസിന്റെ നൊവേനയും ആരംഭിക്കുകയും ചെയ്തു. ആ വർഷം തന്നെ മാനന്തവാടി രൂപതയുടെ ഇടയനായിരുന്ന മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവ് എല്ലാ ഞായറാഴ്ചകളിലും അവിടെ ദിവ്യബലി അർപ്പിക്കുന്നതിനും, മൂന്നാം ക്ലാസുവരെയുള്ള കുട്ടികൾക്ക് സൺഡേസ്ക്കൂൾ നടത്തുന്നതിനും അനുവാദം നൽകി. 2006 ഏപ്രിൽ 24–ാം തീയതി ബത്തേരി അസംപ്ഷൻ പള്ളിവികാരിയായ ബഹു. ജോർജ് മമ്പള്ളിൽ അച്ചന്റെ നേതൃത്വത്തിൽ മൂലങ്കാവ് ടൗണിനടുത്തായി ഒരേക്കർ സ്ഥലം വാങ്ങുകയും, ദേവാലയം, സൺഡേസ്ക്കൂൾ, പള്ളിമുറി എന്നിവയൊക്കെ ഉപകരിക്കുന്ന ഒരു മൾട്ടിപർപ്പസ് ഹാൾ നിർമ്മിക്കുകയും 2008 നവംബർ 1–ാം തീയതി മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം അതു വെഞ്ചരിക്കുകയും ചെയ്തു. കറന്റ്, ഫോൺ, ബോർവെൽ എന്നീ സൗകര്യങ്ങളും ഒരുക്കിയ ബഹു. മമ്പള്ളിയച്ചനെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

വിസ്തൃതമായ ബത്തേരി അസംപ്ഷൻ ഇടവക ദേവാലയത്തിൽ നിന്ന് 6 കിലോമീറ്റർ അകലെയാണ് മൂലങ്കാവ് കുരിശുപള്ളി. മൂലങ്കാവ് കുരിശുപള്ളിയുടെ ഒരതിർത്തിയായ മുത്തങ്ങ തകരപ്പാടി ഭാഗം അസംപ്ഷൻ പള്ളിയിൽ നിന്ന് 14 കി. മീ. അകലെയാണ്. 17-03-2009 -ന് ബഹു. ജോർജ് മമ്പള്ളിയച്ചൻ മൂലങ്കാവ് കുരിശുപള്ളിയെ ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യുകയും ഈ ശുപാർശ 17-03-2009 ന് ചേർന്ന പ്രിസ്ബിറ്ററൽ കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. 19-04-2009 ന് ചേർന്ന ബത്തേരി ഫൊറോന പള്ളിയുടെ വാർഷിക പൊതുയോഗവും, മൂലങ്കാവുകാരായ 200 പേർ ഒപ്പിട്ട ഒരപേക്ഷയും മൂലങ്കാവ് കുരിശുപള്ളിയെ ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു.

ഈ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് മൂലങ്കാവ് സെന്റ് ജൂഡ് കുരിശുപള്ളിയെ 2009 മെയ് 3 മുതൽ സ്വതന്ത്രമായ പൊതുയോഗവും കൈക്കാരൻമാരും, കണക്കുകളുമുള്ള ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തുന്നു. ഒരു സ്വതന്ത്ര കുരിശുപള്ളിയുടെ എല്ലാ അവകാശങ്ങളും അധികാരങ്ങളും കടമകളും അന്നുമുതൽ മൂലങ്കാവ് കുരിശുപള്ളിക്കുണ്ടായിരിക്കുന്നതാണ്. ഇനിമുതൽ താഴെ പറയുന്ന അതിർത്തിയ്ക്കുള്ളിൽ താമസിക്കുന്ന 200 കുടുംബങ്ങളുടെയും ഭാവിയിൽ ഈ സ്വതന്ത്ര കുരിശുപള്ളിയുടെ അതിർത്തിയിൽ കുടിയേറി പാർക്കുന്നവരുടെയും ആദ്ധ്യാത്മിക സംരക്ഷണവും എല്ലാ കുദാശകളും പരികർമ്മം ചെയ്യുന്നതിനും, ആദ്ധ്യാത്മിക ശുശ്രൂഷ നിർവ്വഹിക്കുന്നതിനുള്ള അധികാരവും കടമയും ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന മൂലങ്കാവ് സ്വതന്ത്ര കുരിശുപള്ളിയുടെ ബഹു. വികാരിയ്ക്കും അദ്ദേഹം നിയമാനുസൃതം അധികാരപ്പെടുത്തുന്നവർക്കും മാത്രമായിരിക്കും. അപ്രകാരം അധികാരപ്പെടുത്താതെ നടത്തുന്ന കൂദാശകളുടെ, വിശിഷ്യ, വിവാഹത്തിന്റെ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതായിരിക്കും.

**അതിർത്തികൾ:**

**വടക്ക്** - ഓടപ്പള്ളം ഗവ. ഹൈസ്ക്കൂൾ, ഫോറസ്റ്റ് വിത്സൻ നമ്പ്യാപറമ്പിലിന്റെ കുടുംബം ഉൾപ്പടെയുള്ള ഭാഗം.

**കിഴക്ക് -** മുത്തങ്ങ, തകരപ്പാടി, ആലീസ് മൈക്കിളിന്റെ കുടുംബം ഉൾപ്പടെയുള്ള ഭാഗം.

**തെക്ക് -** തൊടുവട്ടി ചെക്ക് ഡാം പ്രദേശത്ത് അയിനിമൂട്ടിൽ ലില്ലിയുടെ കുടുംബം ഉൾപ്പെടുന്ന ഭാഗം.

**പടിഞ്ഞാറ് –** തിരുനെല്ലി ഹൗസിംഗ് കോളനിയിൽ ജോസ് പാലാട്ടി യുടെ കുടുംബം ഉൾപ്പെടുന്ന ഭാഗം വരെ.

സ്വതന്ത്രമായ ഒരു സിമിത്തേരി ഉണ്ടാകുന്നതുവരെ ബത്തേരി അസംപ്ഷൻ പള്ളിയുടെ സിമിത്തേരി ഉപയോഗിക്കാൻ മൂലങ്കാവ് സ്വതന്ത്ര കുരിശുപള്ളിയിൽപ്പെട്ടവർക്ക് അവകാശമുണ്ടായിരിക്കും. മാതൃ ഇടവകയിൽ നിന്നും ഓഹരി ഇനത്തിൽ പ്രതിവർഷം 70000/- ക (എഴുപതിനായിരം രൂപ) വീതം 5 വർഷത്തേയ്ക്ക് നൽകുവാൻ സന്നദ്ധരാകുന്ന ഇടവകക്കാരെ അഭിനന്ദിക്കുന്നു.

പുതിയ സ്വതന്ത്ര കുരിശുപള്ളിയുടെ വികാരിയായി ബത്തേരി അസംപ്ഷൻ ഫൊറോന പള്ളി വികാരിയെത്തന്നെ നിയമിക്കുന്നു. മൂല ങ്കാവ് സ്വതന്ത്ര കുരിശുപള്ളിയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവ ഹിച്ച എല്ലാവരെയും, മുൻ വികാരിമാരെയും, പ്രത്യേകിച്ച് ബഹു. ജോർജ് മമ്പള്ളി അച്ചനേയും നന്ദിയോടെ സ്മരിക്കുകയും ഹൃദയ പൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു. പുതിയ സ്വതന്ത്ര കുരിശുപ ള്ളിയെയും അവിടെ സേവനം ചെയ്യുന്ന ബഹു. വൈദീകരേയും സഹാ യസഹകരണങ്ങൾ നൽകുന്ന സിസ്റ്റേഴ്സ്, കൈക്കാരൻമാർ, വാർഡ് പ്രതിനിധികൾ മുതലായ എല്ലാവരേയും നല്ല ദൈവം വി. യൂദാ തദേ വൂസിന്റെ മാധ്യസ്ഥം വഴി ധാരാളമായി അനുഗ്രഹിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്നും രണ്ടായിരത്തി ഒൻപ താമാണ്ട് ഏപ്രിൽ 30 ന് നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

CHANCELLOR DIOCESE OF MANANTHAVADY

JOSE PORUNNEDOM Not to be served, But to serve BISHOP OF MANANTHAVADY

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 8057/2009***

## സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ മെത്രാനായ മാർ ജോസ് പൊരുന്നേടം ഗുണ്ടൽപേട്ട് സി.എം.ഐ ആശ്രമ കപ്പേളയെ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസിന്റെ നാമത്തിലുള്ള ഒരു സ്വതന്ത്ര കുരിശു പള്ളിയായി ഉയർത്തിക്കൊണ്ടു പുറപ്പെടുവിക്കുന്ന ഡിക്രി.

1979 – ൽ സി .എം. ഐ. സഭയുടെ കോഴിക്കോട് പ്രോവിൻസ് ഗുണ്ടൽപേട്ട് ഊട്ടി റോഡിനു സമീപം കുറേ സ്ഥലം വാങ്ങി. ബഹു. ചെസ്സാരിയൂസ് അച്ചൻ പ്രൊവിൻഷ്യലായിരുന്ന അക്കാലത്ത് ബഹു. ജോൺ തോണിപ്പാറയച്ചനും ബഹു. ജോസഫ് മറ്റത്തിലച്ചനും കൂടിയാണ് ആ സ്ഥലം വാങ്ങിയത്. 1981 ഡിസംബർ 24–ന് അന്നത്തെ മാനന്തവാടി മെത്രാനായ മാർ ജേക്കബ് തൂങ്കുഴി പിതാവ് ചാവറ ഭവൻ എന്ന പേരിൽ അവിടെ ഒരു ആശ്രമം വെഞ്ചരിക്കുകയും ആ പ്രദേശത്തെ സീറോ മലബാർ സഭാംഗങ്ങളായ ദൈവജനത്തിന്റെ ആത്മീയ ശുശ്രൂഷ നിറവേറ്റാൻ ബഹു. തോണിപ്പാറയച്ചനെ ചുമതലപ്പെടുത്തുകയും ചെയ്തു. 1984 മുതൽ ഇതൊരു യോഗാർത്ഥി ഭവനമായി മാറിയെങ്കിലും റെക്ടർമാരായി വന്ന ഫാ. ജോസ് കാപ്പുകാട്ടിൽ, ഫാ. ജോർജ്ജ് പടന്നമാക്കൽ, ഫാ. ചെസ്സാരിയൂസ് നാല്പതാംകുളം, ഫാ. മാത്യു മാണിയപ്ര, ഫാ. സേവ്യർ പുല്ലംകാവിൽ, ഫാ. ചാക്കോ പുതുക്കുളങ്ങര, ഫാ. ജോർജ്ജ് നാടുകാണി, ഫാ. തോമസ് കഴുതാടി, ഫാ. സണ്ണി കണ്ണംകുളം എന്നീ ബഹു. വൈദീകരും ആ പ്രദേശത്തെ ദൈവജനത്തിന്റെ ആത്മീയ ശുശ്രൂഷ നിർവ്വഹിച്ചു വന്നിരുന്നു. 1993–ൽ കർമ്മലീത്താ സന്യാസിനീ സമൂഹത്തിന്റെ മാനന്തവാടി പ്രോവിൻസ് ഗുണ്ടൽപേട്ടിൽ ഒരു ഭവനം ആരംഭിച്ചു.

2000 മാർച്ച് 12-ന് അന്നത്തെ മാനന്തവാടി രൂപതാ മെത്രാനായിരുന്ന മാർ. എമ്മാനുവേൽ പോത്തനാമുഴി, ബഹു. ജോൺ തോണിപ്പാറയച്ചനെ ഗുണ്ടൽപേട്ടുള്ള സീറോ മലബാർ റീത്തിൽപ്പെട്ട ദൈവജനത്തിന്റെ അജപാലന ചുമതലയേൽപ്പിച്ചു. 2005 – ൽ ബഹു. ജെയിംസ് പെരുവാച്ചിറയച്ചൻ സുപ്പീരിയറായിരിക്കുന്ന അവസരത്തിൽ ഗുണ്ടൽപേട്ടിലെ ലത്തീൻ റീത്ത് ദേവാലയത്തിന്റെ കീഴിലുള്ള സിമിത്തേരിയുടെ ഒരു ഭാഗം സീറോ മലബാറുകാർക്കായി മൈസൂർ മെത്രാന്റെ അനുവാദത്തോടെ അന്നത്തെ വികാരി റവ. ഫാ. ജോൺ ഡിക്കൂഞ്ഞ വിട്ടു തന്നു. ബഹു. ചാക്കോ പുതുകുളങ്ങരയച്ചനാണ് ഇപ്പോഴത്തെ സുപ്പീരിയർ എന്ന നിലയിൽ ആ പ്രദേശത്തെ സീറോ മലബാർ സഭാംഗങ്ങളായ ദൈവജനത്തിന്റെ അജപാലന ശുശ്രൂഷ നിറവേറ്റി വരുന്നത്.

ഈ പ്രദേശത്ത് ഏതാണ്ട് 15 കി. മീ. ചുറ്റളവിൽ ഏകദേശം 17 കുടുംബങ്ങളാണുള്ളത്. കൃഷിക്കും കച്ചവടത്തിനും വേണ്ടി താൽക്കാലികമായി വന്ന് പാർത്ത് തിരിച്ചുപോകുന്നവരാണ് അധികം പേരും.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങളും സി. എം. ഐ. സഭയുടെ കോഴിക്കോട് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ജോൺ പനന്തോട്ടത്തിലച്ചന്റെ പ്രത്യേക താൽപ്പര്യവും ആ പ്രദേശവാസികളായ 17 പേർ ഒപ്പിട്ട അപേക്ഷയും പരിഗണിച്ച് ഗുണ്ടൽപേട്ട് വാഴ്ത്തപ്പെട്ട ചാവറ കുര്യക്കോസ് ഏലിയാസ് കപ്പേളയെ 2009 മെയ് 17 മുതൽ സ്വതന്ത്രമായ പൊതുയോഗവും, കൈക്കാരൻമാരും, കണക്കുകളുമുള്ള ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തുകയും, ഗുണ്ടൽപേട്ട് ആശ്രമത്തിന്റെ ഇപ്പോഴത്തെ സുപ്പീരിയർ ബഹു. ചാക്കോ പുതുകുളങ്ങര സി. എം. ഐ. അച്ചനെ പുതിയ സ്വതന്ത്ര കുരിശുപള്ളിയുടെ വികാരിയായി നിയമിക്കുകയും ചെയ്യുന്നു. ഒരു സ്വതന്ത്രകുരിശുപള്ളിയുടെ എല്ലാ അവകാശങ്ങളും കടമകളും അധികാരങ്ങളും ഗുണ്ടൽപേട്ട് കുരിശുപള്ളിക്കുണ്ടായിരിക്കും. ഇനി മുതൽ താഴെ പറയുന്ന അതിർത്തിക്കുള്ളിൽ താമസിക്കുന്ന 17 കുടുംബങ്ങളുടെയും ഭാവിയിൽ ഈ സ്വതന്ത്രകുരിശുപള്ളിയുടെ അതിർത്തിയിൽ കുടിയേറിപ്പാർക്കുന്നവരുടേയും ആദ്ധ്യാത്മിക സംരക്ഷണവും, എല്ലാ കൂദാശകളും പരികർമ്മം ചെയ്യുന്നതിനും ആദ്ധ്യാത്മിക ശുശ്രൂഷ നിർവ്വഹിക്കുന്നതിനുമുള്ള അധികാരവും കടമയും ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന ഗുണ്ടൽപേട്ട് സ്വതന്ത്ര കുരിശുപള്ളിയുടെ ബഹു. വികാരിക്കും അദ്ദേഹം നിയമാനുസൃതം അധി

കാരപ്പെടുത്തുന്നവർക്കും മാത്രമായിരിക്കും. അപ്രകാരം അധികാരപ്പെടുത്താതെ നടത്തുന്ന കൂദാശകളുടെ, വിശിഷ്യാ വിവാഹത്തിന്റെ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതായിരിക്കും.

**അതിർത്തികൾ:**

| | | |
|---|---|---|
| കിഴക്ക് | - | തൃക്കണാംബി പഞ്ചായത്ത് |
| പടിഞ്ഞാറ് | - | ബന്ദിപ്പൂർ ഫോറസ്റ്റ് |
| വടക്ക് | - | ബന്ദിപ്പൂർ ഫോറസ്റ്റ് |
| തെക്ക് | - | ബേഗൂർ പഞ്ചായത്ത് |

ഈ സ്വതന്ത്ര കുരിശുപള്ളിയുടെ സ്ഥാപനത്തിനു മുമ്പ് ഇവിടെ സേവനമനുഷ്ഠിച്ച എല്ലാ ബഹു. വൈദികരെയും നന്ദിയോടെ സ്മരിക്കുന്നു. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മധ്യസ്ഥത്തിൽ ഈ സ്വതന്ത്ര കുരിശുപള്ളി അഭിവൃദ്ധിപ്പെടാൻ ഇടയാകട്ടെ.

ഈ സ്വതന്ത്ര കുരിശുപള്ളിയെയും അവിടുത്തെ ദൈവജനത്തേയും പുതിയതായി നിയമിതനായ വികാരിയച്ചനേയും നല്ല ദൈവം പ്രത്യേകം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്നും രണ്ടായിരത്തി ഒൻപതാമാണ്ട് മെയ് മാസം അഞ്ചാം തീയതി നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

CHANCELLOR
DIOCESE OF MANANTHAVADY

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

JOSE PORUNNEDOM
Not to be served, But to serve
BISHOP OF MANANTHAVADY

# രൂപതാദിനം 2009 റിപ്പോർട്ട്

ഈ വർഷത്തെ രൂപതാദിനാഘോഷങ്ങൾ 2009 മെയ് 1-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതയാകുന്ന വലിയ കുടുംബത്തിന്റെ പ്രതിനിധി സമ്മേളനമായ ഈ കൂട്ടായ്മയുടെ ആഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് രാവിലെ 9.25-ന് രൂപതയുടെ പതാക അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉയർത്തി. അതിനുമുൻപ് 9 മണിക്ക് കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ 'റേഡിയോ മാറ്റൊലി' യുടെ സ്റ്റുഡിയോയുടെയും ഓഫീസിന്റെയും വെഞ്ചരിപ്പു കർമ്മം അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിക്കുകയുണ്ടായി. പതാക ഉയർത്തിയതിനുശേഷം എല്ലാവരും ജപമാല ചൊല്ലി പ്രാർത്ഥിച്ചു. 10.00 ന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തിയ ബലിയർപ്പണത്തിൽ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ, സിഞ്ചെല്ലൂസ് ജോസ് തേക്കനാടി എന്നിവർ സഹകാർമ്മികരായി. വി. കുർബാന മദ്ധ്യേ അഭിവന്ദ്യ പിതാവ് വചന സന്ദേശം നൽകി. വ്യത്യസ്തങ്ങളായ അവയവങ്ങൾ ശരീരത്തിൽ ഒന്നായിരിക്കുന്നതുപോലെ നാം ഒന്നായിരിക്കണമെന്നും ഓരോ അവയവത്തിനും വ്യത്യസ്തങ്ങളായ ദൗത്യങ്ങളുള്ളതുപോലെ നമുക്കും വ്യത്യസ്തങ്ങളായ ദൗത്യങ്ങളാണ് ഉള്ളതെന്നും നാമെല്ലാവരും ഇടയന്മാരാണെന്നും നീതിപൂർവ്വം നമ്മെ ഏൽപ്പിച്ച ദൗത്യങ്ങൾ നിർവ്വഹിക്കുമ്പോഴാണ് നാം ഇടയധർമ്മം നിർവ്വഹിക്കുന്നതെന്നും തെറ്റുകൾ ചൂണ്ടികാണിക്കുന്നതും, ഇടയദൗത്യത്തിന്റെ ഭാഗമാണെന്നും, ചുരുക്കത്തിൽ യേശുവിന്റെ ശൈലി സ്വീകരിക്കാൻ വിളിക്കപ്പെട്ടവരാണ് നാമെന്നും പിതാവ് തന്റെ സന്ദേശത്തിൽ സൂചിപ്പിച്ചു. ബഹു. ബെന്നി വെളിയത്തച്ചന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഉച്ചയ്ക്ക് 12 മണിയോടെ റേഡിയോ മാറ്റൊലിയിൽ നിന്നും റേഡിയോ സ്റ്റേഷന്റെ വെഞ്ചരിപ്പിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാവ് നടത്തിയ പ്രസംഗം റേഡിയോയിലൂടെ എല്ലാവരും ശ്രവിച്ചു.

തുടർന്ന് ഈശ്വരപ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. മോൺ. ജോർജ് മൂലയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് സമ്മേളനത്തിൽ അദ്ധ്യക്ഷത

വഹിച്ചു. രൂപതയുടെ ഒരു ചെറിയ പതിപ്പാണ് ഇന്ന് ഈ രൂപതാദിനത്തിൽ സന്നിഹിതരായിരിക്കുന്നതെന്നും നാം ഒരു ശരീരത്തിലെ അവയവങ്ങളായതുകൊണ്ടു തന്നെ എല്ലാ അവയവങ്ങളും ഒരു പോലെ വളരണമെന്നും ഓരോ അവയവത്തിന്റെയും സന്തോഷം മറ്റെല്ലാ അവയവങ്ങളുടെയും ശരീരത്തിന്റെയും മൊത്തം സന്തോഷമായി മാറണമെന്നും, നമ്മുടെ രൂപതയിൽ എല്ലാം നന്നായി നടന്നു പോകുന്നത് എല്ലാവരുടെയും നല്ല സഹകരണം ഉള്ളതുകൊണ്ടാണെന്നും ഈ സഹകരണത്തിന് ഏറെ നന്ദിയും സ്നേഹവുമുണ്ടെന്നും അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. റവ. ഫാ. വിൻസെന്റ് താമരശ്ശേരി, റവ. സി. പ്രിമോസ എസ്. സി. വി., ശ്രീമതി മേഴ്സി ജോയി ആര്യപ്പിള്ളി എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു.

തുടർന്ന് സന്യാസജീവിതത്തിന്റെ 50 വർഷം പൂർത്തിയാക്കിയ സി. വില്ലനോവ എഫ്.സി.സി., സി. ജനോവ എഫ്.സി.സി., സി. സബീന എസ്.എ.ബി.എസ്., സി. ഇമ്മാക്കുലേറ്റ് എസ്.എച്ച്., സി. ഇന്നസെന്റ് എസ്.എച്ച്., സി. മരിയറ്റ എസ്.എച്ച്. സി. ഇൻഫന്റ് ട്രീസ എസ്.എച്ച്., സി. മാർഗ്ഗരറ്റ് മേരി എസ്.എച്ച്., സി. ഗ്രേയ്സ് എസ്.എച്ച്., സി. ഡിഗ്നമരിയ എസ്.എച്ച്., സി. മേരി ലൂസി എസ്.എച്ച് എന്നിവരെയും ദേവാലയ ശുശ്രൂഷയുടെ 25 വർഷം പൂർത്തിയാക്കിയ ശ്രീ. ദേവസ്യ പുതുശ്ശേരിയിൽ (വാളവയൽ) മതാധ്യാപനത്തിന്റെ 35 വർഷം പൂർത്തിയാക്കിയ ശ്രീ. ജോൺ മഞ്ചുവള്ളി (ചുങ്കക്കുന്ന്), ശ്രീ.ജോസഫ് പുത്തേൻ (കാരയ്ക്കാമല) എന്നിവരെയും ദേവാലയ സംഗീതരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച ബഹു. വിജയൻ ചോഴൻപറമ്പിൽ അച്ചൻ, ബ്രദർ എബിൻ കൊച്ചുപുരയ്ക്കൽ, ശ്രീ. ഔസേപ്പച്ചൻ വള്ളിക്കാവുങ്കൽ (തലപ്പുഴ), കെ. സി. ബി. സി. ഗുരുപൂജ അവാർഡിനർഹനായ ശ്രീ. അബ്രാഹം പാറ്റാനി (കൽപ്പറ്റ), സംസ്ഥാനത്തെ പ്രൈവറ്റ് ഹയർ സെക്കന്ററി സ്ക്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഏകസംഘടനയായ കെ. പി. എസ്. എച്ച്. എ. യുടെ ഈ വർഷത്തെ മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡിനർഹനായ ശ്രീ. ജോസ് പുന്നക്കുഴി (കണിയാരം), മികച്ച മദ്യവിരുദ്ധ പ്രവർത്തകനുള്ള കെ. സി. ബി. സി. അവാർഡിനർഹനായ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ (തോമാട്ടുചാൽ) എന്നിവരെയും അഭിവന്ദ്യപിതാവ് പൊന്നാടയണിയിച്ച് ആദരിച്ചു.

തുടർന്ന് മാനന്തവാടി രൂപത മതബോധനകേന്ദ്രം പ്രസിദ്ധീകരിക്കുന്ന വചനഡയറിയുടെ പ്രകാശനം അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. തുടർന്ന് കെ. സി. വൈ. എം. രൂപതാ പ്രസിഡന്റ് അനീഷ് ഓമക്കര ഏവർക്കും നന്ദിപറഞ്ഞു. രൂപതാഗാനത്തോടെ സമ്മേളനം അവസാനിച്ചു.

സ്നേഹവിരുന്നിനുശേഷം ഉച്ച കഴിഞ്ഞ് 2.15 ന് ശ്രീ. ഔസേപ്പച്ചൻ വള്ളിക്കാവുങ്കൽ (തലപ്പുഴ) രചിച്ച്, ബഹു. വിജയൻ ചോഴൻപറമ്പിലച്ചൻ ഈണം പകർന്ന ദേവാലയ സംഗീത വിരുന്ന് നടത്തപ്പെട്ടു. ബഹു. വിജയനച്ചനോടൊപ്പം സി. ഫിൽസി. എസ്.എച്ച്, ശ്രീ. സാബു സേവ്യർ അറയ്ക്കപ്പറമ്പിൽ (വാഴവറ്റ), ജോയിസ് മരിയ ജോസ്, & പൊന്നി മരിയ ജോസ് കുഴിക്കൊമ്പിൽ (ദ്വാരക) മഞ്ജുഷ തോമസ് തെന്നാട്ടിൽ (ദ്വാരക), ജോണി കരിമാലിൽ (നെടുംമ്പാല), ഡെന്നീസ് ദേവസ്യ വടശ്ശേരിയിൽ (പാക്കം) എന്നിവർ പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് മോൺ. ജോർജ്ജ് മൂലയിൽ ബഹു. വിജയനച്ചനും ടീമംഗങ്ങൾക്കും നന്ദി പറഞ്ഞു. തുടർന്ന് മാനന്തവാടി നടനകലാകേന്ദ്രത്തിലെ ശ്രീ. സാബു സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ കുട്ടികൾ മനോഹരമായ നൃത്തങ്ങൾ അവതരിപ്പിച്ചു. സി. ലിറ്റിൽ ട്രീസ എസ്. എച്ച്. കുട്ടികൾക്കും ശ്രീ. സാബുവിനും പ്രത്യേകം നന്ദി അറിയിച്ചു. കലാപരിപാടികളുടെ അവസാനം രൂപതാ ചാൻസലർ ഫാ. ജോസഫ് പരുവുമ്മേൽ രൂപതാദിനം അവിസ്മരണീയമാക്കി മാറ്റിയ ഏവരെയും സ്നേഹപൂർവ്വം ഓർക്കുകയും നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

രൂപതയുടെ വിവിധഭാഗങ്ങളിൽ നിന്നായി രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർ, എല്ലാ സമൂഹങ്ങളുടെയും മേജർ സുപ്പീരീയേഴ്സ്, എല്ലാ സന്യാസഭവനങ്ങളുടെയും സൂപ്പിരിയേഴ്സ്, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവകയിലെ നടത്തുകൈക്കാരന്മാർ, സെക്രട്ടറിമാർ, ദേവാലയശുശ്രൂഷികൾ, സൺഡേസ്ക്കൂൾ പ്രധാന അദ്ധ്യാപകർ, വിവിധസംഘടനകളുടെ രൂപതാഭാരവാഹികൾ, രൂപതയിലെ എൽ. പി., യു.പി., എച്ച്. എസ്., എച്ച്. എസ്. എസ്., എന്നിവയുടെ പ്രധാന അദ്ധ്യാപകർ എന്നീ വിഭാഗങ്ങളിൽ നിന്നായി 800 ലധികം വ്യക്തികൾ രൂപതാദിനാഘോഷങ്ങളിൽ പങ്കെടുത്തു. രൂപതാദിനാഘോഷങ്ങൾ സുന്ദരവും മനോഹരവുമാക്കാൻ സഹായിച്ച എല്ലാവരെയും വളരെ പ്രത്യേകമായി വിവിധ കമ്മിറ്റി കൺവീനർമാരായി പ്രവർത്തിച്ച പാസ്റ്ററൽ സെന്ററിലെ എല്ലാ വൈദികരെയും സിസ്റ്റേഴ്സിനെയും സ്റ്റാഫംഗങ്ങളെയും സീയോൻ ധ്യാനകേന്ദ്രത്തിലെ സിസ്റ്റേഴ്സിനെയും വിവിധ സംഘടനാപ്രവർത്തകരെയും മേജർ സെമിനാരി വിദ്യാർത്ഥികളെയും പലവിധത്തിൽ സഹായ സഹകരണങ്ങൾ ചെയ്തു തന്ന എല്ലാവരെയും ഓർക്കുകയും ഏവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# വിദ്യാഭ്യാസ സഹായനിധി

അഭിവന്ദ്യ പിതാവിന്റെ വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് 2008–2009 വർഷത്തിൽ ലഭിച്ച തുകയും അതിൽനിന്ന് വിതരണം ചെയ്ത തുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇടവകയിൽ നിന്നും വിദ്യാഭ്യാസസഹായനിധിയിലേയ്ക്ക് എടുത്ത പ്രത്യേക സംഭാവന, ഇടവകയിൽ നിന്നും ലഭിച്ച മറ്റ് പിരിവുകളുടെ ലിസ്റ്റിലാണ് കൊടുത്തിരിക്കുന്നത്. (പേജ് 464 – 471)

## 5% from Parish Feast

| SN | Name | Amount |
|---|---|---|
| 1 | Chithragiri Church | 2500 |
| 2 | Kuttimoola Church | 1000 |
| 3 | Mangalam Church | 1000 |
| 4 | Valavayal Church | 2500 |

## First Holy Communion

| SN | Name | Amount |
|---|---|---|
| 1 | Dharmagiri Church | 1000 |
| 2 | Dwaraka Church | 2880 |
| 3 | Karani Church | 602 |
| 4 | Kottathara Church | 10001 |
| 5 | Kuttimoola Church | 2000 |
| 6 | Muthireri Church | 2500 |
| 7 | Prasanthagiri Church | 1500 |
| 8 | Santhome Church, Bangalore | 10000 |

## Special Donors

| SN | Name | Amount |
|---|---|---|
| 1 | Bishop Jose Porunnedom | 10000 |
| 2 | Jobins Namala Makkiyad | 500 |
| 3 | Ramwadi | 10000 |
| 4 | Mt Ramwadi | 10000 |

| | | |
|---|---|---|
| 5 | Fr. Sebastian Keezheth | 5000 |
| 6 | Mrs. Alice Varkey Dapodi, Pune-27 | 7500 |
| 7 | From Pune | 3000 |
| 8 | Amal Jose Thozhuthunkal, Thomattuchal | 489.5 |
| 9 | Amaya Johns Thozhuthunkal, Thomattuchal | 405.25 |
| 10 | Mt Ramwadi | 3000 |
| 11 | Pune | 6000 |
| 12 | Jot Tharapputhottiyil, Kolavayal | 2000 |
| 13 | Anto Tharapputhottiyil, Kolavayal | 500 |
| 14 | Fr. Kurian Kattamkottil CMI | 1500 |
| 15 | Mr. Bastin Kottukappilly, Mysore | 21000 |
| 16 | Jimmy Cherian Kelachandra, Hulimavu Bangalore | 1000 |
| 17 | Mr. Cyriac Sebastian, Bangalore | 100000 |
| 18 | Mr. Varghese Kochukudiyil, Prasanthagiri | 633 |
| 19 | Mr.Jose Elanjimattam | 1000 |
| 20 | Fr. Prior Benedictain Monastry, Makkiyad | 10000 |
| 21 | Mr. Vinoy Joseph, Adackathode | 1000 |
| 22 | Sr. Superior General, SKD Generalate, Thonichal | 5000 |
| 23 | CML Nadavayal | 1000 |
| 24 | SH Provincial House, Dwaraka | 25000 |
| 25 | St. Joseph's Convent, Chundakkara | 10000 |

## Education Aid Fund Disbursement List - May 2009

| No. | Parish | Receipents | Amount | No. | Parish | Receipents | Amount |
|---|---|---|---|---|---|---|---|
| 1 | Adackathode | 4 | 4000 | 12 | Bavali | 4 | 4000 |
| 2 | Adikolly | 4 | 4000 | 13 | Bekki | 4 | 4000 |
| 3 | Alattil | 4 | 4000 | 14 | Bhoodanam | 4 | 4000 |
| 4 | Amarakkuni | 4 | 4000 | 15 | Boy's Town | 4 | 4000 |
| 5 | Ambalavayal | 4 | 4000 | 16 | Burliar | 4 | 4000 |
| 6 | Ambayathode | 4 | 4000 | 17 | Charity | 4 | 4000 |
| 7 | Appappara | 4 | 4000 | 18 | Chennalode | 4 | 4000 |
| 8 | Arattuthara | 4 | 4000 | 19 | Cherukattoor | 4 | 4000 |
| 9 | Arinchermala | 4 | 4000 | 20 | Chithragiri | 4 | 4000 |
| 10 | Arulnilayam | 4 | 4000 | 21 | Chooralmala (Independent Station) | 4 | 4000 |
| 11 | Aruvankadu (Independent Station) | 4 | 4000 | 22 | Chulliode | 4 | 4000 |

| | | | |
|---|---|---|---|
| 23 | Chulliyana | 4 | 4000 |
| 24 | Chungakunnu | 4 | 4000 |
| 25 | Coonoor | 4 | 4000 |
| 26 | Deepthigiri | 4 | 4000 |
| 27 | Dharmagiri | 4 | 4000 |
| 28 | Dwaraka | 4 | 4000 |
| 29 | Edapetty | 4 | 4000 |
| 30 | Edayoorkunnu | 2 | 2000 |
| 31 | Edivanna | 2 | 2000 |
| 32 | Elapeedika | 4 | 4000 |
| 33 | Heggade | 2 | 2000 |
| 34 | Irulam | 4 | 4000 |
| 35 | Jude's Mount (Independent Station) | 4 | 4000 |
| 36 | Kabanigiri | 4 | 4000 |
| 37 | Kadalmad | 4 | 4000 |
| 38 | Kallody | 4 | 4000 |
| 39 | Kallumukku | 4 | 4000 |
| 40 | Kalluvayal | 4 | 4000 |
| 41 | Kalpetta | 4 | 4000 |
| 42 | Kalpra | 4 | 4000 |
| 43 | Kammana | 4 | 4000 |
| 44 | Kaniambetta | 4 | 4000 |
| 45 | Karimani | 4 | 4000 |
| 46 | Karimbil | 4 | 4000 |
| 47 | Kartikulam | 4 | 4000 |
| 48 | Kavummannam | 4 | 4000 |
| 49 | Kayyunny | 4 | 4000 |
| 50 | Kelakam | 4 | 4000 |
| 51 | Kenichira | 4 | 4000 |
| 52 | Kolavayal | 2 | 2000 |
| 53 | Kommayad | 4 | 4000 |
| 54 | Kottathara | 4 | 4000 |
| 55 | Kottiyoor | 4 | 4000 |
| 56 | Kunjhome | 4 | 4000 |
| 57 | Kunnalady | 4 | 4000 |
| 58 | Kurumani | 4 | 4000 |
| 59 | Kurumbala | 4 | 4000 |
| 60 | Kuttimoola | 4 | 4000 |
| 61 | Lakkidi | 1 | 1000 |
| 62 | Machikolly | 4 | 4000 |
| 63 | Makkiyad | 4 | 4000 |
| 64 | Mananthavady Cathedral | 4 | 4000 |
| 65 | Mananthavady Town | 4 | 4000 |
| 66 | Mangalam | 4 | 4000 |
| 67 | Mangalassery | 4 | 4000 |
| 68 | Manjoora | 4 | 4000 |
| 69 | Manvayal | 4 | 4000 |
| 70 | Marakavu | 4 | 4000 |
| 71 | Marakkadavu | 4 | 4000 |
| 72 | Martin Nagar | 4 | 4000 |
| 73 | Marutha (Independent Station) | 4 | 4000 |
| 74 | Maryland | 4 | 4000 |
| 75 | Meenangadi | 4 | 4000 |
| 76 | Moolankave | 4 | 4000 |
| 77 | Moolepadam | 1 | 1000 |
| 78 | Mothakkara | 4 | 4000 |
| 79 | Mullenkolly | 4 | 4000 |
| 80 | Munderi | 4 | 4000 |
| 81 | Muthireri | 4 | 4000 |
| 82 | Muttiyel (Independent Station) | 4 | 4000 |
| 83 | Nadavayal | 4 | 4000 |
| 84 | Narivalamunda | 4 | 4000 |
| 85 | Nedumpala | 4 | 4000 |
| 86 | Neikuppa | 4 | 4000 |
| 87 | Nelliyodi | 4 | 4000 |
| 88 | Niravilpuzha | 4 | 4000 |
| 89 | Njarapadam | 4 | 4000 |
| 90 | Olivumala | 4 | 4000 |
| 91 | Ozhukkanmoola | 4 | 4000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 92 | Padamala | 4 | 4000 | 114 | Santhigiri | 4 | 4000 |
| 93 | Palankara | 4 | 4000 | 115 | Seethamount | 4 | 4000 |
| 94 | Palchuram | 4 | 4000 | 116 | T K Colony | 4 | 4000 |
| 95 | Palemad | 4 | 4000 | 117 | Thalanji | 4 | 4000 |
| 96 | Panamchira | 4 | 4000 | 118 | Thariode | 4 | 4000 |
| 97 | Panavally | 4 | 4000 | 119 | Thavinjal | 4 | 4000 |
| 98 | Panthipoyil | 4 | 4000 | 120 | Thelpara | 4 | 4000 |
| 99 | Parathottam | 4 | 4000 | 121 | Theneri | 4 | 4000 |
| 100 | Pathiripadam | 4 | 4000 | 122 | Thomattuchal | 4 | 4000 |
| 101 | Pattanikoop | 4 | 4000 | 123 | Thonichal | 4 | 4000 |
| 102 | Pookkottumpadam | 4 | 4000 | 124 | Thrissilery | 4 | 4000 |
| 103 | Poolapadam | 4 | 4000 | 125 | Vadakkanad | 4 | 4000 |
| 104 | Poroor | 4 | 4000 | 126 | Vakery | 4 | 4000 |
| 105 | Prasanthagiri | 4 | 4000 | 127 | Valad | 4 | 4000 |
| 106 | Pudussery | 4 | 4000 | 128 | Valavayal | 4 | 4000 |
| 107 | Puthiyidom | 4 | 4000 | 129 | Valiakolly | 3 | 3000 |
| 108 | Puthiyidomkunnu | 4 | 4000 | 130 | Varketta | 3 | 3000 |
| 109 | Puthusserikkadavu | 4 | 4000 | 131 | Vazhavatta | 4 | 4000 |
| 110 | Puzhamudi | | | 132 | Velloonny | 4 | 4000 |
| | (Independent Station) | 4 | 4000 | 133 | Vilambukandam | 4 | 4000 |
| 111 | Rippon | 4 | 4000 | 134 | Vimalagiri | 4 | 4000 |
| 112 | Ruby Nagar | 4 | 4000 | 135 | Vythiri | 4 | 4000 |
| 113 | S. Bathery | 4 | 4000 | | | | |

2009 മെയ് 15-ാം തീയതി ഇടവകയിലേയ്ക്ക് ചെക്ക്, Aid Disbursement Form എന്നിവ അയയ്ക്കുകയുണ്ടായി. ഇതിൽ Aid Disbursement Form പൂരിപ്പിച്ച് കഴിവതും വേഗം വിദ്യാഭ്യാസസഹായ നിധി സെക്രട്ടറിയുടെ അഡ്രസ്സിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അയച്ചുതരണമെന്ന് താൽപര്യപ്പെടുന്നു. ഏവരുടെയും സഹായസഹകരണങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ**

സെക്രട്ടറി, വിദ്യാഭ്യാസ സഹായനിധി

# Education Aid Fund & Effect

അഭിവന്ദ്യ പിതാവിന്റെ വിദ്യാഭ്യാസ സഹായനിധിയിൽ നിന്നും സന്യാസിനീ സമൂഹത്തിന്റെ ഒരു പ്രവർത്തന പദ്ധതിയായ Effect ൽ നിന്നും 2009–'10 അധ്യയനവർഷം സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥി കളുടെയും രക്ഷിതാക്കളുടെയും സംഗമം മെയ് 8, 11, 13 തീയതികളി ലായി ദ്വാരക, ബത്തേരി, മണിമൂളി എന്നിവിടങ്ങളിൽ വച്ചു നടത്തി. മൂന്നു മീറ്റിംഗുകളിലുമായി 526 കുട്ടികളും അവരുടെ രക്ഷിതാക്കളും പങ്കെടുത്തു. ഓരോ സ്ഥലത്തും ദിവ്യബലി, മാതാപിതാക്കൾക്കും കുട്ടികൾക്കും പ്രത്യേകം ക്ലാസുകൾ എന്നിവയ്ക്കുശേഷം ഉച്ചഭക്ഷ ണത്തോടെ സംഗമം പിരിയുകയായിരുന്നു. ഓരോ സ്ഥലത്തും ദിവ്യ ബലിയർപ്പിക്കുകയും ക്ലാസെടുക്കുകയും ചെയ്തവർ താഴെപ്പറയുന്ന വരാണ്.

**ദ്വാരക:- S.H.H.S. School**

ദിവ്യബലി : മോൺ. ജോർജ് മൂലയിൽ (വികാരിജനറാൾ)

മാതാപിതാക്കൾക്ക് ക്ലാസ് : സി. സിൻക്ലെയർ F.C.C.

കുട്ടികൾക്ക് ക്ലാസ് : ശ്രീ. ജോസ് പുന്നക്കുഴി (H.M. Fr. GKMHS, Kaniyaram)

**ബത്തേരി അസംപ്ഷൻ**

ദിവ്യബലി : റവ. ഫാ. സുജേഷ് മുട്ടത്തുകുന്നേൽ (അസി. വികാരി, അസംപ്ഷൻ ഫൊറോനാചർച്ച്, ബത്തേരി)

മാതാപിതാക്കൾക്ക് ക്ലാസ് : ശ്രീ. ബേബി (H.M. Govt. Higher Secondary School, Panamkandy)

കുട്ടികൾക്ക് ക്ലാസ് : സി. മേഴ്സി S.A.B.S.

**മണിമൂളി പാസ്റ്ററൽ സെന്റർ**

ദിവ്യബലി : റവ. ഫാ. ചാണ്ടി പുനക്കാട്ട് (ഫൊറോനാ വികാരി, നിലമ്പൂർ)

മാതാപിതാക്കൾക്ക് ക്ലാസ് : റവ. ഫാ. ചാണ്ടി പുനക്കാട്ട്
കുട്ടികൾക്ക് ക്ലാസ് : സി. നാൻസി F.C.C.

ഈ സംഗമങ്ങൾക്ക് വേണ്ട സഹായ സഹകരണങ്ങൾ നൽകിയ വികാരിജനറാൾ ബഹു. ജോർജ് മൂലയിലച്ചൻ, രൂപതാ ചാൻസലർ ബഹു. ജോസഫ് പരുവുമ്മേലച്ചൻ, ബത്തേരി ഫൊറോനാ വികാരി ബഹു. ജോർജ് മമ്പള്ളിയച്ചൻ, അസി. വികാരിമാരായ ബഹു. സുജേഷച്ചൻ, ജെയിസനച്ചൻ, ബത്തേരി എഫ്.സി.സി. സമൂഹാംഗങ്ങൾ, മണിമൂളി പാസ്റ്ററൽ സെന്റർ ഡയറക്ടറായ ബഹു. ടോമി മംഗലത്തിലച്ചൻ, അവിടുത്തെ സ്റ്റാഫംഗങ്ങൾ, ദ്വാരക സേക്രഡ് ഹാർട്ട് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്, അവിടത്തെ നോൺ ടീച്ചിംഗ് സ്റ്റാഫംഗങ്ങൾ, Effect കമ്മറ്റി അംഗങ്ങളായ സിസ്റ്റേഴ്സ് എന്നിവരെയും ക്ലാസ് നയിച്ച പ്രധാനാധ്യാപകരായ പുന്നക്കുഴി ജോസ് സാർ, ബേബിസാർ, ബഹു. ചാണ്ടിയച്ചൻ, സി. മേഴ്സി S.A.B.S., സി. നാൻസി F.C.C. എന്നിവരെയും ഏറ്റം നന്ദിയോടെ ഓർക്കുന്നു.

ചുങ്കക്കുന്ന് ഫൊറോനാ ദേവാലയത്തിൽ വച്ച് നടത്താനുദ്ദേശിച്ചിരുന്ന മീറ്റിംഗ് ജൂൺ മാസത്തിൽ നടത്തുന്നതായിരിക്കും. തീയതി പിന്നീടറിയിക്കുന്നതാണ്.

**സി. സിൻക്ലെയർ F.C.C.**
കൺവീനർ, Effect

# മതബോധനരംഗം

**മതബോധനഞായർ : ജൂൺ 14**

ദൈവജനത്തെ വിശ്വാസത്തിൽ വളർത്താൻ ഏതൊരു ക്രൈസ്തവനും കടമയുണ്ട്. ഇത് മാമ്മോദീസായിലൂടെ ലഭിച്ചിരിക്കുന്ന അവകാശമാണ്. നമ്മുടെ ഇടവകകളിലെ വിശ്വാസ പരിശീലനത്തെപറ്റി, സഭയുടെ പഠനത്തിന്റെയും പ്രബോധനത്തിന്റേയും പശ്ചാത്തലത്തിൽ ചിന്തിക്കുവാനുള്ള ഒരു അവസരമാണ് മതബോധന ഞായർ.

നമ്മുടെ ഇടവകകളിൽ നിസ്വാർത്ഥമായി അധ്യാപന ശുശ്രൂഷ നടത്തുന്ന അധ്യാപകരുടെ ഗണം പ്രശംസ അർഹിക്കുന്നുണ്ട്. സഭയുടെയും, വിശ്വാസത്തിന്റെയും വളർച്ചയ്ക്കായി തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന, രൂപതയിലെ എല്ലാ അധ്യാപകരേയും ഈ അവസരത്തിൽ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. വിശ്വാസപരിശീലന രംഗത്ത് നമ്മൾ ചെയ്യുന്ന ശുശ്രൂഷകൾക്ക് വിപരീതമായ കാര്യങ്ങൾ സമൂഹമദ്ധ്യേ നടമാടുമ്പോൾ പരിശീലനത്തിലേർപ്പെടുന്ന കുട്ടികൾ ഈ സാഹചര്യങ്ങളിലാണ് ജീവിക്കുന്നത് എന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. അതിനാൽ "വൈദീകഗണത്തിന്റെ കരുത്തേറിയ സഹപ്രവർത്തകർ എന്ന നിലയിൽ അവരുടെ ദൗത്യം പുതിയതും അതിവിപുലവുമായ ചുമതലകളാൽ ഭാരിച്ചതാണെങ്കിലും ആവുന്നത്ര ഭംഗിയായി നിർവ്വഹിക്കത്തക്കവണ്ണം അവരുടെ പരിശീലനം അത്രയ്ക്ക് പൂർണ്ണമായതും സാംസ്കാരിക മുന്നേറ്റത്തിന് പര്യാപ്തവുമായിരിക്കണം" (പ്രേഷിത പ്രവർത്തനം 17, രണ്ടാം വത്തിക്കാൻ സൂനഹദോസ്). കൗൺസിൽ വീണ്ടും അധ്യാപകരോട് പറയുന്നത് ഇപ്രകാരമാണ്. "കത്തോലിക്കാ പഠനങ്ങൾ പ്രത്യേകിച്ച് വിശുദ്ധഗ്രന്ഥത്തിന്റെയും, ആരാധനക്രമത്തിന്റെയും, വേദാധ്യാപനരീതിയുടെയും അജപാലനത്തിന്റെയും മണ്ഡ

ലങ്ങളിൽ അധ്യാപകർ ശിക്ഷണം നേടണം.” എങ്കിലേ കുട്ടികളെ വേണ്ട വിധത്തിൽ പരിശീലിപ്പിക്കാൻ സാധിക്കൂ.

മതബോധന ഞായർ ആഘോഷിക്കുമ്പോൾ കുട്ടികൾ തങ്ങളുടെ കടമയും കർത്തവ്യവും മറക്കാതിരിക്കുവാൻ ശ്രദ്ധിക്കണം. വിശ്വാസത്തിൽ വളരാനും, ആ വിശ്വാസത്തിൽ ജീവിക്കുവാനുമുള്ള പരിശീലനമാണ് നിങ്ങൾ നേടേണ്ടത്. ഓരോ ക്ലാസിലും നിങ്ങളുടെ പ്രായത്തിനനുസരിച്ച് വിശ്വാസത്തിൽ വളരുവാനുള്ള സത്യങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അത് പഠിക്കുകയും ഹൃദിസ്ഥമാക്കുകയും വേണം. പഠനം വേണ്ടവിധം നടന്നാൽ മാത്രമേ ജീവിതത്തിൽ അവ പ്രാവർത്തികമാക്കാൻ സാധിക്കൂ. തിരുവചനപഠനസഹായിയാണ് നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന “എന്റെ വചനഡയറി”. XII-ാം ക്ലാസ് പൂർത്തിയാകുന്നതോടെ ബൈബിൾ മുഴുവൻ വായിച്ചുതീരുന്ന തരത്തിലാണ് അത് ക്രമീകരിച്ചിരിക്കുന്നത്; ആയതിനാൽ നിങ്ങളുടെ വചനഡയറി കൃത്യമായിട്ട് എഴുതാൻ എല്ലാ ദിവസവും അതിൽ ചേർത്തിരിക്കുന്ന ബൈബിൾ ഭാഗം വായിക്കണം, അത് ശീലമാക്കണം.

മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ വിശ്വാസ പരിശീലനത്തെ അതീവ ഗൗരവത്തോടെ ശ്രദ്ധിക്കേണ്ടതാണ്. പരിശീലനം ദൈവാലയത്തിൽ മാത്രമല്ല, കുടുംബമാണ് പ്രഥമ പരിശീലനവേദി; മാതാപിതാക്കൾ പ്രഥമാദ്ധ്യാപകരും. കുഞ്ഞുങ്ങളുടെ വിശ്വാസ വളർച്ചയ്ക്ക് ആവശ്യമായതെല്ലാം കൊടുക്കണം; വീട്ടിൽവച്ച് ചെയ്യാനുള്ളതെല്ലാം ചെയ്യിപ്പിക്കണം. പ്രത്യേകിച്ച് അവരുടെ പാഠപുസ്തകങ്ങൾ പഠിക്കുന്നതും, എല്ലാ ദിവസവും വി. ഗ്രന്ഥം വായിക്കുന്നതും, ‘വചനഡയറി’ എഴുതുന്നതും... എല്ലാം കൗൺസിൽ പഠനം നമുക്ക് തരുന്ന സന്ദേശം മതബോധനഞായർ ആയ ഇന്ന് നമുക്ക് ഉൾക്കൊള്ളാം.

“മതബോധനാർത്ഥികൾക്കുള്ള ക്രൈസ്തവ പ്രാരംഭ പരിശീലനം, മതാധ്യാപകർക്കും, പുരോഹിതന്മാർക്കും മാത്രമായി വിട്ടൊഴിയരുത്: വിശ്വാസികളുടെ സമൂഹം മുഴുവനും പ്രത്യേകിച്ച് ജ്ഞാനസ്നാന പിതാക്കൾക്ക് അതിൽ പ്രത്യേക സൂക്ഷമുണ്ടായിരിക്കേണ്ടതാണ്. എന്നാൽ മാത്രമേ മതബോധനാർത്ഥികൾക്ക് തങ്ങളും ദൈവജനത്തിന്റെ ഒരു ഭാഗമാണെന്ന് ആരംഭത്തിൽ തന്നെ ബോധ്യം വരുകയുള്ളൂ”. (പ്രേഷിതപ്രവർത്തനം, രണ്ടാം വത്തിക്കാൻ സൂനഹദോസ്)

ഏവർക്കും മതബോധന ഞായർ ആശംസകൾ.

## അധ്യാപക പരിശീലനം

1, 2, 3 ക്ലാസുകളിൽ പുതുതായി ചേരുന്ന അധ്യാപകരുടെ പരിശീലനവും, ആമുഖ സെമിനാറും ജൂൺ 19-21 ദിവസങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. 19-ന് വൈകുന്നേരം 5 -ന് തുടങ്ങി 21-ന് വൈകുന്നേരം 4 -ന് അവസാനിക്കും. ഫീസ് - 200 രൂപ.

4, 5, 6 ക്ലാസുകളിൽ പുതുതായി അധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് ജൂൺ 13, 14 ദിവസങ്ങളിലാണ് പരിശീലനം. 13-ന് രാവിലെ 9.30 ന് ആരംഭിച്ച് 14-ന് വൈകുന്നേരം 4.15 -ന് അവസാനിക്കും. ഫീസ് 175 രൂപ.

7, 8, 9 ക്ലാസുകളിൽ പുതുതായി അധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് ജൂലൈ 4, 5 ദിവസങ്ങളിലും, 10, 11 ക്ലാസുകളിൽ പുതുതായി അധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് ജൂലൈ 11, 12 ദിവസങ്ങളിലുമാണ് പരിശീലനം. ആദ്യദിവസം രാവിലെ 9.30 ന് ആരംഭിച്ച് അടുത്തദിവസം വൈകുന്നേരം 4.15 ന് അവസാനിക്കും. ഫീസ് -175 രൂപ.

12-ാം ക്ലാസിലെ അധ്യാപകർക്കുള്ള പരിശീലനം ആഗസ്റ്റ് 8, 9 തീയതികളിലാണ്. 8-ന് രാവിലെ 9.30 ന് ആരംഭിച്ച് 9-ന് വൈകുന്നേരം 4.15 ന് അവസാനിക്കും. ഫീസ് - 175 രൂപ.

മണിമൂളി, നിലമ്പൂർ റീജണിലെ അധ്യാപകർക്ക് ജൂൺ 26-28 ദിവസങ്ങളിൽ മണിമൂളി പാസ്റ്ററൽ സെന്ററിൽ പരിശീലനം നടത്തുന്നു. 26-ന് വൈകുന്നേരം 6-മണിക്ക് തുടങ്ങി 28-ന് വൈകുന്നേരം 4-ന് അവസാനിക്കും.

കോഴ്സിന് വരുന്ന അധ്യാപകർ കോഴ്സ് തുടങ്ങുന്നതിന് രണ്ടുദിവസം മുമ്പ് എങ്കിലും രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം.

## "എന്റെ വചനഡയറി"

വി. ഗ്രന്ഥാധിഷ്ഠിതമായ വിശ്വാസജീവിതത്തിന് മാർഗ്ഗദർശിയായി നമ്മൾ ക്രമീകരിച്ചിരിക്കുന്ന 'വചനഡയറി' ഈ വർഷം മുതൽ ഓരോ ക്ലാസുകാർക്കും പ്രത്യേകം പ്രത്യേകം പുസ്തകമാണ്. അത് വേണ്ടവിധത്തിൽ കൃത്യമായി ബൈബിൾ വായിച്ച് വചനഡയറിയിലെ കാര്യങ്ങൾ ചെയ്യുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ അധ്യാപകർ കുട്ടികൾക്ക് കൊടുക്കണം.

## X, XI, XII ക്ലാസുകളിലെ അധ്യാപക സംഗമം

മുതിർന്ന ക്ലാസുകളിലെ കുട്ടികളുടെ വിശ്വാസപരിശീലനം കൂടുതൽ ഫലപ്രദമാകുവാൻ പ്രസ്തുത ക്ലാസുകളിലെ അധ്യാപകർ ഫൊറോനാ തലത്തിൽ ഒന്നിച്ചിരുന്ന് ചിന്തിക്കേണ്ടത് ആവശ്യമാണ്. അതിനായി ജൂൺ ജൂലൈ മാസത്തിൽ X, XI, XII ക്ലാസുകളിലെ അധ്യാപകർ ഫൊറോനാ കേന്ദ്രങ്ങളിൽ ഒന്നിച്ചുചേരുമല്ലോ. തീയതിയും, സമയവും അറിയിക്കുന്നതാണ്.

## HDC പരീക്ഷാഫലം

2007-2008 വർഷത്തിൽ CFCS നടത്തിയ HDC കോഴ്സിന്റെ ഫലം പ്രസിദ്ധപ്പെടുത്തുന്നു. First Class നേടിയവരുടെ നമ്പറാണ് ചുവടെ ചേർത്തിരിക്കുന്നത്.

**08/AD** 101, 102, 103, 105, 106, 107, 108, 109, 110, 111, 112, 113, 114, 115, 116, 117, 118, 119, 120, 121, 122, 124, 126, 127, 128, 129, 130, 131, 133, 134, 135, 136, 137, 139, 140, 141, 146, 148, 149, 150, 151, 154, 155, 156, 157, 160, 163, 166, 168, 170, 171, 172, 173, 175, 176, 179, 181, 182, 184, 185, 187, 188, 189, 190, 192, 194, 195, 196, 197, 198, 199, 202, 205, 206, 211, 214, 217, 219, 220, 221, 222, 223

HDC പരീക്ഷയിൽ വിജയികളായ എല്ലാവരേയും അഭിനന്ദിക്കുന്നു. പ്രത്യേകിച്ച് സി. സിൻക്ലെയർ FCC (ഒന്നാം റാങ്ക്) സി. സോഫി FCC (രണ്ടാം റാങ്ക്) സി. സിസിലി SKD (മൂന്നാം റാങ്ക്). കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്ത്യൻ സ്റ്റഡീസിലെ ഉത്തരവാദപ്പെട്ടവരേയും, കോഴ്സിൽ പങ്കെടുത്തവരേയും, അവരെ അയച്ചവരേയും, കോഴ്സിന് ക്ലാസെടുത്തവരേയും, ഹൃദയപൂർവ്വം നന്ദിയോടെ അനുസ്മരിക്കുന്നു.

**നന്ദിയോടെ....**

കഴിഞ്ഞവർഷങ്ങളിൽ ഫൊറോനാ ഡയറക്ടർമാരായി സ്തുത്യർഹമാംവിധം വിശ്വാസ പരിശീലനരംഗത്തെ നയിച്ച ബഹു. മുണ്ടയ്ക്കാമറ്റം ജോസച്ചൻ (പയ്യംമ്പള്ളി), ബഹു. കൊരണ്ടിയാർകുന്നേൽ പോളച്ചൻ (തരിയോട്) ബഹു. കാക്കോനാൽ മനോജ് അച്ചൻ, (ഗൂഡല്ലൂർ) എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. പുതിയ ഇടവകകളിൽ ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## ഫൊറോനാ വാർത്തകൾ

### ചുങ്കക്കുന്ന് ഫൊറോന

ചുങ്കക്കുന്ന് ഫോറോന സൺഡേസ്കൂൾ 2008-09 വർഷം നടത്തിയ സ്കോളർഷിപ്പ് പരീക്ഷാഫലം.

| | | | |
|---|---|---|---|
| IX | മറിയം മംഗലത്ത് | അടയ്ക്കാത്തോട് | I |
| | എലിസബത്ത് ഈറ്റക്കച്ചാലിൽ | ചുങ്കക്കുന്ന് | II |
| | ജോസഫ് വളയത്തിൽ | കൊട്ടിയൂർ | II |
| VIII | മേരി വെട്ടിയാട്ട് | കൊട്ടിയൂർ | I |
| | എലിസബത്ത് പാലത്തുങ്കൽ | വെള്ളൂന്നി | II |
| VI | ഏലിയാമ്മ കാവിത്താഴെ | അടയ്ക്കാത്തോട് | I |
| | ത്രേസ്യാമ്മ പാട്ടപറമ്പിൽ | അടയ്ക്കാത്തോട് | II |
| V | മേരി കാക്കപ്പാറ | ഒറ്റപ്ലാവ് | I |
| | റോസ് മേരി കുന്നേൽ | കൊട്ടിയൂർ | II |

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ കുഞ്ഞുമിഷനറിമാരെ,

വീണ്ടുമൊരു പ്രവർത്തനവർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയായി, പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ചിറക് വച്ച് പറന്നുയരുന്ന സുന്ദരസുദിനങ്ങൾ വന്നണയുകയായി. കഴിഞ്ഞ വർഷത്തേതിൽ നിന്നും വ്യത്യസ്തമായി മിഷൻലീഗ് സംഘടനാ ശാക്തീകരണ വർഷമായി ആചരിക്കുകയാണ്. കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെ തിരിച്ചറിഞ്ഞ് നമുക്ക് സംഘടനയെ ശക്തിപ്പെടുത്താം. മിഷൻലീഗിന്റെ ലക്ഷ്യം പ്രേഷിതപ്രവർത്തനമാകയാൽ പ്രേഷിത പ്രവർത്തനത്തിൽ നിന്നും വ്യത്യസ്തമായൊരു ജീവിതശൈലി മിഷൻലീഗ് അംഗങ്ങൾക്ക് ചേർന്ന കാര്യമല്ല. മുമ്പെന്നത്തെക്കാളും പ്രേഷിതപ്രവർത്തനത്തിന് പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്. പ്രേഷിതപ്രവർത്തനത്തിന് പ്രായപരിധിയില്ല എന്നതുകൊണ്ടുതന്നെ മിഷൻലീഗ് അംഗത്വത്തിനും പ്രായപരിധിയില്ല. അതുകൊണ്ട് ഈ വർഷം മിഷൻലീഗിനോട് താത്പര്യവും കൂറുമുള്ള മുതിർന്നവരെ ഉൾപ്പെടുത്തികൊണ്ട് ഒരു സീനിയർ ഗ്രൂപ്പ് എല്ലാ ശാഖകളിലും രൂപീകരിക്കുവാൻ ബഹു. വികാരിയച്ചന്മാരും, ശാഖ ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ. സീനിയർ ഗ്രൂപ്പ് ശാഖാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് നന്നായിരിക്കും. ഭവനനിർമ്മാണം, സാമൂഹ്യസേവനം, രോഗീസന്ദർശനം, സഹായം, കരുണയുടെ തീരം എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾക്ക് സഹകരിക്കുകവഴി പ്രേഷിത പ്രവർത്തനം എന്ന ലക്ഷ്യം നിറവേറ്റുവാൻ ഇവർക്കാകും. ഇങ്ങനെ സീനിയർ ഗ്രൂപ്പിലേയ്ക്ക് വരുന്നവർ സ്ഥാനമോഹികളായി തീരരുത്. തങ്ങളുടെ നല്ല പ്രവർത്തനങ്ങൾ വഴി കുഞ്ഞുമിഷനറിമാർക്ക് പ്രോത്സാഹനവും സഹകരണവും നൽകി കൂടെ നിൽക്കുവാൻ പരിശ്രമിക്കണം. അങ്ങനെ മിഷൻലീഗ് സംഘടനയെ നമുക്ക് ശക്തിപ്പെടുത്താം. ഈ വർഷം കൂടുതലായി ശാഖാ ക്യാമ്പുകളും, മേഖലാ സെമിനാറുകളും

നടത്തുവാൻ ശാഖാ നേതൃത്വം പരിശ്രമിക്കുമല്ലോ. ശാഖ വിസിറ്റിനോടൊപ്പം ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് രണ്ട് മണിക്കൂർ നീണ്ടു നിൽക്കുന്ന സെമിനാർ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. വേദപാഠത്തിന് തടസം വരാത്തരീതിയിൽ എല്ലാ ശാഖകളിലും നിശ്ചയിക്കപ്പെട്ട ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞുതന്നെ ശാഖാസെമിനാർ നടത്താൻ ശ്രമിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സ്നേഹപൂർവ്വം
**ടോമിയച്ചൻ**

## ശാഖാ - മേഖലാ - രൂപതാ ഭാരവാഹികളുടെ സംഗമം രൂപത കൗൺസിൽ - ജൂൺ - 13 ന് ദ്വാരകയിൽ

## ഉദ്ഘാടനം : ആർച്ച് ബിഷപ്പ് മാർ ജേക്കബ്ബ് തൂങ്കുഴി

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ 150 ശാഖകളിലെ ഭാരവാഹികളുടെയും, 12 മേഖലയിൽ നിന്നുള്ള ഭാരവാഹികളുടെയും, രൂപതാ ഭാരവാഹികളുടെയും സംഗമവും 2009-10 പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 13 ന് ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കും. മാനന്തവാടി രൂപതയുടെ പ്രഥമ മെത്രാനും തൃശൂർ ആർച്ച് ബിഷപ്പുമായിരുന്ന മാർ. ജേക്കബ്ബ് തൂങ്കുഴി കൗൺസിൽ ഉദ്ഘാടനം ചെയ്യും. അന്തർദേശീയ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട അന്തർദേശീയ പ്രസിഡന്റ് ശ്രീ. തോമസ് ഏറണാട്ട്, അന്തർദേശീയ വൈസ് ഡയറക്ടർ റവ. ഫാ. ബെന്നി മുതിരക്കാലായിൽ, ദേശീയ എക്സിക്യൂട്ടീവ് അംഗം ശ്രീ. ഷൈജു മഠത്തിൽ തുടങ്ങിയവരെ ചടങ്ങിൽ ആദരിക്കും. രൂപതയിലെ നവവൈദികർക്ക് ചടങ്ങിൽ ഉപഹാരം വിതരണം ചെയ്യുകയും ആശംസകൾ നേരുകയും ചെയ്യും. 2009 - 10 വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ രൂപത കൗൺസിലിൽ പ്രകാശനം ചെയ്യുന്നതാണ്. ശാഖയിലുള്ള എല്ലാ ഭാരവാഹികളും നിർബന്ധമായും കൗൺസിലിൽ പങ്കെടുക്കേണ്ടതാണ്. ശാഖാ മേഖലാ ഡയറക്ടേഴ്സിനെയും ജോ. ഡയറക്ടേഴ്സിനെയും ഹൃദയപൂർവ്വം രൂപതാ കൗൺസിലിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

### കാര്യപരിപാടികൾ

9.30 AM - പതാക ഉയർത്തൽ,
9.40 " - വചനപ്രതിഷ്ഠ
9.45 " - പ്രെയർ ഡാൻസ്
9.55 " - ഉദ്ഘാടനം, ക്ലാസ്സുകൾ, മാർഗ്ഗരേഖ അവതരണം.

## രൂപത ടീം മീറ്റിംഗ് ജൂൺ - 12 (6 മണിക്ക്)

ചെറുപുഷ്പ മിഷൻലീഗ് രൂപത ടീം മീറ്റിംഗ് ജൂൺ 12 ന് വൈകുന്നേരം 6 മണിക്ക് പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ടീം അംഗങ്ങൾ തീർച്ചയായും എത്തിച്ചേരേണ്ടതാണ്.

## 'തിബേരിയാസ്' തീരത്തിലൂടെ...

സമൂഹത്തിന് താങ്ങും തണലുമാകാൻ വ്യക്തിയെ പ്രാപ്തരാക്കുന്ന നവജീവിത ദർശനങ്ങൾ ഏകിയ തിബേരിയാസ് ക്യാമ്പുകൾ.

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടത്തിയ 4 ത്രിദിന റീജിയൺ ക്യാമ്പുകളിലൂടെയും ഒരു ചതുർദിന രൂപതാ ക്യാമ്പിലൂടെയും 500 ൽ പരം വ്യക്തികൾക്കാണ് നേതൃത്വ പരിശീലനം ലഭിച്ചത്. റീജിയണൽ ക്യാമ്പുകൾക്ക് രൂപതാ ടീം അംഗങ്ങളാണ് നേതൃത്വം നൽകിയത്. സീനായ് വിചിന്തനം, മാധ്യമവിചാരം, ദൈവവിളി, പ്രാർത്ഥന, സംഘടന തുടങ്ങിയ വിവിധ വിഷയങ്ങൾക്ക് റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, റവ. സി. വിജയ SABS, ശ്രീ. ജോൺസൺ ചിറായിൽ, ശ്രീ. തോമസ് കല്ലറയ്ക്കൽ, ശ്രീ. ഷാജി ചന്ദനപറമ്പിൽ, ശ്രീ. ജോൺസൺ വടക്കേക്കര, ശ്രീ. ഷാജി പനച്ചിക്കൽ, ശ്രീ. സോയി കൈതാരം, കുമാരി സൗമ്യ അള്ളുംകണ്ടത്തിൽ, റവ. ഫാ. തോമസ് കച്ചിറയിൽ, ശ്രീ.സെബാസ്റ്റ്യൻ മുണ്ടക്കാത്തടം, ശ്രീ. ബാബു ചിറപ്പുറം തുടങ്ങിയവർ വിവിധ ക്യാമ്പുകളിൽ ക്ലാസ്സിനു നേതൃത്വം നൽകി. ശ്രീ. സജി വേങ്ങത്തടം, ശ്രീ. ജോൺസൺ വടക്കേക്കര, ശ്രീ. അജീഷ് എടപ്പാട്ട്, ശ്രീ. സജി തറപ്പുതൊട്ടിയിൽ എന്നിവർ വിവിധ ക്യാമ്പുകളുടെ മാനേജർമാരായിരുന്നു.

രൂപത റീജിയണൽ ഓർഗനൈസർ ശ്രീ. ജോയി മേപ്പാടം, ശ്രീ. ജോണി പരത്തനാൽ, ശ്രീ. സെബാസ്റ്റ്യൻ വള്ളികാവുങ്കൽ, ശ്രീ. സെബാസ്റ്റ്യൻ തുണ്ടിയിൽ എന്നിവർ നാല് റീജിയണൽ ക്യാമ്പുകളുടെ ഏകോപനം നിർവ്വഹിച്ചു. മേഖലാ ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ്, മേഖലാ ഭാരവാഹികൾ എന്നിവരുടെ ആത്മാർത്ഥമായ പ്രോത്സാഹനവും സഹകരണവും തിബേരിയാസിന്റെ വിജയത്തിന്റെ പിന്നിലുണ്ട്. ശാഖയിൽ നിന്ന് അംഗങ്ങളെ പറഞ്ഞുവിട്ട ബഹു. വികാരിയച്ചൻമാരെയും, ശാഖാഭാരവാഹികളെയും ഏറ്റവും സ്നേഹത്തോടെ സ്മരിക്കുന്നു.

## വ്യതിരക്തതയാർന്ന തിബേരിയാസ് അനുഭവത്തിലൂടെ

തിബേരിയാസ് ക്യാമ്പ് പങ്കെടുത്തവർക്ക് അനുഭവവും പരിശീലനവുമായിരുന്നു.

## എമ്മാവൂസ് യാത്ര

ഒരോ മിഷൻലീഗ് അംഗവും സമൂഹത്തിൽ തലങ്ങും വിലങ്ങും നടന്ന് സമൂഹത്തിന്റെ സ്പന്ദനം അറിയേണ്ടവരാണ്. ഇതിനായുള്ള പരിശീലനമായിരുന്നു തിബേരിയാസിലെ 'എമ്മാവൂസ് യാത്ര'. ക്യാമ്പ് നടക്കുന്ന ഇടവകയിലെ രോഗികളുടെയും അശരണരുടേയും ഭവനങ്ങളിലേയ്ക്ക് ക്യാമ്പ് അംഗങ്ങൾ കടന്നു ചെന്ന് അവരോടൊപ്പം പ്രാർത്ഥിച്ചു. അനുഭവങ്ങൾ പങ്കിട്ടുകൊണ്ടുള്ള സായാഹ്നം. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് മുദ്രാവാക്യം വിളിച്ചുകൊണ്ട് ഇടവകയിലെ വിവിധ ഭാഗങ്ങളിലേയ്ക്കായി അംഗങ്ങൾ കടന്നു ചെന്നു.

## 'കരുണയുടെ തീരത്ത്'

സമൂഹത്തിൽ അശരണർക്ക് താങ്ങായി തണലായി വർത്തിക്കുന്ന, സേവനങ്ങൾകൊണ്ട് ഏവർക്കും മാതൃകയായ വ്യക്തിത്വങ്ങളെ മിഷൻലീഗിന്റെ നേതൃത്വത്തിൽ ക്യാമ്പിൽ വച്ച് ആദരിക്കുകയുണ്ടായി. വാഴവറ്റ ജ്യോതിനിവാസ് അഗതി മന്ദിരത്തിൽ സേവനം ചെയ്യുന്ന ബ്ര. ജോണി, തൊണ്ടിയിലെ മരിയഭവനിൽ സേവനം ചെയ്യുന്ന ബ്ര. സന്തോഷ്, മാനന്തവാടി സമരിറ്റൻ ഭവനിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സ്, തലഞ്ഞി അപ്പസ്തോലിക് കാർമ്മലിലെ സിസ്റ്റേഴ്സ് ഇവർ വിവിധ ക്യാമ്പുകളിൽ തങ്ങളുടെ സേവന അനുഭവങ്ങൾ പങ്കിടുകയും, ക്യാമ്പ് അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. അശരണർക്ക് താങ്ങും തണലുമായ അവരോടൊപ്പം ചിന്തിക്കുവാനും, പ്രവർത്തിക്കാനുമുള്ള പ്രചോദനം ഇതിലൂടെ അംഗങ്ങൾ നേടിയെടുത്തു. ഇവരുടെ ഉദാത്തമായ സേവനങ്ങളെ ആദരിച്ചുകൊണ്ടുള്ള ഉപഹാരം ക്യാമ്പിൽ വച്ച് വിതരണം ചെയ്തു.

## സംഘടനയ്ക്ക് പ്രചോദനമായി പ്രോത്സാഹനമായി മേഖലാ ഭാരവാഹികൾ

സംഘടനയുടെ പ്രവർത്തനത്തിന് ഉണർവും ഉത്തേജനവുമായി പ്രവർത്തിക്കുന്ന മേഖലാ ഭാരവാഹികളുടെ പ്രവർത്തനങ്ങളെ രൂപത ഏറെ ഹൃദ്യതയോടെയാണ് ഓർക്കുന്നത്. 'തിബേരിയാസ്' ക്യാമ്പിൽ മാനന്തവാടി രൂപതയിലെ 12 മേഖലകളിലേയും ഭാരവാഹികൾക്ക് ഉപഹാരങ്ങൾ നൽകി രൂപത ആദരിച്ചു.

## 'തിബേരിയാസ് വിളിച്ചതെന്തിന്'

'തിബേരിയാസ്' ക്യാമ്പിന്റെ ലക്ഷ്യവും സന്ദേശവും പകരാൻ മിഷൻലീഗ് മാനന്തവാടി രൂപത രചനയും സംവിധാനവും നിർവ്വഹിച്ച്

10 അംഗങ്ങൾ അവതരിപ്പിച്ച 'തിബേരിയാസ് വിളിച്ചതെന്തിന്' എന്ന സ്കിറ്റ് എല്ലാ ക്യാമ്പുകളിലും അവതരിപ്പിക്കപ്പെട്ടു.

**തിബേരിയാസ് - ബത്തേരി റീജിയൺ**

ബത്തേരി, കല്പ്പറ്റ, ഗൂഡല്ലൂർ, പുൽപ്പള്ളി മേഖലകളിലെ പ്രവർത്തകർ പങ്കെടുത്ത ബത്തേരി റീജിയൺ ക്യാമ്പ് ഏപ്രിൽ 18, 19, 20 തീയതികളിലായി കല്പ്പറ്റ ഡി പോൾ സ്കൂളിൽ വച്ച് നടന്നു. ഫൊറോന വികാരി റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 90 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. കല്പ്പറ്റ മേഖലാ ഡയറക്ടർ റവ. ഫാ. സജി ഇളയിടത്ത്, പുൽപ്പള്ളി മേഖലാ ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ വിവിധ ദിവസങ്ങളിൽ ക്യാമ്പ് സന്ദർശിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ സന്ദേശം നൽകുകയും, രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിൽ, രൂപതാ ജോ. ഡയറക്ടർ സി. വിജയ SABS, റീജിയണൽ ഓർഗനൈസർ ശ്രീ. ജോണി പരത്തനാൽ, മേഖലാ സെക്രട്ടറി ശ്രീ. സുധീഷ്, പ്രസിഡന്റ് അഞ്ജു, രൂപതാ സെക്രട്ടറി തുടങ്ങിയവർ വിവിധ ദിവസങ്ങളിലായി ആശംസകൾ നേർന്നു സംസാരിച്ചു.

**തിബേരിയാസ് - മാനന്തവാടി റീജിയൺ**

കൊട്ടിയൂർ, മാനന്തവാടി, പയ്യംമ്പള്ളി മേഖലയിലെ ശാഖകളിലെ പ്രവർത്തകർ പങ്കെടുത്ത മാനന്തവാടി റീജിയൺ ക്യാമ്പ് ഏപ്രിൽ 26, 27, 28 തീയതികളിലായി കൊട്ടിയൂർ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടന്നു. ഫൊറോന വികാരി റവ. ഫാ. തോമസ് ചേറ്റാനി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കൊട്ടിയൂർ മേഖല പ്രസിഡന്റ് ശ്രീ. ടൈസൺ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ സന്ദേശം നൽകി, മേഖലാ ഡയറക്ടർ റവ. ജെയ്സൺ കുഴികണ്ടത്തിൽ ആശംസകൾ നേർന്നു. കൊട്ടിയൂർ ശാഖാ ഡയറക്ടർ റവ. ഫാ. വിൻസെന്റ് താമരശ്ശേരി ക്യാമ്പ് സന്ദർശിക്കുകയും സന്ദേശം നൽകുകയും ചെയ്തു. വിവിധ ശാഖകളിൽ നിന്നായി 104 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

**തിബേരിയാസ് - മണിമൂളി റീജിയൺ**

തിബേരിയാസ് മണിമൂളി റീജിയൺ ക്യാമ്പ് 28, 29, 30 തീയതികളിലായി മണിമൂളി പാസ്റ്ററൽ സെന്ററിൽ നടന്നു. മണിമൂളി, നിലമ്പൂർ മേഖലകളിലെ ശാഖകളിൽ നിന്ന് 80 ഓളം അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. ഫൊറോന വികാരി റവ. ഫാ. ജോസ് തേക്കനാടി ക്യാമ്പ് ഉദ്ഘാ

ടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിൽ അദ്ധ്യക്ഷത വഹിച്ചു. നിലമ്പൂർ മേഖല ഡയറക്ടർ റവ. ഫാ. അനിൽ മൂഞ്ഞനാട്ട് വചനപ്രതിഷ്ഠ നിർവ്വഹിച്ചു. മണിമൂളി മേഖല ഡയറക്ടർ റവ. ഫാ. ജയിംസ് മാങ്കോട്ടിൽ സന്ദേശം നൽകി. മേഖല ജോ. ഡയറക്ടർ സി. കാതറിൻ CMC, രൂപതാ സെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടിയിൽ തുടങ്ങിയവർ സംസാരിച്ചു.

## തിബേരിയാസ് - കല്ലോടി റീജിയൺ

തിബേരിയാസ് കല്ലോടി റീജിയൺ ക്യാമ്പ് ഏപ്രിൽ 21, 22, 23 തീയതികളിലായി പുതുശ്ശേരിക്കടവ് ശാഖയിൽ വച്ച് നടന്നു. നടവയൽ, തരിയോട്, കല്ലോടി മേഖലകളിലെ വിവിധ ശാഖകളിൽ നിന്നായി 120 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. തരിയോട് മേഖല ഡയറക്ടർ റവ. ഫാ. ജോസ് കപ്യാരുമലയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. നടവയൽ മേഖല ഡയറക്ടർ റവ. ഫാ. ജോസഫ് തുരുത്തേൽ വചനപ്രതിഷ്ഠ നിർവ്വഹിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ സന്ദേശം നൽകി. കല്ലോടി മേഖല പ്രസിഡന്റ് നിർമ്മൽ അദ്ധ്യക്ഷത വഹിച്ചു. രൂപത പ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിൽ, രൂപതാ ജോ. ഡയറക്ടർ സി. വിജയ SABS, റീജിയണൽ ഓർഗനൈസർ ശ്രീ. ജോയി മേപ്പാടം, തരിയോട് മേഖല സെക്രട്ടറി ശ്രീ. ജോഷി നമ്പുടാകം, രൂപതാ സെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടിയിൽ തുടങ്ങിയവർ സംസാരിച്ചു.

തിബേരിയാസ് ക്യാമ്പുകളുടെ വിജയത്തിനായി പ്രവർത്തിച്ച റീജിയണൽ ഓർഗനൈസേഴ്സ്, മേഖല ഭാരവാഹികൾ, സ്ഥലസൗകര്യം ഒരുക്കി തന്ന ശാഖാ ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ്, ശാഖാ ഭാരവാഹികൾ, ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ രൂപതാ ടീം അംഗങ്ങൾ, രൂപത ഭാരവാഹികൾ, ഭക്ഷണ സൗകര്യങ്ങളുടെ ഒരുക്കത്തിനായി അദ്ധ്വാനിച്ചവർ ഏവർക്കും രൂപതയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

## ഉണർവ്വും ഉത്തേജനവുമേകി തിബേരിയാസ് രൂപത ക്യാമ്പ്

തിബേരിയാസ് രൂപതക്യാമ്പ് മെയ് 5, 6, 7, 8 തീയതികളിലായി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. കോർപ്പറേറ്റ് മാനേജർ റവ. ഫാ. റോബിൻ വടക്കൻചേരി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ഒർഗനൈസർ ശ്രീ. ഷൈജു മഠത്തിൽ സന്ദേശം നൽകി, രൂപത ജോ. ഡയറക്ടർ റവ. സി. വിജയ SABS ആശംസകൾ നേർന്നു.

രൂപത ജോ. സെക്രട്ടറി കുമാരി ജാസ്മിൻ ഇണ്ടിക്കുഴ നന്ദി പറഞ്ഞു. ഉദ്ഘാടനത്തിനുമുമ്പ് നടന്ന വചനപ്രതിഷ്ഠക്ക് രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ നേതൃത്വം നൽകി. മിഷൻലീഗ് അന്തർദേശീയ വൈസ് ഡയറക്ടർ റവ. ഫാ. ബെന്നി മുതിരക്കാലായിൽ, സിയോൻ ഡയറക്ടർ റവ. ഫാ. ബാബു പാറയിൽ തുടങ്ങിയവർ ക്യാമ്പിന്റെ വിവിധ ദിവസങ്ങളിലെ ദിവ്യബലിക്ക് കാർമ്മികത്വം വഹിച്ചു. രൂപത വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ, മുൻ രൂപതാ ടീം അംഗവും എസ്. ഐ യുമായ ശ്രീ. ജേക്കബ് തേക്കനാൽ എന്നിവർ ക്യാമ്പ് സന്ദർശിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തൃശൂർ MMB ബ്രദേഴ്സാണ് 4 ദിവസം നീണ്ടുനിന്ന നേതൃത്വ പരിശീലന ക്യാമ്പിന് നേതൃത്വം നൽകിയത്. മിഷൻലീഗ് അന്തർദേശീയ പ്രസിഡന്റ് ശ്രീ. തോമസ് ഏറനാട്ട് സംഘടനയെക്കുറിച്ചും, റവ. ഫാ. തോമസ് കച്ചിറയിൽ ദൈവവിളിയെക്കുറിച്ചുമുള്ള ക്ലാസ്സുകൾ നയിച്ചു. സംസ്ഥാന മാനേജിംഗ് കമ്മറ്റി അംഗമായ ശ്രീ. സജി വേങ്ങത്തടത്തിൽ ക്യാമ്പ് മാനേജരായിരുന്നു. 'കരുണയുടെ തീരത്തി'ന്റെ ഭാഗമായി സമരിറ്റൻ ഭവനിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സ് സേവന പാതയിലെ തങ്ങളുടെ അനുഭവങ്ങൾ പങ്കിടുകയും, ക്യാമ്പ് അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ഇവരുടെ സേവനങ്ങളെ ആദരിച്ചുകൊണ്ട് മിഷൻലീഗിന്റെ ഉപഹാരം രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ നൽകുകയുണ്ടായി. ക്യാമ്പിന് തുടക്കം കുറിച്ച്കൊണ്ട് 'തിബേരിയാസ് വിളിച്ചതെന്തിന് ' എന്ന സ്കിറ്റ് രൂപത ടീം അംഗങ്ങൾ ക്യാമ്പിൽ അവതരിപ്പിച്ചു. മാനന്തവാടി രൂപതയിലെ വിവിധ ശാഖകളിൽ നിന്നായി 118 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിന്റെ വിജയത്തിനായി യത്നിച്ചവർക്കും, ക്ലാസിന് നേതൃത്വം നൽകിയവർക്കും, പങ്കെടുത്തവർക്കും നന്ദി രൂപത സെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടിയിൽ അറിയിച്ചു.

## ശാഖാ സാരഥികളെ കണ്ടെത്തുക

മിഷൻലീഗിന്റെ ശാഖാ പ്രവർത്തനങ്ങളെ കർമ്മ ധീരതയോടെ നയിക്കുവാൻ കഴിവുള്ള ശാഖാ ഭാരവാഹികളെ കണ്ടെത്തുകയും തിരഞ്ഞെടുക്കുകയും ചെയ്യേണ്ടതാണ്. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ മേൽവിലാസം ഫോൺ നമ്പർ സഹിതം ഡയറക്ടറച്ചന്റെ അംഗീകാരത്തോടെ രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. എല്ലാ ശാഖാ ഭാരവാഹികളും ജൂൺ 13 - ലെ രൂപത കൗൺസിലിൽ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്.

**നന്ദിയോടെ...**

കഴിഞ്ഞ 10 വർഷക്കാലം പാസ്റ്ററൽ സെന്ററിന്റെ ഡയറക്ടറായിരുന്ന് ചെറുപുഷ്പ മിഷൻലീഗ് സംഘടനയെ സ്നേഹിക്കുകയും, സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്ത മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചന് മിഷൻലീഗ് രൂപത കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു. പുതിയ മേച്ചിൽ സ്ഥലത്ത് എല്ലാവിധ വിജയങ്ങളും, പ്രാർത്ഥനയോടെ ആശംസിക്കുന്നു.

**സ്വാഗതം... സുസ്വാഗതം**

പാസ്റ്ററൽ സെന്ററിന്റെ ഡയറക്ടർ ഡെന്നീസ് കഴുതാടി അച്ചന് മിഷൻലീഗ് രൂപത കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

**ശാഖാ വാർത്തകൾ**

*വെള്ളമുണ്ട :-* സിമിത്തേരി സന്ദർശനം നടത്തി, നോമ്പുകാലത്ത് പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി.

*പോരൂർ :-* കയ്യെഴുത്തുമാസിക 'ബഥേൻ' പ്രകാശനം ചെയ്തു. വിശ്വാസ പ്രഘോഷണ റാലി നടത്തി.

*ആലാറ്റിൽ :-* രോഗിസന്ദർശനം നടത്തുകയും, സഹായം നൽകുകയും ചെയ്തു. പിക്നിക് നടത്തി.

*വിളമ്പുകണ്ടം :-* വൃദ്ധമന്ദിരം സന്ദർശിക്കുകയും അവരുടെ ജോലികളിൽ സഹായിക്കുകയും ചെയ്തു, ഭവനസന്ദർശനം നടത്തി.

*വാളവയൽ :-* ഭരണങ്ങാനം തീർത്ഥാടനം നടത്തി.

*പട്ടാണിക്കൂപ്പ് :-* സിമിത്തേരി വൃത്തിയാക്കി, പാവപ്പെട്ട കുടുംബങ്ങൾക്ക് അരി വിതരണം ചെയ്തു.

*നടവയൽ :-* പിക്നിക് നടത്തി, ജ്യോതിനിവാസ് സന്ദർശിച്ചു. CML സീനിയേഴ്സിന്റെ ഗാതറിംങ്ങ് നടത്തി.

*ഒലിവുമല :-* വാർഷികം നടത്തി, വചനട്രീ നിർമ്മിച്ചു, പിക്നിക് നടത്തി.

*പാൽച്ചുരം :-* സിമിത്തേരി സന്ദർശനം നടത്തി,

**കാണിക്ക തന്ന ശാഖകൾ**

തോണിച്ചാൽ - 200, മണിമൂളി - 2050, ഒലിവുമല-75, ചാരിറ്റി - 70, കല്ലുമുക്ക് - 30, അമരക്കുനി - 300, പഴൂർ - 318, പടമല - 500, പനവല്ലി - 180, കരിമ്പിൽ - 100, കേളകം - 324, കുറുമ്പാല - 150, പാൽച്ചുരം - 300.

**സംസ്ഥാന പ്രവർത്തക അംഗത്വഫീസ് 1 രൂപ തന്ന ശാഖകൾ**

ബോയ്സ് ടൗൺ, മംഗലശ്ശേരി, കല്ലുമുക്ക്, പഴൂർ, പനഞ്ചിറ, ചെറുകാട്ടൂർ.

**ഒറീസ സഹായനിധി തന്നശാഖകൾ**

കേണിച്ചിറ, ബോയ്സ്ടൗൺ, മംഗലശേരി, കല്ലുമുക്ക്, പഴൂർ, ഒറ്റപ്ലാവ്, ചെറുകാട്ടൂർ.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

മണിമൂളി - 750, മംഗലശ്ശേരി - 60, തവിഞ്ഞാൽ - 300, പഴൂർ - 100, ചെറുകാട്ടൂർ - 300.

പുതുപ്രതീക്ഷയുടെയും ചിന്തയുടെയും പുത്തൻ പ്രവർത്തന വർഷം കൂടി ഇതൾ വിടരുകയാണ്. കാലോചിതമായി നമുക്ക് നമ്മുടെ കർമ്മപഥത്തിലേറാം. ഏറ്റവും നല്ലതിന് തുടങ്ങുന്നതാകട്ടെ നമ്മുടെ തയ്യാറെടുപ്പുകളും ഒരുക്കങ്ങളും നമുക്ക് ഒന്നായി മുന്നേറാം. പുത്തൻ പ്രവർത്തന വർഷത്തിന്റെ വിജയങ്ങൾ മംഗളങ്ങൾ.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**
രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

'ദേശം'- ദേശാന്തരങ്ങൾക്കപ്പുറത്തേയ്ക്ക് ചിന്തകൾ നൽകി ദേശസ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ, സമഭാവനയുടെ ചിറകിലേന്തി ദേശാടനം നടത്താൻ ഈ ഒഴിവുകാലത്തിലെ ക്യാമ്പ് ദിനങ്ങൾ സഹായിച്ചു എന്ന് കരുതട്ടെ. കാലം ഒരു ചെറു തുണ്ടായി കടന്നു പോകുമ്പോൾ, ആർക്കും വായിച്ച് തീരാനാവാത്ത വിധം ബൃഹത്തായ കാര്യങ്ങൾ കാലത്തിന്റെ ക്യാൻവാസിൽ നിറഞ്ഞ് നിൽക്കുമ്പോൾ യുവത ചരിത്രത്തിന്റെ നിയോഗമായി 'ദേശ'ത്തിലൂടെ കടന്നു പോകുന്നു. ചിന്തകളിലും ദർശനങ്ങളിലും ഉൾകരുത്ത് തേടി, ജീവിതയാത്രയിൽ ക്രിയാത്മകമായ വഴിത്താരകൾ സൃഷ്ടിച്ച് കൊണ്ട്, സഭയ്ക്ക് വേണ്ടി സമൂഹത്തിനുവേണ്ടി നിലകൊള്ളുന്ന യുവത - കാലത്തിന്റെ ശക്തിസ്രോതസ്സായി നിലകൊള്ളട്ടെ.

കെ. സി. വൈ. എം - എന്നും നാടിന്റെ ധാർമ്മികശബ്ദമായി, മനസ്സാക്ഷിക്ക് മുമ്പിൽ വഴികാട്ടിയായി നിൽക്കുന്നു. 'ജനകീയ നയരേഖയിലൂടെ - വയനാടിന്റെ വികസനം അധികാര വർഗ്ഗത്തിന്റെ മുമ്പിൽ തുറന്ന് വയ്ക്കുവാൻ കെ. സി. വൈ. എം ന് സാധിച്ചു. സമഗ്രമായ വികസനത്തിന്റെ വിവിധ മേഖലകൾ തുറന്ന് കാണിച്ച് ജനഹൃദയങ്ങളിൽ ധാർമ്മികതയുടെ സ്വരമായി തീരുവാൻ സാധിച്ച കെ. സി. വൈ. എമ്മിന് അഭിമാനമേറെയായി - ഈ വികസന നയരേഖ പാർട്ടിസദസുകളിലും, ചാനൽവേദികളിലും ചർച്ച ചെയ്യപ്പെട്ടപ്പോൾ, വ്യക്തവും ശക്തവും വികസനോന്മുഖവുമായ കാഴ്ചപ്പാടുകൾ വയനാടിന്റെ വികസനം ഏറെ ദൂരെയാകില്ല എന്ന് തീർച്ച. ജനാധിപത്യത്തിന്റെ നന്മ, വികസനത്തിന്റെ പാതയിലൂടെ വയനാടിന്റെ ഗ്രാമ കേന്ദ്രങ്ങളിൽ വികസിതമാകാൻ തിരഞ്ഞെടുക്കപ്പെട്ട നേതാക്കളുടെ ശ്രദ്ധയും ഊന്നലും ഉണ്ടാവുമെന്ന പ്രതീക്ഷ - ഒരു സമൂഹം മുഴുവൻ ഉറ്റ് നോക്കുന്നു.

യുവജനങ്ങളെ, ജീവിതത്തിന്റെ ലക്ഷ്യബോധം പഠനത്തിന്റെ പുതിയ മേച്ചിൽ പുറങ്ങളിലേയ്ക്ക് നമ്മെ തുറന്നു വിടുന്ന കാലം... ഒരു പുതിയ തുടക്കം. പഠന മേഖലകളിൽ കഴിവ് തെളിയിക്കാൻ - നാടിനും സമൂഹത്തിനും കുടുംബത്തിനും അഭിമാനമുളവാക്കുന്ന ഒരു അദ്ധ്യയന വർഷം ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. ഉപരിപഠനത്തിനായി വിദൂരങ്ങളിലാവുമ്പോഴും യുവത്വം നിറഞ്ഞ മനസിൽ സംഘടനാ ചൈതന്യം നിറഞ്ഞ് നിൽക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

## സി. എൽസി S. H. - ന് നന്ദി

പ്രസ്ഥാനത്തിന്റെ ഓഫീസ് സെക്രട്ടറിയായിരുന്ന സി. എൽസി S.H. ഉപരിപഠനാർത്ഥം സ്ഥലം മാറിയിരിക്കുകയാണ്. 2 വർഷക്കാലം ഏറെ അഭിനന്ദനാർഹമായ രീതിയിൽ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ച സിസ്റ്ററിന് മാനന്തവാടി രൂപതാ കെ. സി. വൈ. എം കുടുംബത്തിന്റെ സ്നേഹപൂർവ്വമായ നന്ദി അറിയിക്കുന്നു. തുടർന്നുള്ള പഠനത്തിനും പ്രവർത്തനങ്ങൾക്കും വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## സി. ജെസ്ന S.A.B.S. - ന് സ്വാഗതം

മാനന്തവാടി രൂപതാ കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഓഫീസ് സെക്രട്ടറിയായി നിയമിതയായിരിക്കുന്ന റവ.സി. ജെസ്ന സ്രാകത്ത് എസ്.എ.ബി.എസ്. ന് രൂപതാ യുവജനകുടുംബത്തിലേയ്ക്ക് ഊഷ്മളമായ സ്വാഗതം. പുതിയ പ്രവർത്തനമേഖലയിൽ വിജയാശംസകൾ.

## ഇല - 2009 - പരിസ്ഥിതി വാരാചരണം

നഷ്ടപ്പെടുന്ന പ്രകൃതിയെയും വികൃതമാകുന്ന പുഴകളെയും, മറന്നുപോയ ജൈവകൃഷിരീതികളെയും വീണ്ടെടുക്കുവാൻ, മറ്റുള്ളവരാൽ ചരമഗീതത്തിനു വിധിക്കപ്പെട്ട പ്രകൃതിയെ ഉണർത്തുപാട്ടിന്റെ താളത്തിൽ വീണ്ടെടുത്ത് ഹരിതാഭമാക്കുവാൻ കെ. സി. വൈ. എം. അംഗങ്ങൾ ജൂൺ 1 മുതൽ 7 വരെ പരിസ്ഥിതിവാരമായി ആചരിക്കുന്നു. പരിസ്ഥിതി വാരത്തിന് അനുയോജ്യമായ കർമ്മപദ്ധതികൾ മേഖലകളും, യൂണിറ്റുകളും ആലോചിച്ച് പ്രവർത്തനപന്ഥാവിൽ കൊണ്ടുവരേണ്ടതിനുള്ള ഒരുക്കങ്ങൾ ഇപ്പോൾ തന്നെ തുടങ്ങുമല്ലോ. പരിസ്ഥിതിവാരത്തിന്റെ പ്രവർത്തനങ്ങളുടെ സമാപനം പയ്യംമ്പള്ളി മേഖലയിലെ

കമ്മന ലിറ്റിൽ ഫ്ളവർ ചർച്ച് യൂണിറ്റിൽ വച്ച് നടക്കുന്നതാണ്. ഏവർക്കും സ്വാഗതം.

## 'സ്ത്രീ - ശ്രീ' വനിതാസംഗമം

'സ്ത്രീ ശാക്തീകരണം' പ്രഹസനമായി മാറുന്ന ആധുനിക സമൂഹത്തിൽ 'സ്ത്രീ' ശക്തിയാണെന്ന് തിരിച്ചറിയാൻ കെ. സി. വൈ. എം. വേദിയൊരുക്കുന്നു. അവസരങ്ങൾ പിൻതുടർന്നെത്തുമ്പോഴും അബലകളെന്ന് സ്വയം വിളിച്ച് ഉൾവലിയുന്ന സ്ത്രീത്വത്തിന്റെ യഥാർത്ഥ കരുത്ത് നാം കണ്ടെത്തേണ്ടിയിരിക്കുന്നു. 2009 ജൂൺ 13 - ന് രാവിലെ 9 മുതൽ മാനന്തവാടി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ടൗൺ ചർച്ചിൽ വച്ച് നടക്കുന്ന വനിതാസംഗമത്തിൽ മാനന്തവാടി രൂപതയിലെ മുഴുവൻ വനിതകളും പങ്കെടുക്കുമല്ലോ.

## 'ദേശം - 2009' മേഖലാ ക്യാമ്പുകൾ

2009 പ്രവർത്തന വർഷത്തിൽ മേഖലാസമിതികളുടെ സജീവ പങ്കാളിത്തത്തോടെ 'ദേശം - 2009' മേഖല ക്യാമ്പുകൾ നടന്ന് വരുന്നു. യൂണിറ്റുകൾക്ക് പുതിയ കരുത്തും ആവേശവും പകരാൻ ക്യാമ്പുകൾക്ക് കഴിയുന്നുണ്ട്. കൊട്ടിയൂർ, കൽപ്പറ്റ, പുൽപ്പള്ളി, പയ്യംമ്പള്ളി, മാനന്തവാടി, നടവയൽ, ബത്തേരി എന്നിവിടങ്ങളിൽ ദേശം ക്യാമ്പുകൾ നടന്നു. ശ്രീ. സജി മുണ്ടോക്കുഴി, ശ്രീ. ജോസ് പള്ളത്ത്, ശ്രീ. ബിജു അരീക്കാട്ട്, ശ്രീ. റജിമോൻ പുണോലിൽ, ശ്രീ. ഷാജു പി. ജെയിംസ്, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ തുടങ്ങിയവർ വിവിധ ഇടങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. ക്യാമ്പുകൾക്ക് കോ -ഓഡിനേറ്റർമാരായി പ്രവർത്തിച്ച സജിൻ ജോസ് ചാലിനും, ബിനോയി പാനികുളത്തിനും നന്ദി. മേഖലാ ക്യാമ്പുകൾ സംഘടിപ്പിച്ച എല്ലാ മേഖലകൾക്കും അഭിനന്ദനങ്ങൾ. കല്ലോടി, തരിയോട്, മണിമൂളി, നിലമ്പൂർ, ഗൂഡല്ലൂർ മേഖലകൾ എത്രയും വേഗം ക്യാമ്പ് സംഘടിപ്പിക്കുന്നതിനുള്ള സ്ഥലവും തീയതിയും രൂപതാ സമിതിയെ അറിയിക്കുമല്ലോ.

## WYD - 2009 ലോകയുവജനദിനം - ജൂലൈ 8

2009 ജൂലൈ 5 ലോകയുവജനദിനമായി നാം ആചരിക്കുന്നു. എല്ലാ യൂണിറ്റുകളിലും യുവജനദിനം സമുചിതമായി ആഘോഷിക്കുവാൻ ശ്രദ്ധിക്കുമല്ലോ. വി. കുർബാന, കാഴ്ച സമർപ്പണം, യുവജന സംഗമം, സാമൂഹ്യസമ്പർക്ക പരിപാടികൾ എന്നിവ യുവജനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുവാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കു

മല്ലോ. രൂപതാതല യുവജനദിനാചരണം കല്ലോടിയിലെ വഞ്ചോട് സെന്റ് ജോസഫ്സ് ചർച്ച് യൂണിറ്റിൽ വച്ച് നടത്തപ്പെടുന്നതാണ്.

**ഹരിതം - 2009**

യുവമനസുകളുടെ കർമ്മശക്തി ഭൂമിയിൽ വേരോട്ടമാക്കാൻ ഓരോ കെ. സി. വൈ. എം. പ്രവർത്തകനും ഒരു സെന്റ് ഭൂമിയിൽ പച്ച ക്കറി കൃഷി നടത്തി പ്രകൃതിയെ ഹരിതാഭമാക്കുന്ന അദ്ധ്വാനത്തിന്റെ വിലയും കൊയ്ത്തും തുടങ്ങാൻ സമയമായി. ഓരോ യൂണിറ്റും അവർക്കാവശ്യമായ പച്ചക്കറിവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന് മെയ് 30 ന് മുമ്പായി രൂപതാ ഓഫീസുമായി ബന്ധപ്പെടുക. ഏറ്റവും മികച്ച 'പച്ചക്കറി കൃഷിക്ക്' ആകർഷകമായ സമ്മാനം ഏർപ്പെടുത്തി യിരിക്കുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ. ജൂൺ അവസാനത്തോടെ ആദ്യഘട്ടവിലയിരുത്തൽ ഉണ്ടായിരിക്കുമെന്നതും ശ്രദ്ധയിൽ പെടു ത്തട്ടെ.

**അനുശോചനം**

ബത്തേരി മേഖലയ്ക്കും രൂപതയ്ക്കും എന്നും ശക്തിയും ഓജസും നൽകി കലാപരമായ തന്റെ കഴിവുമുഴുവനും സംഘടനയ്ക്ക് വേണ്ടി ചിലവഴിക്കുകയും ചെയ്ത് ഇക്കാലമത്രയും മേഖലയോടും രൂപ തയോടും ചേർന്ന് പ്രവർത്തിച്ച് സംഘടനയെ സ്വന്തമായി കണ്ട് സ്നേഹിച്ച സെഡ് വെട്ടിക്കലിന്റെ നിര്യാണത്തിൽ കെ. സി. വൈ. എം മാനന്തവാടി രൂപതാസമിതിയുടെ അഗാധമായ ദുഃഖവും അനുശോച നവും അറിയിക്കുന്നു.

**മേഖലാ വാർത്തകൾ**

**കൽപ്പറ്റ മേഖല**

കൽപ്പറ്റ മേഖല കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ 2009 മെയ് 17 ന് വൈത്തിരി സബ് ജയിൽ സന്ദർശിക്കുകയും വിവിധ കലാ പരിപാടികളിലൂടെ തടവറ മക്കൾക്ക് ആശ്വാസം നൽകുകയും ചെയ്തു. ഒരു മണിക്കൂറോളം അവരുടെ കൂടെ ചിലവഴിച്ച് മധുരപലഹാര വിതര ണത്തോടെ സന്ദർശനം അവസാനിപ്പിച്ച് പിരിയുകയും ചെയ്തു.

സ്നേഹത്തോടെ,

**സജിൻ ജോസ് ചാലിൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഏപ്രിൽ 19 മുതൽ 22 വരെ നടന്ന കോഴ്സിൽ 102 ഉം, 27 മുതൽ 30 വരെ നടന്ന കോഴ്സിൽ 104 ഉം, മെയ് 9 മുതൽ 12 വരെ നടന്ന കോഴ്സിൽ 111 പേരും പങ്കെടുത്തു. ആദ്യാവസാനം വരെ കോഴ്സുകളുടെ വിജയത്തിനായി ക്ലാസുകളിലൂടെയും, വി. കുർബാനയിലൂടെയും അനുരഞ്ജന ശുശ്രൂഷയിലൂടെയും മറ്റും സഹായിച്ച എല്ലാ വൈദികരെയും, കുടുംബപ്രേഷിതത്വ ടീമംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| ജൂൺ 2 - 5 | - | ദ്വാരക പാസ്റ്ററൽ സെന്റർ |
| ജൂൺ 26 - 29 | - | ദ്വാരക പാസ്റ്ററൽ സെന്റർ |
| ജൂലൈ 22 - 26 | - | ദ്വാരക പാസ്റ്ററൽ സെന്റർ |

## സ്നേഹപൂർവ്വം മാത്യു അച്ചന്

രൂപതയിലെ കുടുംബ പ്രേഷിതത്വത്തിന് കഴിഞ്ഞ പത്ത് വർഷം നേതൃത്വം നൽകി പുതിയ പ്രവർത്തന മേഖലയിലേയ്ക്ക് മാറിയ പ്രസ്ഥാനത്തിന്റെ ഡയറക്ടർ മാത്യു മാടപ്പള്ളിക്കുന്നേലച്ചന് കുടുംബ പ്രേഷിതത്വം നന്ദി നിറഞ്ഞ മനസ്സോടെ യാത്രയയപ്പ് നൽകി. മെയ് 13 -ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ പ്രത്യേക മീറ്റിംഗ് ചേർന്നു. അസി. ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ടീമംഗങ്ങൾ അച്ചന്റെ പ്രവർത്തനങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും ആശംസകൾ നേരുകയും ചെയ്തു. പ്രസ്ഥാനത്തിന്റെ ഉപഹാരം പെരിയപ്പുറം ജോഷിയച്ചനും, ടീമംഗങ്ങളുടെ ഉപഹാരം എസ്തപ്പാൻ സാറും സമർപ്പിച്ചു. തുടർന്ന് മറുപടി പ്രസംഗത്തിൽ മാത്യു അച്ചൻ എല്ലാവരേയും നന്ദിയോടെ അനുസ്മരിച്ചു.

പിന്നിട്ട പത്തു വർഷങ്ങൾ ഓരോന്നും ദൈവപരിപാലനയുടെയും, വാത്സല്യത്തിന്റെയും, കരുതലിന്റെയും വർഷങ്ങളായിരുന്നുവെന്ന് ഞങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അച്ചന്റെ നേതൃത്വത്തിൽ പ്രസ്ഥാനത്തിനുണ്ടായ നേട്ടങ്ങളെ എല്ലാ അംഗങ്ങളും നന്ദിയോടെ ഓർക്കുന്നു. പ്രസ്ഥാനത്തിന്റെ പേരിലും, ടീമംഗങ്ങളുടെ പേരിലും, അച്ചന് സ്നേഹപൂർവ്വം നന്ദി അർപ്പിക്കുന്നു. പുതിയ പ്രവർത്തന മേഖലയിൽ എല്ലാവിധ വിജയാശംസകളും നേരുന്നു.

**സ്നേഹത്തോടെ ..... പ്രതീക്ഷയോടെ ..... സുസ്വാഗതം**

പ്രസ്ഥാനത്തിന് ആത്മീയ നേതൃത്വം നൽകുന്നതിന് ഡയറക്ടറായി കടന്നു വന്ന ബഹു. ഡെന്നീസ് കഴുതാടിയിലച്ചന് കുടുംബപ്രേഷിതത്വം, മാതൃസംഘടന, ഏകസ്ഥർ എന്നീ പ്രസ്ഥാനങ്ങളിലെ മുഴുവൻ അംഗങ്ങളുടെയും പിന്തുണയോടെ, പ്രാർത്ഥനയോടെ എല്ലാവിധ വിജയാശംസകളും നേരുന്നു.

## കത്തോലിക്കാ മാതൃസംഘടന

**ഹൃദയപൂർവ്വം നന്ദി**

കഴിഞ്ഞ 10 വർഷം മാതൃസംഘടനയുടെ രൂപതാ ഡയറക്ടർ സ്ഥാനമലങ്കരിച്ചുകൊണ്ട് അമ്മമാരുടെ ആത്മീയവും കലാസാംസ്കാരികപരവുമായ ഉന്നമനത്തിനായി ആത്മാർത്ഥമായ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചന് ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസയും ജീവിത വിജയങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു.

മാതൃസംഘടനയുടെ പുതിയ സാരഥിയായി സ്ഥാനമേറ്റെടുത്ത ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചന് പ്രവർത്തന വിജയങ്ങൾ ആശംസിക്കുന്നു.

**രൂപതാ എക്സിക്യൂട്ടീവ്**

മാനന്തവാടി രൂപതാ കത്തോലിക്കാ മാതൃസംഘടനയുടെ 24-ാമത് വാർഷികവും 2009 വർഷത്തിലെ ജനറൽ ബോഡിയും സംയുക്തമായി ദ്വാരക യു.പി. സ്കൂൾ ഹാളിൽ വച്ച് ഏപ്രിൽ 25 ശനിയാഴ്ച നടത്തപ്പെട്ടു. ദ്വാരക വി. അൽഫോൻസാ ദേവാലയത്തിൽ വച്ച് ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ കാർമ്മികത്വത്തിൽ വി. ബലി അർപ്പണത്തോടെ വാർഷിക സമ്മേളനത്തിന് തുടക്കം കുറിച്ചു. വൈ. പ്രസിഡണ്ട് ശ്രീമതി റീന ജോസിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ജോ. ഡയറക്ടർ റവ. ഫാ. ജോഷി പെരിയപ്പുറം സ്വാഗതം

ആശംസിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും; സെക്രട്ടറിക്കുവേണ്ടി ഡോക്ടർ വത്സല സ്കറിയ 2008 ലെ പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ശ്രീമതി മോളി കരിമ്പനാക്കുഴി വരവ് ചിലവ് കണക്കും അവതരിപ്പിച്ചു.

സിൽവർ ജൂബിലി ആഘോഷിക്കുന്ന ബഹു. മാത്യു അച്ചനെയും, സുവർണ്ണജൂബിലി ആഘോഷിക്കുന്ന ആനിമേറ്റർ സി. സബീന SABS നെയും പൊന്നാട അണിയിച്ച് ആദരിക്കുകയും പയ്യമ്പള്ളി മേഖലാ സംഘാംഗങ്ങൾ മംഗളഗാനം ആലപിക്കുകയും ചെയ്തു. തുടർന്ന് ശ്രീ. തോമസ് ഏറണാട്ട് സാർ ക്ലാസ്സെടുത്ത് അമ്മമാരെ ബോധവൽക്കരിച്ചു. ക്ലാസ്സെടുത്ത തോമസ് സാറിന് ശ്രീമതി ആനിയും, പങ്കെടുത്തവർക്ക് രൂപതാ ആനിമേറ്റർ സി. സബീനയും കൃതജ്ഞത അർപ്പിച്ചു. വാർഷികത്തിന്റെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും. അടുത്ത എക്സിക്യൂട്ടീവ് ജൂൺ 9 ന് 10 മണിക്ക്.

## പയ്യമ്പള്ളി മേഖല

18 – 4– 09 ന് ഒണ്ടയങ്ങാടി സെന്റ് മാർട്ടിൻ നഗർ ദേവാലയത്തിൽ വച്ച് നടത്തിയ മേഖലാ സെമിനാർ ആനിമേറ്റർ സി. റ്റിൻസിയുടെ സ്വാഗതത്തോടെ ആരംഭിച്ചു. 65 ഓളം അംഗങ്ങൾ പങ്കെടുത്തു. ജപമാല സമർപ്പണത്തിന് ശേഷം ബഹു. അഗസ്റ്റിൻ പുത്തൻപുരയ്ക്കലച്ചൻ ദിവ്യബലി അർപ്പിക്കുകയും "പങ്കുവയ്ക്കുന്ന അമ്മ" എന്ന വിഷയത്തിൽ ക്ലാസ് നയിക്കുകയും ചെയ്തു. പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന ബഹു. അഗസ്റ്റിനച്ചന് മേഖലാ ഡയറക്ടർ ബഹു. തോമസ് ഒറ്റപ്ലാക്കലച്ചൻ, പ്രസിഡണ്ട് ശ്രീമതി. മോളി മണിമല, ശ്രീമതി. ഫിലോ എന്നിവർ ആശംസകളർപ്പിച്ചു. ദൈവവചന പഠനഭാഗമായി ബൈബിൾ ക്വിസ് നടത്തി. ഫിലോ ചേലയ്ക്കലിന്റെ നന്ദി പ്രകാശനത്തോടെ സെമിനാർ സമാപിച്ചു.

## മരിയൻ സിംഗിൾസ്

28 – 4 – 09 ന് ഏകസ്ഥരുടെ മീറ്റിംഗ് നടത്തി. 12 ഓളം ഏകസ്ഥർ പങ്കെടുത്തു.

ഡയറക്ടർ സ്ഥാനത്ത് നിന്നും മാറുന്ന മാത്യു അച്ചന് നന്ദിയോടെ അംഗങ്ങൾ യാത്രയയപ്പ് നൽകി.

അടുത്ത മീറ്റിംഗ് മെയ് 28 ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

മെയ് 15-20 വരെ സിയോൻ ശുശ്രൂഷകർക്കായി പ്രശസ്ത ധ്യാന ഗുരുവായ ബഹു. പോൾ അടമ്പുകുളം അച്ചനും ടീം അംഗങ്ങളും ചേർന്ന് നടത്തിയ ധ്യാനം വലിയ അനുഗ്രഹമായി. 129 ശുശ്രൂഷകർ ധ്യാനത്തിൽ പങ്കെടുത്തു. പ്രബോധന രീതിയിലുള്ള ബഹു. പോളച്ചന്റെ ധ്യാനം വചന പഠനങ്ങളിലൂടെ, വി. കുർബാനയിലൂടെ, ആരാധനയിലൂടെ ഹൃദയത്തിന്റെ ആഴങ്ങളെ സ്പർശിച്ച് ഒരു പുതു ജന്മം നൽകുകയായിരുന്നു. ബ. അച്ചൻ രചിച്ച "പുതു ജന്മം" എന്ന പുസ്തകം ആധാരമാക്കി നടത്തിയ ധ്യാനം ടീം അംഗങ്ങൾക്ക് ഒരു പ്രത്യേക അനുഭവമായിരുന്നു.

**സിയോൻ ജൂൺ മാസത്തിൽ**

| | | | |
|---|---|---|---|
| ജൂൺ | 5 | - | ആദ്യവെള്ളി സോണൽ മീറ്റിംഗ് |
| ,, | 6 | - | ഏകദിന കൺവെൻഷൻ |
| ,, | 13 | - | ജീസസ് യൂത്ത് കൺവെൻഷൻ |
| ,, | 13 | - | ദമ്പതി കൂട്ടായ്മ |
| ,, | 13 | - | കൗൺസിലിംഗ് ദിനം |
| ,, | 19 | - | രോഗസൗഖ്യദിനം |
| ,, | ,, | - | മദ്ധ്യസ്ഥ പ്രാർത്ഥനാദിനം |

**നന്ദിയുടെ ഒരു വാക്ക്**

സിയോന്റെ മ്യൂസിക്ക് ടീമിൽ സജ്ജീവമായി ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന - സി. സുനിത S.K.D (3 വർഷം), സി. മേരി നിഷ S.K.D (3 വർഷം), സി. ദീപ്തി F.C.C (2 വർഷം), സി. ആൻ മേരി S.H (1 വർഷം) എന്നിവർ സിയോൻ ശുശ്രൂഷ കഴിഞ്ഞ് ട്രാൻസ്ഫർ ആയി മറ്റ് കോൺവെന്റുകളിലേക്കു പോകുകയാണ്. ഈ അവസരത്തിൽ നിങ്ങൾക്ക് ഓരോരുത്തർക്കും ഹൃദ്യമായ നന്ദി. സിയോൻ ധ്യാനകേന്ദ്രത്തിൽ മാത്രമല്ല, എല്ലാ ധ്യാനങ്ങൾക്കും, ഇടവക ധ്യാനങ്ങൾക്കും മറ്റ് എല്ലാ പ്രാർത്ഥനാ ശുശ്രൂഷകൾക്കും, അതുകൂടാതെ തിരുനാൾ കുർബാ

നകൾക്കും, രൂപതയുടെ പൊതുവായ ആഘോഷങ്ങൾക്കും ഗാന ശുശ്രൂഷയ്ക്കും നേതൃത്വം നൽകിയവർ ഇവരാണ്, പ്രിയപ്പെട്ട ഈ സഹോദരിമാരുടെ ഗാനശുശ്രൂഷ അനേകരെ ദൈവാനുഭവത്തിലേയ്ക്ക് നയിച്ചിട്ടുണ്ട്. ഗാന ശുശ്രൂഷ മാത്രമല്ല, അൾത്താര ശുശ്രുഷയും, അതുപോലെ അൾത്താര മനോഹരമായി അലങ്കരിക്കുവാനുമുള്ള ഇവരുടെ കഴിവ് സ്തുത്യർഹമാണ്. ട്രാൻസ്ഫർ ആയി പോകുന്ന ഈ അവസരത്തിൽ പ്രിയപ്പെട്ട സി. സുനിത, സി. മേരി നിഷ, സി. ദീപ്തി, സി.ആൻ മേരി നിങ്ങൾക്ക് സിയോൻ ശുശ്രൂഷകർ മുഴുവൻ പേരുടെ പേരിലും, ബഹു. ഡയറക്ടർ അച്ചന്റെ പേരിലും, രൂപതയുടെ പേരിലും നന്ദിയുടെയും, സ്നേഹത്തിന്റെയും നറുമലരുകൾ അർപ്പിക്കുന്നു. അതുപോലെ തന്നെ ഇവരെ സിയോൻ ശുശ്രൂഷയ്ക്കായി പറഞ്ഞയച്ച ബഹു. മദർമാർക്കും, ഇവരുടെ കോൺഗ്രിഗേഷനും നന്ദി അർപ്പിക്കുന്നു. തുടർന്നുള്ള ശുശ്രൂഷാ ജീവിതത്തിൽ എല്ലാ നന്മയും ഭാവുകാശംസകളും, പ്രാർത്ഥനകളും, ദൈവാനുഗ്രഹങ്ങളും ഹൃദ്യമായി നേരുന്നു.

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# പാസ്റ്ററൽ സെന്റർ

### നിറമനസ്സോടെ കൂപ്പുകൈകളോടെ മാത്യു അച്ചന്

ഒരായിരം നന്ദി! ആശംസകൾ! രൂപതാ അജപാലന ശുശ്രൂഷകളുടെ കേന്ദ്രമായ പാസ്റ്ററൽ സെന്ററിനെ ഒരു ദശാബ്ദക്കാലം സ്തുത്യർഹമായി സേവിച്ച് ദീപ്തിഗിരി ഇടവകയിലേയ്ക്ക് അജപാലകനായി പുറപ്പെടുന്ന മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചന് ഹൃദയപൂർവ്വം കൃതജ്ഞതാമലരുകൾ.

ഈശോയെ അവിടുത്തെ സ്നേഹതീഷ്ണതയെ രൂപത മുഴുവനുമുള്ള ഇടവകകളിൽ, കുടുംബങ്ങളിൽ..... എത്തിക്കാൻ പത്തുവർഷം അത്യദ്ധ്വാനം ചെയ്ത മാത്യു അച്ചൻ; പാസ്റ്ററൽ സെന്ററിൽ, ദ്വാരക കുന്നിൽ, മാനന്തവാടി രൂപത മുഴുവൻ പ്രഭ വിതറുന്ന പുണ്യ വഴിയാണ്; പാസ്റ്ററൽ സെന്ററിന്റെ നന്ദി പ്രാർത്ഥനയായി ഉയരുമ്പോൾ; ദീപ്തിഗിരിയുടെ ഇടയന്, അങ്ങയുടെ പ്രവർത്തനങ്ങൾക്ക് സ്നേഹത്തികവ്, കൃപാനിറവ്, സമൃദ്ധമായി കൈവരട്ടെ എന്ന് പ്രത്യാശിക്കുന്നു, വിജയാശംസകൾ പ്രാർത്ഥനകൾ!

**പാസ്റ്ററൽ സെന്റർ കുടുംബാംഗങ്ങൾ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെഷ്യൻ സഹോദരങ്ങളേ,

സ്കൂൾ വർഷാരംഭത്തിൽ കോൺഫ്രൻസുകൾ സജീവമായി രംഗത്ത് വന്ന് നിർദ്ധന വിദ്യാർത്ഥികൾക്ക് ആവശ്യമായ യൂണീഫോം, ബാഗ്, കുട, പുസ്തകങ്ങൾ എന്നിവ നൽകി സഹായിക്കുന്നതിനും വിദ്യാജ്യോതി സ്കീം പ്രകാരം എടുത്തിട്ടുള്ള ദത്തു വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കണമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. നമ്മുടെ പ്രവർത്തനങ്ങളിൽ പാലിക്കേണ്ട മനോഭാവം എന്തായിരിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. വി. വിൻസെന്റ് ഡിപോളിന്റെ ഈ വചനങ്ങൾ നമ്മുടെ ഓർമ്മയിലുണ്ടായിരിക്കണം. "നമ്മുടെ യജമാനന്മാരെ ശുശ്രൂഷിക്കുക എന്നത് തികച്ചും ശരിയാണ്. പാവങ്ങൾ നമ്മുടെ യജമാനന്മാരാണ്".

**ഓസ്സാനാം ഭവൻ ശുശ്രൂഷ**

ജൂൺ മാസത്തിൽ തോണിച്ചാൽ, വാഴവറ്റ എ. സി. കളിലെ കോൺഫ്രൻസുകളും ജൂലൈ മാസത്തിൽ ബത്തേരി, ചുണ്ടക്കര എ. സി. കളിലെ കോൺഫ്രൻസുകളുമാണ് യഥാക്രമം സന്ദർശനം നടത്തേണ്ടത്.

**സ്കോളർഷിപ്പ്**

ഈ വർഷം TTS വിഭാഗത്തിൽ സ്കോളർഷിപ്പ് ലഭിച്ചവരും കഴിഞ്ഞ തവണ രണ്ടാം ഗഡു ലഭിച്ചവരും ജൂലൈ മാസം ആദ്യവാരത്തിൽ തന്നെ പുതുക്കൽ അപേക്ഷ നൽകേണ്ടതാണ്. എ. സി പ്രസിഡന്റുമാർ വശം പഠനം തുടരുന്നുവെന്നതിനുള്ള സർട്ടിഫിക്കറ്റും ജൂൺ മാസത്തെ സി. സി. മീറ്റിംഗിൽ തന്നയയ്ക്കുന്ന പ്രോഗ്രസ് റിപ്പോർട്ടുകളുടെ ഫോറവും ഒപ്പിടുവിച്ച് ജൂലൈ മാസം 15 നു മുമ്പ് സി. സി ഓഫീസിൽ തരേണ്ടതാണ്.

**സി.സി. മീറ്റിംഗ്**

അടുത്ത സി.സി. യോഗം ജൂൺ 13 -ാം തീയതി (രണ്ടാം ശനിയാഴ്ച) 10 മണിക്ക് ദ്വാരക ഓഫീസിൽ ചേരുന്നതാണ്. രസീതുകൾ തരാനുള്ളവർ കൊണ്ടുവരേണ്ടതാണ്. സസ്നേഹം,

**ബ്ര. കെ. ജി. ജസ്റ്റിൻ** (സി.സി. പ്രസിഡണ്ട്)



# ജയിൽ മിനിസ്ട്രി

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളുടെ ഏപ്രിൽ മാസത്തെ ജയിൽ സന്ദർശനം 19 – ാം തീയതിയായിരുന്നു. പോരൂർ S.H covent - ൽ നിന്നും ബഹു. സി. ജയിനിന്റെ നേതൃത്വത്തിലെത്തിയ സന്യാസാർത്ഥിനികൾ വിവിധ കലാപരിപാടികളിലൂടെ ഈസ്റ്റർ സന്തോഷം തടവറ മക്കളുമായി പങ്കുവെച്ചു. ഇനിയൊരിക്കലും ഈ സ്ഥിതിയിൽ വരാൻ ആഗ്രഹിക്കുന്നില്ലെന്ന അവരുടെ തുറന്ന മനസ്സിന്റെ പ്രകടനം തടവറയിലെ ഏകാന്തതയുടെ ഒരു സ്ഫുലിംഗമായി അനുഭവപ്പെട്ടു. ഈസ്റ്റർ മധുര പലഹാരങ്ങൾ നൽകി ബഹു. സിസ്റ്റേഴ്സ് ജയിലിന്റെ പടിയിറങ്ങുകയും ചെയ്തു.

ജീസസ് ഫ്രട്ടേണിറ്റിയുടെ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുകയും, സമയവും സാഹചര്യങ്ങളും കണ്ടെത്തി ജയിൽ സന്ദർശനത്തിന് എത്തുകയും ചെയ്തിരുന്ന ബഹു. സി. അനീഷ SD സ്ഥലം മാറിപ്പോയിരിക്കുന്നു. ചെയ്ത സേവനങ്ങൾക്ക് അനീഷ സിസ്റ്ററിന് ജീസസ് ഫ്രട്ടേണിറ്റിയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു. പുതിയ സ്ഥലത്ത് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളുടെ മെയ് മാസത്തെ ജയിൽ സന്ദർശനം 17–ാം തീയതി ആയിരുന്നു. കെ.സി.വൈ.എം. കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നുംവന്ന കെ.സി. വൈ.എം. അംഗങ്ങൾ നടത്തിയ വിവിധ കലാപരിപാടികൾ ജയിലിലെ സഹോദരങ്ങൾക്ക് ആത്മീയ ഉണർവ്വ് നൽകുവാൻ ഉതകുന്നതായിരുന്നു. ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളുടെ തടവറ സന്ദർശനം അൽപ്പനേരത്തേക്കെങ്കിലും തങ്ങളുടെ ദു:ഖങ്ങളും അസ്വസ്ഥതകളും മാറ്റിവയ്ക്കുന്നതിനും ആശ്വാസം നേടുന്നതിനുമുള്ള അവസരം ഒരുക്കുന്നതായി ജയിൽ സഹോദരങ്ങൾ പങ്കുവയ്ക്കുകയുണ്ടായി. കെ.സി.വൈ. എം. രൂപതാ കോ-ഓഡിനേറ്റർ ജെസ്സോയി മൂങ്ങനാനിയോടൊപ്പം പ്രിൻസ്, ജിജു, ഡിന്റോ എന്നിവർ നേതൃത്വം നൽകി.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**സന്യസ്ത പഠന ശിബിരം**

മാനന്തവാടി രൂപതയിലെ സന്യാസഭവനങ്ങളിലെ പ്രതിനിധികൾക്കായി ഏപ്രിൽ 21, 22 തീയതികളിൽ മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ വെച്ച് ദ്വിദിന ലഹരി വിരുദ്ധ പഠന ശിബിരം സംഘടിപ്പിച്ചു. FCC പ്രൊവിൻഷ്യൽ സി. അനിത FCC പഠന ശിബിരം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ മുഖ്യ പ്രഭാഷണം നടത്തി. സി. മാരിബെല്ല SABS, സി. ജോവിറ്റ FCC എന്നിവർ ആശംസകൾ അറിയിച്ചു.

ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ജോൺസൺ തൊഴുത്തുങ്കൽ, ഡോ. വി. ജെ. സെബാസ്റ്റ്യൻ, സി. ജോവിറ്റ FCC എന്നിവർ ക്ലാസ്സുകൾ നയിച്ചു.

മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് മൂലയിൽ ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി. പാവന പാസ്റ്ററൽ സെന്റർ ഡയറക്ടർ സമാപന സന്ദേശം നൽകി.

പൊതു ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

- എല്ലാ ഇടവകയിലും മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് ഉണ്ടാക്കുക.
- സന്യസ്തരുടെ നേതൃത്വത്തിൽ മദ്യപാനികളുടെ ഭവനങ്ങൾ നിരന്തരം സന്ദർശനം നടത്തുക.
- മദ്യത്തിന്റെ പിടിയിലകപ്പെട്ടവർക്കായി നിരന്തരം പ്രാർത്ഥിക്കുക.
- മദ്യവിമോചന ധ്യാനങ്ങൾ, ചികിത്സാ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് മദ്യപാന രോഗികളെ പറഞ്ഞയയ്ക്കുക.

ശ്രീ. ടോമി നെടുംകൊമ്പിൽ, ബേബി പേടപ്പാട്ട്, വി. സി. രാജു എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**രൂപതാ കൺവെൻഷൻ**

മാനന്തവാടി രൂപത മദ്യവിരുദ്ധ ഏകദിന കൺവെൻഷൻ മെയ് 21-ന് വ്യാഴാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ മാനന്തവാടി ന്യൂമാൻസ് കോളേജിൽ നടക്കും.

**അഭിനന്ദിച്ചു**

കെ. സി. ബി. സി. മദ്യവിരുദ്ധ സമിതിയുടെ മികച്ച മദ്യവിരുദ്ധ പ്രവർത്തകനുള്ള അംഗീകാരം ലഭിച്ച സമിതിയുടെ രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കലിന് മെയ് 1 ന് ദ്വാരകയിൽ നടന്ന രൂപതാ ദിനത്തിലെ പൊതു സമ്മേളനത്തിൽ വെച്ച് ആദരിച്ചു. അഭിവന്ദ്യ ജോസ് പിതാവ് ഷാൾ അണിയിച്ചു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്



# ക്രിസ്റ്റീൻ വാർത്തകൾ

ഏപ്രിൽ 6, 7, 8 തീയതികളിൽ വെള്ളൂന്നി ഇടവകയിലും ഏപ്രിൽ 23 മുതൽ 26 വരെ ദ്വാരക പാസ്റ്ററൽ സെന്ററിലും ക്രിസ്റ്റീൻ രൂപത ടീമിന്റെ നേതൃത്വത്തിൽ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി. മെയ് 3, 4, 5 തീയതികളിൽ പനഞ്ചിറ ഇടവകയിലും, 9, 10, 11 തീയതികളിൽ പനവല്ലി ഇടവകയിലെ കുട്ടികൾക്കായി കാട്ടിക്കുളം ജയമാതാ ആശ്രമത്തിൽ വച്ചും 12, 13, 14 തീയതികളിൽ മുള്ളൻകൊല്ലി ഇടവകയിലും, 17, 18, 19 തീയതികളിൽ വിമലഗിരി ഇടവകയിലും ക്രിസ്റ്റീൻ ധ്യാനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ധ്യാനങ്ങൾക്ക് രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, റവ.ഫാ. സോണി വടയാപറമ്പിൽ, സിയോൻ ഡയറക്ടർ റവ.ഫാ. ബാബു പാറയിൽ, റവ.ഫാ. പ്രിൻസ് തുമ്പിയാംകുഴി, റവ.ഫാ. ജോബി മുക്കാട്ട്കാവുങ്കൽ തുടങ്ങിയവർ നേതൃത്വം നൽകി. ക്രിസ്റ്റീൻ രൂപതാ ടീം അംഗങ്ങളായി സി. മേരി നിഷ S.K.D., സി. മരിയ C.M.C., സി. ആൻമേരി S.H., സി. ജെസ്മേരി S.A.B.S., വിനോദ് മാങ്കൂട്ടം, അനീഷ് ഉപ്പുവീട്ടിൽ, ജെർലിറ്റ്, അമിഷ, ഷീന, നിധീഷ്, ലിബിൻ, ജോബി, ജോസ് തുടങ്ങിയവർ നേതൃത്വം നൽകി. പാസ്റ്ററൽ സെന്ററിൽ വച്ചുനടന്ന ഒന്നാംബാച്ച് ധ്യാനത്തിന് 156 കുട്ടികൾ പങ്കെടുത്തു. മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ. ജോസ് പൊരുന്നേടം, വികാരി ജനറാൾ റവ. മോൺ. ജോർജ് മൂലയിൽ തുടങ്ങിയവർ സന്ദേശം നൽകി.

സ്നേഹത്തോടെ,

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
**ഫാ. സോണി വടയാപറമ്പിൽ**

# സാമൂഹ്യ സേവനരംഗം (WSSS)

## സംഘടനാ പ്രവർത്തനങ്ങൾ

### ബാലവേദി കുട്ടികളുടെ പരിശീലനം

സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ രൂപീകരിച്ചിട്ടുള്ള ബാലവേദികളിൽ പ്രവർത്തിക്കുന്ന കുട്ടികൾക്കുവേണ്ടി ഏപ്രിൽ 17, 18 തീയതികളിൽ ബോയ്സ്ടൗണിലുള്ള WSSS ട്രെയിനിംഗ്സെന്ററിൽ വച്ച് ദ്വിദിന പരിശീലനം നൽകി. വിവിധ ബാലവേദികളിൽ നിന്ന് തെരഞ്ഞെടുത്ത കുട്ടികൾക്കുവേണ്ടിയായിരുന്നു പ്രസ്തുത പരിശീലനം. കുട്ടികളുടെ വ്യക്തിത്വ, നേതൃത്വ വികസനം, ആശയവിനിമയശേഷി ഇവ പരിപോഷിപ്പിക്കുന്നതിനു സഹായകരമായ പരിശീലനമാണ് നൽകിയത്. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ജോൺസൺ വടക്കേകര, ശ്രീ. ജോസ് പള്ളത്ത് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 60 കുട്ടികൾ പരിശീലനത്തിൽ പങ്കെടുത്തു.

### സോഷ്യൽ വെൽഫയർ സൊസൈറ്റി - ഭരണസമിതി അംഗങ്ങൾക്കുള്ള ഏകദിന പരിശീലനം

സോഷ്യൽ വെൽഫയർ സൊസൈറ്റി ഭരണസമിതി അംഗങ്ങൾക്കുവേണ്ടി ഏപ്രിൽ 22 – ാം തീയതി മാനന്തവാടി, ഏപ്രിൽ 23–ാം തീയതി കല്പ്പറ്റ, ഏപ്രിൽ 24 –ാം തീയതി പുൽപ്പള്ളി, മെയ് 2 –ാം തീയതി കല്ലോടി മേഖലകളിൽ മേഖലാടിസ്ഥാനത്തിൽ ഏകദിന പരിശീലനം നൽകി. കല്പറ്റ മേഖലാ പരിശീലനം റവ. ഫാ. ജെയിംസ് കുന്നത്തേട്ടും, പുൽപ്പള്ളി മേഖലാ പരിശീലനം റവ. ഫാ. മത്തായി പള്ളിച്ചാംകുടിയും ഉദ്ഘാടനം ചെയ്തു. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ദർശന ദൗത്യങ്ങളെക്കുറിച്ചും ഇപ്പോൾ

നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റത്തെക്കുറിച്ചും പ്രാദേശിക അടിത്തറ വിപുലപ്പെടുത്തേണ്ടതിനെക്കുറിച്ചും സവിസ്തരം പ്രതിപാദിച്ചു.

**വാർഷികാഘോഷം**

**ചുങ്കക്കുന്ന് SWS**

ചുങ്കക്കുന്ന് സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ 4 -ാം മത് വാർഷികം, കുടുംബസംഗമത്തോടൊപ്പം വൃദ്ധരെ ആദരിക്കുന്ന ചടങ്ങോടുകൂടി സമുചിതമായി ആഘോഷിച്ചു. വാർഷികാഘോഷവും കുടുംബസംഗമവും WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്തു. വൃദ്ധരെ ആദരിക്കുന്ന ചടങ്ങ് കൊട്ടിയൂർ മേഖലാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് പറമ്പിൽ നിർവ്വഹിച്ചു. SWS ഡയറക്ടർ റവ. ഫാ. തോമസ് ചേറ്റാനി സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. WSSS പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം മുഖ്യപ്രഭാഷണം നടത്തി. കേളകം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ജോയി, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി. ചിന്നമ്മ, മേഖലാ കോർഡിനേറ്റർ ശ്രീ. സിജോ, SWS പ്രസിഡന്റ് തോമസ് മഞ്ചുവള്ളി, സെക്രട്ടറി ജയ്മോൻ കൊച്ചറയ്ക്കൽ എന്നിവർ ആശംസകളർപ്പിച്ചു. സ്നേഹവിരുന്നോടെ വാർഷികാഘോഷം സമാപിച്ചു.

**പാൽച്ചുരം SWS**

പാൽച്ചുരം സോഷ്യൽവെൽഫയർ സൊസൈറ്റിയുടെ 20 -ാം വാർഷികം ഏപ്രിൽ 22 ന് വിവിധ പരിപാടികളോടെ ആഘോഷിച്ചു. സാംസ്കാരിക സമ്മേളനത്തിൽ WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സിസിലി ആമക്കാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. WSSS പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം മുഖ്യ പ്രഭാഷണം നടത്തി. കൊട്ടിയൂർ മേഖലാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് പറമ്പിൽ, ജനറൽ കോർഡിനേറ്റർ കെ. ഒ. ജോയി എന്നിവർ ആശംസകളർപ്പിച്ചു. വിവിധ കലാകായിക മത്സരങ്ങളിൽ വിജയിച്ചവർക്ക് SWS മുൻ ഡയറക്ടർ റവ. ഫാ. ജോസ് ആക്കാട്ടുകുടി സമ്മാനം വിതരണം ചെയ്തു. SWS സെക്രട്ടറി ആഗസ്തി പയ്യംമ്പിള്ളികുന്നേൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. റവ. ഫാ. തോമസ് കളപ്പുരയിൽ സ്വാഗതവും ശ്രീമതി.

അച്ചാമ്മ വടക്കേൽ നന്ദിയും രേഖപ്പെടുത്തി. സാംസ്കാരിക സമ്മേളനത്തിനുശേഷം SWS അംഗങ്ങളുടെ വിവിധ കലാപരിപാടികൾ ആഘോഷത്തിന് മികവ് നൽകി.

## ഫാം വയനാട് പ്രോജക്ട്

ഫാം വയനാട് പ്രോജക്ടിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ സുഗമമായി നടന്നു വരുന്നു. സാന്ത്വനസൗഹൃദം, കർഷക ഭവന സന്ദർശനം, വിവിധ സ്ഥാപനങ്ങളുമായിട്ടുള്ള ബന്ധം മെച്ചപ്പെടുത്തൽ പ്രോജക്ടിന്റെ ലക്ഷ്യ പ്രാപ്തിക്കുവേണ്ട വിവിധ പ്രവർത്തനങ്ങൾ, സെമിനാറുകൾ, കൗൺസിലിംഗുകൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തിയത്.

മൂന്ന് പഞ്ചായത്തുകളിലായി 39 സാന്ത്വന സൗഹൃദങ്ങളാണ് നടത്തിയത്. 83 കർഷക ഭവനങ്ങൾ സന്ദർശിക്കുകയും ജൈവകൃഷിയെ കുറിച്ച് അറിവ് പകർന്നതിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷി ചെയ്യുവാൻ താൽപര്യം പ്രകടിപ്പിച്ച 21 കർഷകരെ തെരഞ്ഞെടുക്കുകയും ചെയ്തു. വരുമാന വർദ്ധക പരിപാടി നൽകിയിട്ടുള്ള 41 ഭവനങ്ങൾ സന്ദർശിക്കുകയും വിലയിരുത്തുകയും ചെയ്തു. എല്ലാ സംരംഭങ്ങളും നന്നായി നടക്കുന്നു.

മൂന്നു പഞ്ചായത്തുകളിലുമായി 8 കോളനികൾ സന്ദർശിക്കുകയും അവരുടെ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുകയും ചെയ്തു. മാനന്തവാടി പഞ്ചായത്തിൽ "ആരോഗ്യ ബോധവൽക്കരണവും മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും" എന്ന വിഷയത്തിലും "ഭക്ഷ്യ സുരക്ഷയും കാലാവസ്ഥ വ്യതിയാനവും" എന്ന വിഷയത്തിലും സെമിനാർ നടത്തി. പടിഞ്ഞാറത്തറ പഞ്ചായത്തിൽ ട്രൈബൽ ക്ലസ്റ്ററിൽ "ഔഷധ സസ്യപരിപാലനവും ഔഷധ കൂട്ടുനിർമ്മാണവും" എന്ന വിഷയത്തിലും സെമിനാർ നടത്തി. 2008 – 09 വർഷത്തെ ഗ്രാമസഭാ പങ്കാളിത്തത്തെക്കുറിച്ച് അവലോകനം നടത്തി.

## നബാർഡ് നീർത്തട വികസന പദ്ധതി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന നീർത്തട വികസന പദ്ധതികൾ കാര്യക്ഷമമായി പുരോഗമിക്കുന്നു. ഗ്രാമപഞ്ചായത്തിലെ അയനിവയൽ, പൊർളോം, മട്ടിലയം, നെല്ലേരി പ്രദേശങ്ങളിലായി നടപ്പിലാക്കി വരുന്ന നീർത്തട പദ്ധതികൾ

ബഹുജന പങ്കാളിത്തംകൊണ്ട് ഇതിനോടകം ശ്രദ്ധേയമായി. കയ്യാല നിർമ്മാണം, നീർക്കുഴി നിർമ്മാണം എന്നീ വികസന പരിപാടികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. മഴ ലഭിക്കുന്ന മുറയ്ക്ക് വരുന്ന 3 മാസത്തിനുള്ളിൽ മുഴുവൻ പ്രവർത്തനങ്ങളും പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## വിലയിരുത്തൽ യോഗം

തൊണ്ടനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന നീർത്തട വികസന പരിപാടികൾ അവലോകനം ചെയ്യുന്നതിന് തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ യോഗം ചേർന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. പി. മൊയ്തീൻ, വൈസ്പ്രസിഡന്റ് പി. അപ്പു മാസ്റ്റർ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്മാർ, പഞ്ചായത്ത് അംഗങ്ങൾ, നബാർഡിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ, നീർത്തട കമ്മറ്റി അംഗങ്ങൾ, WSSS പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## പദ്ധതി വിശദീകരണ യോഗങ്ങൾ

നീർത്തട വികസന പദ്ധതിയെക്കുറിച്ച് വിശദീകരണം നൽകുന്നതിന് നെല്ലേരി, പൊർളോം, അയനിവയൽ നീർത്തടങ്ങളിൽ പദ്ധതി വിശദീകരണ യോഗങ്ങൾ നടത്തി. WSSS പ്രോഗ്രാം കോർഡിനേറ്റർ ജോസ് എള്ളുമന്ദം, കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ ബൈജു ഐസക്, ശ്രീകല, വാർഡ് മെമ്പർമാർ, കമ്മറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## ജൈവ കാർഷിക രംഗം

## WSSS ഓർഗാനിക് ഫെയർട്രേഡ് ഫാർമേഴ്സ് അസോസിയേഷൻ (WOFFA)

ചെറുകിട കർഷക കൂട്ടായ്മകളിൽ നിന്നും ഉല്പാദന ചെലവിന് ആനുപാതികമായി മുൻകൂട്ടി  നിശ്ചയിച്ച വില നൽകി ശേഖരിക്കുന്ന ഉല്പന്നങ്ങൾ ഫെയർ ട്രേഡ് ഷോപ്പുകളും, കൗണ്ടറുകളും വഴി ഉപഭോക്താക്കളിൽ എത്തിക്കുന്ന സംവിധാനമാണ് ഫെയർ ട്രേഡ്. ഉല്പന്നങ്ങൾ പരമാവധി ചൂഷണരഹിതമായിരിക്കണമെന്ന് ആഗ്രഹിക്കുന്ന ഉപഭോക്താക്കളാണ് ഫെയർ ട്രേഡ് ഉല്പ്പന്നങ്ങൾ വാങ്ങുന്നത്. WSSS ന്റെ നേതൃത്വത്തിൽ ജനാധിപത്യ രീതിയിൽ തിരഞ്ഞെടുത്തിട്ടുള്ള കർഷക പ്രതിനിധികളെ ഉൾപ്പെടുത്തി രൂപപ്പെടുത്തിയ സംഘടനയാണ് WSSS ഓർഗാനിക് ഫെയർ ട്രേഡ് ഫാർമേഴ്സ് അസോസി

യേഷൻ. WOFFA (വോഫാ) എന്ന ചുരുക്ക പേരിൽ ചാരിറ്റബിൾ സൊസൈറ്റി നിയമ പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. WSSS ന്റെ ജൈവ കാർഷിക സർട്ടിഫിക്കേഷൻ പദ്ധതിയിൽ അംഗങ്ങളായ കർഷകർക്കും മറ്റേതെങ്കിലും അംഗീകൃത ജൈവ സർട്ടിഫിക്കേഷൻ പദ്ധതിയിലുള്ള ചെറുകിട കർഷകർക്കും ഇതിൽ അംഗത്വം നൽകി വരുന്നു.

വോഫാ സംഘടനയുടെ പ്രഥമ ജനറൽ ബോഡിയോഗം ഏപ്രിൽ 21 -ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുകയുണ്ടായി. ജനറൽ ബോഡിയോഗത്തിൽ വോഫാ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. വോഫാ സെക്രട്ടറി സണ്ണി മൂലക്കര റിപ്പോർട്ട് അവതരിപ്പിച്ചു. ഫെയർ ട്രേഡ് മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്ന വിഷയത്തിൽ ഫളോ ഇന്റർനാഷണിൽ നിന്നും ശ്രീ. രാജു ഗണപതി ബാംഗ്ലൂർ ക്ലാസ് നയിച്ചു. ചർച്ചകൾക്ക് ശ്രീ. മാർട്ടിൻ. കെ. എൽ നേതൃത്വം നൽകി. വോഫാ വൈസ് ചെയർമാൻ ശ്രീ ചാക്കോ ചെറുപ്ലാവിൽ നന്ദി രേഖപ്പെടുത്തി.

## റെയ്ൻ ഫോറസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ

വയനാടൻ കർഷകരുടെ പ്രധാന ഉൽപ്പന്നമായ കാപ്പിയുടെ വിപണന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി അന്തർദേശീയ സുസ്തിര കൃഷിയുടെ മാനദണ്ഡങ്ങളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുവാൻ നടപ്പിലാക്കുന്ന പദ്ധതിയാണ് റെയ്ൻ ഫോറസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ. WSSS ഉം ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന NKG Jamthi Coffee (P) Ltd എന്ന സ്ഥാപനവും സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. റെയ്ൻ ഫോറസ്റ്റ് അലയൻസ് സർട്ടിഫിക്കേഷനു കീഴിൽ വരുന്ന കർഷകർക്ക് അവരുടെ കാപ്പിക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതാണ്.

പദ്ധതിയുടെ തുടക്കം എന്ന നിലയിൽ WSSS ന്റെ കീഴിൽ ജൈവ കൃഷി ചെയ്യുന്ന 10 വില്ലേജുകളിൽ നിന്ന് 582 കർഷകരെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 1296.47 ഏക്കർ സ്ഥലമാണ് നിലവിൽ ഈ പദ്ധതിയുടെ കീഴിലുള്ളത്. WSSS ന്റെ കീഴിലുള്ള മുഴുവൻ ജൈവ കർഷകരേയും ഉൾപ്പെടുത്തി വരും വർഷങ്ങളിൽ ഈ പദ്ധതി വിപുലീകരിക്കുവാനാണ് WSSS ലക്ഷ്യമിടുന്നത്.

## ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

2009 ഏപ്രിൽ മാസത്തിൽ 13 ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 11 പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. കൊമ്മയാട്, കാരയ്ക്കാമല, അമരക്കുനി എന്നീ സ്ഥലങ്ങളിൽ പ്ലാന്റ് നിർമ്മാണ ജോലികൾ നടന്നു വരുന്നു. 2008 – 09 സാമ്പത്തിക വർഷത്തെ അവസാന മൂന്നു മാസങ്ങളിൽ കമ്മീഷൻ ചെയ്ത 46 പ്ലാന്റുകൾക്ക് സബ്സിഡി ലഭ്യമാക്കുന്നതിനുള്ള, ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സന്ദർശനവും പൂർത്തിയാക്കി.

## Save A Family Plan

### നിലമ്പൂർ മേഖലാതല മീറ്റിംഗ്

25 – 4– 09 ന് നിലമ്പൂർ മേഖലയിൽ Save A Family Plan പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്ന RB Sponsor ആയിരിക്കുന്ന സിസ്റ്റേഴ്സിന്റെ മീറ്റിംഗ് നടത്തി. പ്രസ്തുത മീറ്റിംഗ് ഫാ. ടോമി മംഗലത്തിൽ ഉദ്ഘാടനം ചെയ്തു. സി. ഷേർളി സ്വാഗതം ആശംസിച്ചു. സി. ലില്ലി മാത്യു, ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സിസ്റ്റേഴ്സ് ചെയ്യുന്ന സേവനങ്ങളെ നന്ദിയോടെ സ്മരിക്കുകയും വിജയകരമായ രീതിയിൽ ഈ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ ആവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുകയും ചെയ്തു.

### പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു

പുതിയതായി രൂപീകരിക്കപ്പെട്ട SWS യൂണിറ്റുകളിൽ നിന്നും പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. പുതുശ്ശേരിക്കടവ്, ജൂഡ്സ് മൗണ്ട്, വഞ്ഞോട്, കുറുമണി എന്നീ യൂണിറ്റുകളിലും ഗൂഡല്ലൂർ റീജിയണിൽ നിന്നുമായി ഗുണഭോക്ത്താക്കളെ തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. ഇതിനായി ബഹു. വികാരിയച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും SWS ഭാരവാഹികളുടെയും സഹായസഹകരണങ്ങളോടെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താമെന്ന് പ്രതീക്ഷിക്കുന്നു.

### ആദിവാസി വികസന പദ്ധതി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന ആദിവാസി വികസന പദ്ധതി പ്രകാരം ഭക്ഷ്യസമൃദ്ധിയും സുരക്ഷിത ഭക്ഷണവും ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

## വാഴ കൃഷി

എടവക ഗ്രാമപഞ്ചായത്തിലെ പുതുശ്ശേരിക്കുന്ന് കോളനിയിൽ ഉപയോഗശൂന്യമായ സ്ഥലം കോളനി അംഗങ്ങളുടെ നേതൃത്വത്തിൽ കൃഷിക്കുപയുക്തമാക്കുകയും പടുവാഴ കൃഷി ചെയ്യുകയും ചെയ്തു. കൃഷി പ്രവർത്തനങ്ങൾക്ക് WSSS ട്രൈബൽ ഡവലപ്മെന്റ് കോർഡിനേറ്റർ അനുജോൺ നേതൃത്വം നൽകി.

## ചേന കൃഷി

WSSS ന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ കോളനികളിലെ സംഘങ്ങൾ ചേനകൃഷി നടത്തി. 12 സംഘങ്ങളിലായി 1180 കിലോ ചേനയാണ് കൃഷി ചെയ്തിട്ടുള്ളത്.

## വിളവെടുപ്പുത്സവം

എടവക പഞ്ചായത്തിലെ കാരാംകോട്, 4 സെന്റ് കോളനികൾ കേന്ദ്രീകരിച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിയ വികസന പദ്ധതികൾ ഫലമണിയുന്നു. WSSS രൂപീകരിച്ച് ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങൾ കപ്പ കൃഷി ചെയ്താണ് മാതൃകയായത്. ഒരേക്കറിലധികം സ്ഥലം പാട്ടത്തിനെടുത്ത് 1200 ഓളം മൂട് കപ്പ WSSS ന്റെ സാമ്പത്തിക സഹായത്തോടെ കൃഷി ചെയ്തു. എല്ലാ പണികളും സംഘാംഗങ്ങൾ തന്നെയാണ് ചെയ്തത്. സ്വന്തമായി കൃഷി ചെയ്ത് വിളവെടുക്കാൻ മാത്രം തങ്ങൾ പ്രാപ്തരായി കഴിഞ്ഞെന്ന തിരിച്ചറിവിലാണ് അംഗങ്ങൾ. കപ്പ വിളവെടുപ്പുത്സവം കോളനി മുഴുവനും ആഘോഷിച്ചു. കോളനിയിലെ വെള്ളിമൂപ്പൻ വിളവെടുപ്പുത്സവം ഉദ്ഘാടനം ചെയ്തു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, പ്രോഗ്രാം, ഓഫീസർ ഒ. പി. അബ്രാഹം, ഗ്രാമ പഞ്ചായത്ത് മെമ്പർ ഉഷാ വിജയൻ എന്നിവർ സന്നിഹിതരായിരുന്നു. കോർഡിനേറ്റർമാരായ അനു ജോൺ, ജോസ് തൂമുള്ളിൽ, സി. ഇന്നസെന്റ്, ആനിമേറ്റർ വത്സാ തോമസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## നിയമ ബോധവത്ക്കരണ സെമിനാർ

ലീഗൽ എയ്ഡ് സെന്ററിന്റെ സഹായത്തോടെ കരുണശ്ശേരി, 4 സെന്റ്, നടവയൽ മാമട്ടംകുന്ന് എന്നീ കോളനികളിൽ ആദിവാസി സംരക്ഷണ നിയമത്തെക്കുറിച്ച് സെമിനാർ നടത്തി. അഡ്വ. എൽബി മാത്യു ക്ലാസുകൾക്ക് നേതൃത്വം നൽകി.

## IGSS സന്ദർശനം നേതൃത്വ പരിശീലനം

ആദിവാസി മേഖലയിലെ വികസന പ്രവർത്തനങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്ന ഇൻഡോ ഗ്ലോബൽ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഫീൽഡ് എക്സിക്യൂട്ടീവ് ശ്രീ. പി. ജെ. വർഗ്ഗീസ് കരുവണശ്ശേരി, കാരാംങ്കോട് കോളനികളും കൃഷി സ്ഥലങ്ങളും സന്ദർശിക്കുകയും കോളനിക്കാരുമായി വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് കോളനി ലീഡേഴ്സുമായി ആദിവാസി മേഖലയിൽ നടത്തിവരുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തു.

## ലീഗൽ എയ്ഡ് സെന്റർ

പുതിയിടം സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 4 -ാം തീയതി പുതിയിടം പാരീഷ് ഹാളിൽ വച്ച് നടത്തിയ ബോധവത്ക്കരണ സെമിനാറിൽ സ്ത്രീ സംരക്ഷണ നിയമത്തെക്കുറിച്ച് അഡ്വ. എൽബി മാത്യു ക്ലാസ് നയിച്ചു. SWS അംഗങ്ങളുടെ പൂർണ്ണ പങ്കാളിത്തമുണ്ടായിരുന്നു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ മാനന്തവാടി

# റേഡിയോ മാറ്റൊലി

**റേഡിയോ മാറ്റൊലി പ്രക്ഷേപണമാരംഭിച്ചു.**

ജൂൺ ഒന്നിന് റേഡിയോ മാറ്റൊലി (90.4 MHz) പ്രക്ഷേപണം ആരംഭിച്ചു. പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം അഭിവന്ദ്യ പിതാവ് വിദേശപര്യടനം കഴിഞ്ഞ് തിരിച്ചെത്തുന്ന ജൂലൈ 18-ന് ശേഷം സൗകര്യപ്രദമായ ഒരു ദിവസമായിരിക്കും. തുടക്കത്തിൽ രാവിലെ 6 മണി മുതൽ 8 മണി വരെയും വൈകുന്നേരം 7 മണി മുതൽ 9 മണി വരെയും ആയിരിക്കും പ്രക്ഷേപണമുണ്ടാവുക. പിന്നീട് സമയം വർദ്ധിപ്പിക്കാനാവും.

25 ഓളം സന്നദ്ധപ്രവർത്തകരുടെ ഒരു സംഘമാണ് കണ്ടന്റ് അഡ്വൈസറി കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇപ്പോൾ റേഡിയോ പരിപാടികൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. ഈ രംഗത്ത് പ്രവർത്തിക്കാൻ സന്മനസ്സും വൈദഗ്ദ്ധ്യവുമുള്ള ആർക്കും സന്നദ്ധപ്രവർത്തകരായി ഞങ്ങളോടൊപ്പം പങ്കുചേരാനാകും. കലാപരമായ കഴിവുകളുള്ളവർക്ക്, അത് സമൂഹനന്മയ്ക്കായി ഉപയോഗിക്കാൻ "മാറ്റൊലി" അവസരമൊരുക്കുന്നു. ഈ അവസരം പരമാവധി ഉപയോഗിക്കാൻ അവർ മുൻകൈ എടുക്കണം. നാടകം, പാട്ട്, മോണോ ആക്ട്, മിമിക്രി, കഥാപ്രസംഗം, ചിത്രീകരണം തുടങ്ങി ശബ്ദരൂപത്തിലുള്ള, ജനോപകാരപ്രദമായ ഏത് പരിപാടിയും അവതരിപ്പിക്കാൻ താല്പര്യമുള്ളവർക്ക് മാറ്റൊലിയിലേക്ക് സ്വാഗതം.

ദേശീയതലത്തിലും അന്താരാഷ്ട്ര തലത്തിലും അനുസ്മരിക്കപ്പെടുന്ന പ്രത്യേക ദിനങ്ങളിൽ (ഉദാ: മനുഷ്യാവകാശ ദിനം, പരിസ്ഥിതി ദിനം, വനിതാ ദിനം) പരിപാടികൾ തയ്യാറാക്കാൻ സന്നദ്ധതയുള്ളവരെ അന്വേഷിക്കുന്നുണ്ട്. അതുപോലെ തന്നെ എല്ലാദിവസവും പ്രഭാതത്തിൽ പ്രചോദനാത്മകമായ ഒരു ചിന്ത (3-4 മിനിറ്റ്) പ്രക്ഷേപണം

ചെയ്യാനുദ്ദേശിക്കുന്നുണ്ട്. ദിനാന്ത്യത്തിലും അത് ആവർത്തിക്കപ്പെടും. ഈ പരിപാടിയിലേക്ക് സഹകരിക്കാൻ തയ്യാറുള്ളവർ ദയവുചെയ്ത് ഓഫീസുമായി ബന്ധപ്പെടണം (04935-240066). മുൻകൂട്ടി അറിയിച്ചാൽ സ്റ്റുഡിയോയിൽ വെച്ച് തന്നെ പരിപാടി റെക്കോർഡ് ചെയ്യാനാവും.

പരമ്പരാഗതമായ റേഡിയോ സങ്കല്പങ്ങളിൽ നിന്നും വ്യത്യസ്ത മായ ഒന്നാണ് കമ്മ്യൂണിറ്റി റേഡിയോ. അതിനാൽ തന്നെ ഇതിലൂടെ അവതരിപ്പിക്കപ്പെടുന്ന പരിപാടികൾ വ്യത്യസ്തവും ജനോപകാരപ്രദ വുമായിരിക്കും. 90.4 ഫ്രീക്വൻസിയിലുള്ള മാറ്റൊലിയുടെ എഫ്.എം പ്രക്ഷേപണം സാധാരണ റേഡിയോകൾക്ക് പുറമേ മിക്കവാഹനങ്ങ ളിലും ചില മൊബൈൽ ഫോണുകളിലും ലഭ്യമാണ്. പ്രക്ഷേപണപ രിധിയിലുള്ള ജനങ്ങളെ റേഡിയോ മാറ്റൊലി ശ്രവിക്കാനും, പരിപാടി കൾ വിലയിരുത്താനും നിർദ്ദേശങ്ങൾ അറിയിക്കുവാനും പ്രോത്സാഹി പ്പിക്കുമല്ലോ.

വയനാട്ടിലെ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ആദ്യത്തെ ഓഡിയോ സ്റ്റുഡിയോയാണ് ഒരു മാസമായിട്ട് ദ്വാരകയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. കാസറ്റുകൾ, സി.ഡി.കൾ, സ്കൂൾ പരിപാടികൾ, അനൗൺസുമെന്റുകൾ തുടങ്ങി ശബ്ദലേഖനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കുമായി സ്റ്റുഡിയോ വാടകയ്ക്ക് നൽകുന്നുണ്ട്. ആവശ്യ മുള്ളവർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. മുൻകൂട്ടി ബുക്ക് ചെയ്യുന്നത് സൗകര്യമായിരിക്കും.

അടുത്ത പ്രാവശ്യം ദ്വാരക വഴി കടന്നുപോകുമ്പോൾ ഇവി ടേയ്ക്ക് പ്രത്യേകം ക്ഷണിക്കുന്നു; സ്വാഗതം ചെയ്യുന്നു.

സസ്നേഹം,

**ഫാ. തോമസ് ജോസഫ് തേരകം**

സ്റ്റേഷൻ ഡയറക്ടർ



# അറിയിപ്പുകൾ

**1) വൈദികർക്കായി ധ്യാനം**

പോട്ട ആശ്രമത്തിൽ വൈദികർക്ക് മാത്രമായി 2 ധ്യാനങ്ങൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തെ ധ്യാനം 2009 ജൂൺ 14-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 മണി മുതൽ 19 വെള്ളി രാവിലെ 11 മണി വരെയും രണ്ടാമത്തെ ധ്യാനം 2009 ഓഗസ്റ്റ് 2-ാം തീയതി ഞായർ വൈകുന്നേരം 6 മണി മുതൽ 7-ാം തീയതി വെള്ളിയാഴ്ച 11 മണി വരെയുമാണ് നടത്തപ്പെടുക. താല്പര്യമുള്ളവർ മുൻകൂർ ബുക്ക് ചെയ്യുക.

Contact for Registration:

Receptionist, Potta Ashram,
Potta P.O., - 680722,
Chalakkudy (Via) Thrissur Dt.
Ph: 0480 - 2709324, 0480-2708714
Cell: 9495603332, 9961441624

**2) എസ്. എച്ച്. ലീഗ് ബുക്ക് ഫെസ്റ്റ് 2009**

ജൂൺ 22 മുതൽ ജൂലൈ 11 വരെ. പ്രവർത്തന സമയം 9 a.m. മുതൽ 3.30 p.m. വരെ. സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി മംഗലപ്പുഴ, ആലുവ 683102, ഫോൺ: 0484-2606745, 2606746, ഫാക്സ്: 0484-2604729, ഇ-മെയിൽ : mshleague@gmail.com

വമ്പിച്ച ആദായവില്പന - 10% മുതൽ 50% വരെ റിഡക്ഷൻ.

- ഇന്ത്യയിലെ പ്രധാന ക്രൈസ്തവ പ്രസാധകരുടെ പുസ്തകങ്ങൾ.
- ലൈബ്രറികൾക്ക് പ്രത്യേക പരിഗണന

ക്രൈസ്തവ വിശ്വാസവും ധാർമ്മിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന പുസ്തകങ്ങളുടെ പ്രസാധനം വഴി കേരളീയ മനസ്സുകളിൽ സ്ഥാനം പിടിച്ച എസ്.എച്ച്. ലീഗിലേയ്ക്ക് ഏവർക്കും സ്വാഗതം.

### 3) 2009 – 10 ലെ വിശുദ്ധ നാടുകളിലേക്കുള്ള തീർത്ഥാടനം

1 . വിശ്വപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ ലൂർദ്ദ്, വത്തിക്കാൻ സിറ്റി, റോം, പാദുവ, വെനീസ്, പാരീസ് സിറ്റി (വി. വിൻസെന്റ് ഡി പോളിന്റെ തീർത്ഥാടന കേന്ദ്രം), ഇസ്രായേൽ, പാലസ്തീൻ, ജോർദ്ദാൻ തുടങ്ങിയ വി. നാടുകളിലേയ്ക്ക് 2009 ഒക്ടോബർ മാസത്തിലും.

2. വചനം മാംസമായ യേശുവിന്റെ പാദസ്പർശനമേറ്റ് പരിപാവനമായ ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത്, ജോർദ്ദാൻ തുടങ്ങിയ പുണ്യസ്ഥലങ്ങളിലേയ്ക്ക് 2010 ഏപ്രിൽ/മെയ് മാസങ്ങളിലുമായി രണ്ട് തീർത്ഥയാത്രകൾ ഒരുക്കിയിരിക്കുന്നു.

യേശുനാഥന്റെ രക്ഷാകര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പുണ്യസ്ഥലങ്ങളും സന്ദർശിക്കും. മാതാവിന് മംഗല വാർത്ത ലഭിച്ച സ്ഥലം, തിരുപ്പിറവിയുടെ ദേവാലയം, ഗത്സമിനി, കാൽവരി, കർത്താവിന്റെ കല്ലറ തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും തീർത്ഥാടന സംഘം വി. ബലിയർപ്പിക്കും. തികച്ചും പ്രാർത്ഥനാന്തരീക്ഷത്തിൽ വിശുദ്ധ വചനത്തിന്റെ ചുവടുപിടിച്ചുകൊണ്ട് തീർത്ഥാടക സംഘത്തെ നയിക്കുന്നത് ഏറെ മുൻപരിചയമുള്ള ഫാ. വിൻസെന്റ് പുതുശ്ശേരിയായിരിക്കും. ഇംഗ്ലീഷ്, മലയാളം, കന്നട, തമിഴ് എന്നീ ഭാഷകളിൽ പുണ്യഭൂമിയുടെ ചരിത്ര പശ്ചാത്തലം വിശദീകരിക്കുന്നു. തീർത്ഥാടനത്തിന്റെ വീഡിയോ കവറേജ് തീർത്ഥാടനത്തിന്റെ പച്ചപിടിച്ച ഓർമ്മ നിലനിർത്താൻ ഉപകരിക്കും. വൈദികരും, സന്യസ്തരും, അൽമായരുമടങ്ങുന്ന സംഘത്തിന്റെ തീർത്ഥാടനം ഒരു ആത്മീയ യാത്രയുടെ അനുഭൂതി പകരും. തീർത്ഥാടന സംഘത്തിൽ ചേരുവാൻ താൽപര്യമുള്ളവർ ഉടൻ ബന്ധപ്പെടുക.

Fr. Vincent Pudussery
St. Joseph's Church
Rippon P. O., Wayanad - 673 577
Kerala
Ph: 04936 280757, 09388431601 (M)
Email : vincentpudussery@gmail.com



# Programme

## PASTORAL CENTRE, DWARAKA

### *June - 2009*

| | | |
|---|---|---|
| *2T - 5F* | - | *Marriage Preparation Course* |
| *5F* | - | *Zion CRC : Night Vigil* |
| *6S* | - | *Zion CRC : Prayer Day* |
| | | *Christeen Prayer Day* |
| *9T* | - | *CMA Executive Meeting* |
| *12F* | - | *Eve CML Team meeting* |
| *13S* | - | *CML Roopatha Council* |
| | | *Jesus Youth : Prayer Day,* |
| | | *Directors Meeting* |
| *13S - 14S* | - | *Catechism : Teachers Training* IV |
| *19F - 21S* | - | *Catechism : Teachers Training* V |
| *26F - 29M* | - | *Marriage Preparation Course* |

**Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## *2009 June - July*

*July 19 Sun ............ Back from Abroad*

*20 Mon 21 Tue Engaged*

*22 Wed ............ Visitors' day*

*23 Thu ............. Engaged*

*24 Fri ............. Out of Station*

*25 Sat ............. Valad : Blessing of Convent of Nirmaladasi Sisters*

*26 Sun ............. Pulpally : Holy Mass*

*27 Mon 28 Tue Priests' Living Together (First Batch)*

*29 Wed ............ Priests' Conference*

*30 Thu 31 Fri Priests' Living Together (Second Batch)*